KOTTAYAM PUBLIC LIBRARY

Call No. M07 Acc. No. 52574

Author [illegible]

Title [illegible]

15519

DISTRIBUTING LIBRARY,
N...........
KOTTAYAM.

KOTTAYAM PUBLIC LIBRARY
KOTTAYAM.

~~15019~~

# ഐ. എൻ. എ.യും ഞാനും

DISTRIBUTING LIBRARY.
KOTTAYAM.



(Malayalam)

# I. N. A.yum Gnanum

Memoirs

**By Lt. NELLIKKA ACHUTHAN**

Translated by

RAGHAVAN VENGAD

First Published March 1969

PRINTED AT MASCOT PRESS, CALICUT

Price Rs. 5.00

Rights Reserved

Published by the Author

Distributors:

NATIONAL BOOK STALL

KOTTAYAM - TRIVANDRUM - ERNAKULAM - TRICHUR

PALGHAT - CANNANORE - QUILON - KOZHIKODE

# ഐ. എൻ. എ.യും ഞാനും

15819
15819
KOTTAYAM PUBLIC LIBRARY KOTTAYAM.
82574

ലഫ്ററനൻറ് നെല്ലിക്ക അച്യുതൻ

വിവർത്തനം

രാഘവൻ വേങ്ങാട്

DISTRIBUTING LIBRARY, KOTTAYAM.
No.......

വിതരണം

## നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 5.00

1—500

# സമർപ്പണം

## എൻെറ ഭാര്യയുടെ അമ്മയ്ക്ക്

എൻെറ ഭാര്യയുടെ അമ്മ ശ്രീമതി പി. ലക്ഷ്മി അമ്മയാണു്, ഈ പുസ്തകമെഴുതാൻ എനിക്കു് പ്രചോ



എൻെറ ഭാര്യയുടെ അമ്മ ശ്രീമതി പി. ലക്ഷ്മീഅമ്മ ......

ദനം നൽകിയതു്. 1947-നോടടുത്തായിരുന്നു അതു്. മററു ജോലിത്തിരക്കു കാരണം, എഴുതിത്തുടങ്ങാൻ വൈകി. അവരുടെ ചരമത്തിന്നു ശേഷമേ, ഇതു് ആരംഭിക്കാൻ കഴിഞ്ഞുള്ളു.

പരേതാത്മാവിൻെറ പാവനസ്മരണക്കു മുമ്പിൽ ഞാൻ ഈ കൊച്ചുപുസ്തകം ക്ഷമാപണപൂർവ്വം സമർപ്പിക്കുന്നു.

നെല്ലിക്ക അച്യുതൻ



ഗ്രന്ഥകർത്താവ്

ഐ. എൻ. എ. യിൽ ചേരുന്നതിനു മുമ്പ്

DISTRIBUTING LIBRARY,
N...
KOTTAYAM.

## വായനക്കാരോട്

ഇതു് ഐ. എൻ. എ.യുടെ ചരിത്രമല്ല. ആ സംഘടനയുമായി, ഞാൻ നേരിട്ട ബന്ധപ്പെട്ട ചരിത്രത്തിൻെറ ഒരു ഭാഗം മാത്രമാണു്.

ഐ. എൻ. എ. യെപ്പററി ധാരാളം പുസ്തകങ്ങരം എഴതപ്പെട്ടിട്ടുണ്ടു്. അവയൊന്നും സമ്പൂൎണ്ണമല്ല. അതിൻെറ പൂൎണ്ണചരിത്രരചന, ചരിത്രകാരന്മാർ നിവ്വഹിക്കട്ടെ. ഐ. എൻ. എ. യുടെ ആരംഭം മുതൽ അവസാനംവരെ, ഞാൻ അതിൽ ഉണ്ടായിരുന്നു. നിൎഭാഗ്യമെന്നു പറയട്ടെ, ഏതോ ഒരു യുദ്ധരംഗത്തുവെച്ചു്, എൻെറ യുദ്ധഡയറി നഷ്ടപ്പെട്ടുപോയി. ഈ പുസ്തകത്തിൽ പറയുന്ന കാര്യങ്ങരം,ഇരുപത്തിരണ്ടു് വഷ്ങ്ങരംക്കു ശേഷം, എൻെറ ഓമ്മയിൽ നിന്നും എടുത്തെഴുതുന്നവയാണു്. എന്തെങ്കിലും തെററു് സംഭവിച്ചുപോയിട്ടുണ്ടെങ്കിൽ — വിശിഷ്യ, തിയ്യതികളുടെ കാര്യത്തിൽ — ഞാൻ മാത്രമാണു് ഉത്തരവാദി. അതിന്നു് ഞാൻ മാപ്പപേക്ഷിക്കുന്നു.

ഞാൻ " I.N.A. and I " എന്ന ശീഷ്കത്തിൽ ഇംഗ്ലീഷിൽ എഴുതിയ പുസ്തകത്തിൻെറ മലയാള

പരിഭാഷയാണിത്. ഈ തർജ്ജിമ ചെയ്തുതന്നത് ശ്രീ. രാഘവൻ, വേങ്ങാട് അവർകളാണു്. ലളിതവും സുന്ദരവുമായ ഭാഷയിൽ ഇത് നിർവ്വഹിച്ച ആ യുവസാഹിത്യകാരനോട് എനിക്കുള്ള അളവററ കൃതജ്ഞത ഞാൻ ഈ അവസരത്തിൽ രേഖപ്പെടുത്തട്ടെ.

ഈ പുസ്തകം പരിഭാഷപ്പെടുത്തുന്നതിൽ വിലപ്പെട്ട മററു സഹായങ്ങൾ ചെയ്തുതന്ന രണ്ടു് സഹൃദയന്മാർ കൂടിയുണ്ടു്. ഒരാൾ കൂത്തുപറമ്പ് ഹൈസ്കൂളിലെ ഹിന്ദി അദ്ധ്യാപകനായ ശ്രീ. പി. സി. രാഘവൻ നമ്പ്യാരും മറേറയാൾ എൻെറ സുഹൃത്ത് ശ്രീ. എൻ. ജി. രാഘവനുമാണു്. അവക്കും എൻെറ അവാച്യമായ നന്ദി.

ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന്നു വേണ്ട എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തുതന്ന ശ്രീ. എസ്സ്. കെ. പൊററെക്കാട്ട് അവർകളോടും, അച്ചടി ഭംഗിയായി നിർവ്വഹിച്ചുതന്ന മേസ്സോട്ട് പ്രസ്സ് ഭാരവാഹികളോടും എൻെറ നന്ദി രേഖപ്പെടുത്തേണ്ടതുണ്ടു്.

ഭാരിച്ച ജോലിത്തിരക്കുകൾക്കിടയിൽ ഈ പുസ്തകം സദയം വായിച്ചുനോക്കി സമുചിതമായ ഒരു അവതാരിക എഴുതിത്തന്ന ശ്രീ. കെ. പി. എസ്സ്. മേനോനോട് എനിക്കുള്ള അകംനിറഞ്ഞ കൃതജ്ഞത രേഖപ്പെടുത്താൻ വാക്കുകളില്ല. ആ സ്നേഹത്തിന്നും, സന്മനസ്സിന്നും ഞാൻ എന്നും കടപ്പെട്ടവനാണു്.

നെല്ലിക്ക അച്യുതൻ

# അവതാരിക

ഒരു അമേരിക്കൻ പത്രപ്രവൎത്തകനായ ഗിൽമോറിനേയും അദ്ദേഹത്തിൻെറ സുന്ദരിയും നൎത്തകിയുമായ ഭാര്യ തമാരയേയും, ഞാൻ മോസ്ക്കോവിൽ വെച്ച് പരിചയപ്പെടുകയുണ്ടായി. ഗിൽമോർ, അമേരിക്കയിൽ തിരിച്ചെത്തിയതിന്നു ശേഷം, ഒരു പുസ്തകമെഴുതി. പ്രഥമപുരുഷശബ്ദം പ്രഥമസ്ഥാനത്തു് ചേൎത്ത പേരാണു് ആ പുസ്തകത്തിന്നിട്ടതു്: ''ഞാനും റഷ്യക്കാരിയായ എൻെറ ഭാര്യയും.'' പ്രഥമപുരുഷവചനം, ഉചിതസ്ഥാനത്തു 'ഉപയോഗിച്ചു'കൊണ്ടു് വിനയസൂചനയുള്ള തലക്കെട്ടിൽ, നെല്ലിക്ക അച്യുതൻ തൻെറ പുസ്തകം രചിച്ചിരിക്കുന്നു: ''ഐ. എൻ. എ. യും ഞാനും.''

ആററ്ലി വിനയമുള്ള വ്യക്തിയാണെന്നു്, ആരോ ചൎച്ചിലിനോടു് പറഞ്ഞപ്പോൾ പുഛസ്വരത്തിൽ അദ്ദേഹം ഇങ്ങനെയാണു് മറുപടി പറഞ്ഞതു്: '' 'വിനയം' കൊള്ളാനുള്ള ധാരാളം കാര്യങ്ങൾ ആററ്ലിക്കുണ്ടു്.'' അച്യുതനെപ്പററി ആരും അങ്ങനെ പറയില്ല. അഭിമാനംകൊള്ളാനുള്ള ധാരാളം

പ്രവൃത്തികഠം അദ്ദേഹം ചെയ്തിട്ടുണ്ട്. ഐ.എൻ.എ. യിലെ അദ്ദേഹത്തിൻെറ പ്രവൎത്തനചരിത്രം തികച്ചും ധീരോചിതമത്രെ. എന്നിട്ടും, വിനയം ഉഠംക്കൊള്ളാനും, അനാവശ്യമായ വളച്ചുകെട്ടില്ലാതെ തൻെറ അനുഭവ കഥ അവതരിപ്പിക്കാനും, അദ്ദേഹത്തിന്നു കഴിഞ്ഞിട്ടുണ്ട്.

ഐ. എൻ. എ.യുടെ ഐതിഹാസിക കഥയിലേക്ക് — പ്രത്യേകിച്ചു നേതാജിയുടെ അത്യാകൎഷകമായ വ്യക്തിത്വത്തിലേക്ക് — ഈ പുസ്തകം വിശദമായ വെളിച്ചം വീശുന്നുണ്ട്. മനുഷ്യരെ അതിമാനുഷരാക്കി മാററാൻ പോന്ന വ്യക്തിമഹത്വം നേതാജിക്കുണ്ടായിരുന്നു. യുദ്ധം സിങ്കപ്പൂരിലേക്കു വ്യാപിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ, അച്യുതൻ സമ്പന്നനായ ബിസിനസ്സുകാരൻെറ നിലയിൽ, സുഖജീവിതം ആസ്വദിച്ചുകൊണ്ട് താമസിക്കുകയായിരുന്നു. അപ്പോഴാണ് നേതാജിയുടെ ആഹ്വാനം ഉയൎന്നതു്. ''നിരാഡംബരതയും വിയർപ്പും പട്ടിണിയും പാടും ഒടുവിൽ മരണവും'' മാത്രമായിരുന്നു നേതാജി വാഗ്ദാനം ചെയ്തതു്. എന്നിട്ടുപോലും ആ ആഹ്വാനം തള്ളിക്കളയാൻ, മററു നൂറുകണക്കിനു് ആളുകളെപ്പോലെ, അച്യുതനും സാദ്ധ്യമായില്ല. അത് അത്രയേറെ ശക്തമായിരുന്നു. ആ ആഹ്വാനം പിന്തുടൎന്നുകൊണ്ട്, അക്ഷരാൎത്ഥത്തിൽത്തന്നെ, അച്യുതൻ മരണത്തിൻെറ തുറന്ന വായിൽ ചെന്നെത്തി വേദന നിറഞ്ഞ ഒട്ടേറെ ദിവസങ്ങഠം കഴിച്ചുകൂട്ടിയശേഷം, അദ്ദേഹം തലനാരിഴയുടെ വ്യത്യാസത്തിൽ മാത്രം മരണത്തിൽ നിന്നും രക്ഷപ്പെട്ടു.

ജപ്പാന്റെ അധീനതയിൽ നിന്ന് ആയിടെ മാത്രം വിമുക്തമായ ഷാങ്ങ്ഹായും അടുത്ത പ്രദേശങ്ങളും, ചൈനയിലെ ആദ്യത്തെ ഇന്ത്യൻ അമ്പാസിഡറെന്ന നിലക്ക് ഞാൻ സന്ദർശിച്ച അവസരത്തിൽ, നേതാജിയുടെ വശ്യശക്തിയേറിയ വ്യക്തിസത്തയെപ്പററി എനിക്ക് ഊഹിച്ചറിയാനിടയായി. നേതാജിയെ ആളുകൾ എങ്ങനെയൊക്കെ ആരാധിച്ചിരുന്നുവെന്നും, അദ്ദേഹം നമ്മുടെ നാട്ടിലെ ജനഹൃദയങ്ങളിൽ പകന്ന ആവേശം എത്ര അദമ്യമായിരുന്നുവെന്നും ഞാൻ സന്ദർശിച്ച സ്ഥലങ്ങളിലെ ഇന്ത്യൻവംശജരുമായി ഇടപഴകിയപ്പോൾ, എനിക്ക് ബോധ്യപ്പെട്ടു.

അച്യുതന്റെ ആരാധനാമൂർത്തി നേതാജിയാണെന്ന് വ്യക്തമത്രെ. തായ്‌വാനിൽവെച്ചുണ്ടായ ദുരന്തപൂർണ്ണമായ വിമാനാപകടത്തിൽപ്പെട്ട് നേതാജി മരിച്ചില്ലായിരുന്നു എങ്കിൽ — അതൊരപകടമായിരുന്നുവോ എന്ന കാര്യത്തിൽ അച്യുതന്ന് സംശയമുണ്ട് — നേതാജി ഇന്ത്യയിലെ രാഷ്ട്രീയരംഗത്തു് നേതൃസ്ഥാനത്ത് ഉണ്ടാകുമായിരുന്നുവെന്നും പാക്കിസ്ഥാൻ രൂപീകരണം സംഭവിക്കില്ലായിരുന്നുവെന്നും അച്യുതന്ന് അഭിപ്രായമുണ്ട്. ബ്രിട്ടീഷ്‌കാരുടെ ഭരണകാലത്തും അവരുടെ ദുഷ്പ്രേരണയാലും സംഭവിച്ച വിലക്ഷണമായ പ്രവണതകളുടെ അനന്തരഫലങ്ങളെ, ഒററ വ്യക്തിക്ക് — അയാൾ, നേതാജിയെപ്പോലെ ഉന്നതനായാൽത്തന്നെ — തടയാനാവുമായിരുന്നോ എന്നത് തക്കവിഷയമാണ്. എങ്കിലും മഹാ

പ്രഭവാനായ ഒരു നേതാവിന്റെ കീഴിൽ സ്വാതന്ത്ര്യാന്വേഷണത്തിനായി സംഘടിച്ച ഒരുകൂട്ടം ആളുകൾക്ക്, വളരെ ചുരുങ്ങിയ കാലയളവിൽ എന്തെല്ലാം നേടാനാവുമോ, അതെല്ലാം നേതാജിയും ഐ. എൻ. എ.യും സാധിച്ചിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ആ വീരപുരുഷസംഘത്തിൽ ഒരംഗമായിരുന്ന നെല്ലിക്ക അച്യുതന്നു് അമൂല്യമായ പങ്കാളിത്തമുള്ള ഇന്ത്യാചരിത്രത്തിലെ സ്മരണീയ: സംഭവത്തിന്റെ ഈ സരളവും നിറംപിടിപ്പിക്കാത്തതുമായ യഥാർത്ഥ കഥ, പൊതുജനം സ്വാഗതംചെയ്യുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു.

—കെ. പി. എസ്. മേനോൻ.

DISTRIBUTING LIBRARY.
N. ....
KOTTAYAM.

"സഖാക്കളേ, എൻെറ സൈനികരേ,
'ചലോ ദില്ലി! ചലോ ദില്ലി!'
എന്നതായിരിക്കട്ടെ നിങ്ങളുടെ സമര
മുദ്രാവാക്യം. ഈ സ്വാതന്ത്ര്യയുദ്ധം
അവസാനിക്കുമ്പോഴേക്കും നമ്മിൽ
എത്രപേർ ജീവനോടെ ശേഷിച്ചിരി
ക്കുമെന്നു് എനിക്കു് പറയാനാവില്ല.
എന്നാൽ ഒരു കാര്യം തീർത്തുപറയാം.
അന്തിമവിജയം നമ്മുടേതാണു്.
മരണമടയാതെ ശേഷിക്കുന്ന സമര
ധീരന്മാർ, ബ്രിട്ടീഷ് സാമ്രാജ്യത്വ
ത്തിൻെറ മറെറാരു ശ്മശാനഭൂമിയിൽ
—പുരാതന ദില്ലിയിലെ ചെങ്കോട്ട
യിൽ—വിജയഘോഷയാത്ര നിർവ്വ
ഹിക്കുംവരേ നമ്മുടെ കർമ്മപരിപാടി
അവസാനിക്കില്ല."

— നേതാജി

"അടിമയായി ജീവിക്കുന്നതു് ഒരു മനുഷ്യൻെറ ഏററവും വലിയ ശാപമാണെന്നു് നാം വിസ്മരിക്കാതിരിക്കുക. അനീതിയോടും തിന്മയോടും വിട്ടുവീഴ്ചചെയ്യുന്നതു് ഏററവും കടുത്ത അപരാധമാണെന്നും നാം ഓർക്കണം. നിങ്ങൾക്കു് ജീവൻ വേണമെങ്കിൽ ആ ജീവൻ ബലിനൽകാനും തയ്യാറാവണമെന്ന ശാശ്വതനിയമം ഓർക്കുക. എന്തു വില കൊടുത്തും അന്യായത്തെ എതിർക്കുന്നതു് ഏററവും വലിയ ധാർമ്മികകൃത്യമാണെന്നും മറക്കരുതു്."

— നേതാജി

"എന്റെ വീര സേനാനികളേ,

വിയർപ്പും, വിശപ്പും, ദാഹവും മരണവുമല്ലാതെ മറെറാന്നും നിങ്ങൾക്ക് ഞാൻ വാഗ്ദാനം ചെയ്യുന്നില്ല. ഐ. എൻ. എ. അതിന്റെ ത്യാഗങ്ങൾക്ക് എന്നിൽനിന്നോ സ്വാതന്ത്ര്യേന്ത്യയിൽനിന്നോ യാതൊരു പ്രതിഫലവും പ്രതീക്ഷിക്കരുത്. അടിമഭാരതത്തിലെ ഗവർണ്ണരാവുന്നതിലും നല്ലത് സ്വാതന്ത്ര്യഭാരതത്തിലെ തൂപ്പുകാരനാവുന്നതത്രെ."

— നേതാജി

"പൂർണ്ണമായി വിടർന്ന പനിനീർപൂവിൻെറ
പരിമളം നിങ്ങൾക്ക് ആസ്വദിക്കണമോ?
എങ്കിൽ,
നിശ്ചയമായും നിങ്ങളതിൻെറ
മുള്ളുകളേല്ലാനും ഒരുങ്ങണം.

പ്രഭാമയമായ പ്രഭാതത്തിൻെറ പ്രകാശം
നിങ്ങൾക്ക് അനുഭവിക്കണമോ?
എങ്കിൽ,
നിങ്ങൾ നിശയുടെ ഇരുണ്ട യാമങ്ങളിലൂടെ
കടന്നുപോരണം.

നിങ്ങൾക്ക് വിമുക്തിയുടെ ആഹ്ലാദവും
സ്വാതന്ത്ര്യത്തിൻെറ സമാശ്വാസവും
അറിയണമോ?
എങ്കിൽ,
നിങ്ങൾ അതിന്നുള്ള വില നൽകണം.

സ്വാതന്ത്ര്യത്തിന്നു് കൊടുക്കേണ്ട വില
യാതനയും ത്യാഗവുമത്രെ".

— നേതാജി

15019

"ഇന്നു് നമുക്ക് ഒരേയൊരു അഭിലാഷ
മേയുള്ളു. ഭാരതം ജീവിക്കുന്നതിന്നു്
നമ്മുടെ ജീവൻ ത്യജിക്കാനുള്ള അഭി
ലാഷം—സ്വാതന്ത്ര്യത്തിലേക്കുള്ള വഴി
ത്താര രക്തസാക്ഷിയുടെ ജീവരക്തം
കൊണ്ടു് മെഴുകാനായി അത്തരമൊരു
രക്തസാക്ഷിയുടെ മരണത്തെ അഭിമു
ഖീകരിക്കാനുള്ള അഭിലാഷം. സുഹൃ
ത്തുക്കളേ, എല്ലാററിന്നും മീതെ, ഞാൻ
നിങ്ങളിൽനിന്നു് ഒരു കാര്യം ആവ
ശ്യപ്പെടുന്നു. നിങ്ങളുടെ രക്തം ഞാനാ
വശ്യപ്പെടുന്നു. ശത്രു ചൊരിഞ്ഞ
ചോരക്ക് പ്രതിക്രിയ ചെയ്യാൻ ചോര
കൊണ്ടുമാത്രമേ കഴിയൂ. എനിക്ക്
നിങ്ങൾ രക്തം തരിക. ഞാൻ നിങ്ങൾ
ക്ക് സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു."

— നേതാജി

## ഉള്ളടക്കം


| | | | |
|---|---|---|---|
| 1. | ഐ. എൻ. എ.യുടെ ഉത്ഭവം | .... | 1 |
| 2. | നേതാജിയുടെ ഒളിച്ചുപോക്കും സിങ്കപ്പൂരിലേക്കുള്ള വരവും | .... | 13 |
| 3. | നേതാജിയുമായി എൻെറ ആദ്യത്തെ കൂടിക്കാഴ്ച | .... | 17 |
| 4. | ഓഫീസർമാരുടെ പരിശീലന വിദ്യാലയം | .... | 20 |
| 5. | ബർമ്മയിലേക്കുള്ള മുന്നേററം | .... | 33 |
| 6. | യുദ്ധരംഗത്തു് | .... | 40 |
| 7. | വേദനാജനകമായ പിന്മാററം | .... | 55 |
| 8. | മരണത്തിൻെറ മുമ്പിൽ മുഖത്തോടു മുഖം | .... | 65 |
| 9. | മാതൃഭൂമിയുടെ മണ്ണിൽ | .... | 79 |
| 10. | നേതാജിയെപ്പററി അല്പംകൂടി | .... | 87 |
| 11. | അനിതാ ബോസ്സിൻെറ കൂടെ | .... | 107 |
| 12. | ജപ്പാൻകാരും അവരുടെ ചില പ്രത്യേകതകളും | .... | 110 |
| 13. | വിധിവൈപരീത്യങ്ങൾ | .... | 116 |
| 14. | അനുബന്ധം | .... | 121 |



ഗ്രന്ഥകർത്താവ്

ഐ. എൻ. എ. യൂനിഫോമിൽ

[illegible]

DISTRIBUTING LIBRARY,
N........
KOTTAYAM.

## ഐ. എൻ. എ.യുടെ ഉത്ഭവം

ഐ. എൻ. എ.യുടെ ചരിത്രത്തെപ്പററി എന്തെങ്കിലും എഴുതാൻ തുടങ്ങുന്നതിന്നു മുമ്പ്, അത് രൂപീകരിക്കപ്പെടാനിടയായ സാഹചര്യങ്ങളെപ്പററി സൂചിപ്പിക്കേണ്ടിയിരിക്കുന്നു.

ഇന്ത്യൻ നാഷനൽ ആർമി എന്നതിൻെറ ചുരുക്കപ്പേരും ഓമനപ്പേരുമാണ് ഐ. എൻ. എ. ആദരണീയനും ഊർജ്ജസ്വലനുമായ നമ്മുടെ നേതാവ്, നേതാജി സുഭാഷ് ചന്ദ്രബോസാണ് അതിൻെറ സ്ഥാപകൻ.

യൂറോപ്പിൽ, രണ്ടാം ലോകമഹായുദ്ധം കൊടുമ്പിരിക്കൊണ്ട കാലം; അച്ചുതണ്ടുശക്തികൾ, എല്ലാ സമരമുന്നണികളിലും ജയിച്ചുകയറുകയായിരുന്നു. ഇംഗ്ലണ്ടിന്നും സംഖ്യശക്തികൾക്കും തുടരെത്തുടരെ പരാജയം പററിക്കൊണ്ടിരുന്നു. ഈ സന്ദർഭത്തിൽ, ഏഷ്യയിലെ വൻശക്തിയായ ജപ്പാൻ, അവിടത്തെ പ്രധാനമന്ത്രി ജനറൽ ടോജോവിൻെറ നേതൃത്വ

ത്തിൽ ആ രാഷ്ട്രത്തിന്റെ ചരിത്രത്തിലെ ഏററവും വലിയ അബദ്ധം പ്രവത്തിച്ചു. യുദ്ധത്തിൽ, അച്ചു തണ്ടുശക്തികൾതന്നെ തുടൎന്നും ജയിക്കുകയാണെങ്കിൽ, ജപ്പാന്നു് യുദ്ധലാഭവിഹിതം ലഭിക്കാനിടയില്ലെന്നു് ജനറൽ ടോജോ തെററായി കണക്കുകൂട്ടി. ഈ ഉദ്ദേശ്യത്തോടെ, ടോജോ, ബ്രിട്ടന്റെയും അമേരിക്കയുടെയും, നേരെ, 1940 ഡിസമ്പർ 8-ാം തിയ്യതി അദ്ധരാത്രി യുദ്ധം പ്രഖ്യാപിച്ചു. യുദ്ധപ്രഖ്യാപനത്തിന്നു ശേഷം ഏതാനും നിമിഷങ്ങൾക്കകം, പേൾ ഹാർബർ, ഹോങ്കോങ്ങു്, സിങ്കപ്പൂർ, ഇന്ത്യയിലെ ചില സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഒരേ സമയത്ത് ജപ്പാൻ ബോമ്പേറു് നടത്തി. വളരെ തന്ത്രപൂൎവ്വമായാണു് ജപ്പാൻ ഈ യുദ്ധത്തിൽ ഏൎപ്പെട്ടതെന്നു് സമ്മതിക്കണം. ശത്രുക്കളെ അമ്പരപ്പിക്കുമാറു്, ജപ്പാൻ തങ്ങളുടെ വിമാനവാഹിനികളെ, ശത്രുരാജ്യങ്ങളുടെ വളരെ അരികിലായി നിശ്ചിതസ്ഥാനങ്ങളിൽ, മുൻകൂട്ടിത്തന്നെ കൊണ്ടുപോയി നിൎത്തിയിരുന്നു.

ബോമ്പർ വിമാനങ്ങളുടെ ആക്രമണഫലമായി പേൾഹാർബർ തകൎന്നു. സിങ്കപ്പൂരിന്നും ഹോങ്കോങ്ങിന്നും കനത്ത നാശം പററി. ഇന്ത്യക്കു് നിസ്സാരമായ കെടുതി മാത്രമെ സംഭവിച്ചുള്ളു. സാധാരണ ജനങ്ങളുടെ ഇടയിൽ ഭയാശങ്കകൾ സൃഷ്ടിക്കാനും അവരുടെ മനോവീൎയ്യം കെടുത്താനും മാത്രമാണു്, ബോമ്പേറുകൊണ്ടു് ജപ്പാൻ പ്രധാനമായും ഉദ്ദേശി

ച്ചതു്. ഇന്ത്യയിലെ ബോമ്പേറുകൊണ്ടും അവർ മററു ഫലമൊന്നും പ്രതീക്ഷിച്ചിരുന്നില്ല.

സിങ്കപ്പൂരും മലയയുമായിരുന്നു, ദൂരപൗരസ്ത്യ ദേശത്തെ പ്രധാന യുദ്ധരംഗങ്ങൾ. മഹത്തായ ഐ. എൻ. എ. പ്രസ്ഥാനവുമായി ഞാൻ ബന്ധപ്പെട്ടതും ഇവിടെ വെച്ചായിരുന്നു.

അന്നെനിക്കു് ഇരുപത്തേഴു് വയസ്സുണ്ടു്. ബിസിനസ്സുവഴി ഞാൻ ധാരാളം പണം സമ്പാദിച്ചു വരികയായിരുന്നു.

ജപ്പാൻെറ ആക്രമണോത്സുകമായ യുദ്ധം, മിന്നൽ പോലെ പടർന്നുപിടിച്ചു് മുന്നേറി. മലയാ അർദ്ധദ്വീപിൻെറ വടക്കുഭാഗത്തു് ജപ്പാൻ ചെന്നിറങ്ങി. ഒരിക്കലും ഒരു ചുററുപാടിലും ജപ്പാൻകാർക്കു് അവിടെ ഇറങ്ങാൻ ആവില്ലെന്നായിരുന്നു ബ്രിട്ടീഷുകാരുടെ ധാരണ. അവരെ അമ്പരപ്പിച്ചുകൊണ്ടു്, അസാദ്ധ്യമെന്നു് കരുതപ്പെട്ട ആ കൃത്യം ജപ്പാൻ സേന അസാധാരണമാംവിധം നിർവ്വഹിച്ചു. ജപ്പാൻെറ തുടർന്നുള്ള മുന്നേററം തടയാൻ, ബ്രിട്ടീഷ് പടക്കപ്പലുകളായ 'പ്രിൻസ് ഓഫ് വെയിൽസ്', 'റിപ്പൾസ്' എന്നിവ വടക്കോട്ടു നീങ്ങി. ബ്രിട്ടീഷ് നാവികസേനയുടെ അഭിമാനമെന്നു് അറിയപ്പെട്ട 'പ്രിൻസ് ഓഫ് വെയിൽസി'ന്നു്, മിനുട്ടിൽ പന്തീരായിരം ചുററ് വെടിയുതിക്കാൻ കഴിവുണ്ടായിരുന്നു. മുമ്പ് പല സമരരംഗങ്ങളിലും വീരവിജയം നേടിയ പടക്കപ്പലായിരുന്നു 'റിപ്പൾ

സ് '. നാവികത്താവളത്തിൽ ജോലിചെയ്തിരുന്ന അവസരത്തിൽ, ഈ രണ്ടു് കപ്പലുകളും കാണാനുള്ള ഭാഗ്യം എനിക്കുണ്ടായിരുന്നു. ഏതു് ശത്രുശക്തി യേയും എതിരിടാൻ ഈ കപ്പലുകൾക്കു് കഴിയുമെ ന്നായിരുന്നു, ഇംഗ്ലീഷുകാരുടെ വിശ്വാസം. ദൂര പൗരസ്ത്യദേശത്തിൻെറ സംരക്ഷയ്ക്കായി അവ രണ്ടും സിങ്കപ്പൂരിൽ താവളമുറപ്പിച്ചിരുന്നു. അവിടെനി ന്നും അവ വടക്കോട്ടു് നീങ്ങിത്തുടങ്ങിയപ്പോൾ, ജപ്പാൻെറ ശത്രുനിരീക്ഷണവിമാനം അതു കണ്ടുപി ടിച്ചു. ഉടനെത്തന്നെ ആ വാർത്ത, കമ്പിയില്ലാക്ക മ്പിവഴി ജപ്പാനീസ് വിമാനവാഹിനിയിലെത്തി. ബ്രിട്ടൻെറ പടക്കപ്പലുകളുടെ കരുത്തിനെപ്പററി, ജ പ്പാൻസേനക്കു് നല്ല നിശ്ചയമുണ്ടായിരുന്നു. അതു കൊണ്ടു്, അവർ ഈ കപ്പലുകൾ കടലിൽ മുക്കാതെ തിരിച്ചുവരരുതെന്ന നിർദ്ദേശവുമായി, തങ്ങളുടെ ''ചാവേർ'' പൈലട്ടുമാരെ നിയോഗിച്ചു.

അവരുടെ വിമാനങ്ങൾ, കപ്പലിൻെറ പുകക്കു ഴലിന്നുനേരെ ഒന്നിന്നു പിറകെ മറെറാന്നായി ഊളിയിട്ടിറങ്ങി. തുടന്നു്, ചെകിടടപ്പിക്കുന്നതും പേടിപ്പെടുത്തുന്നതുമായ പൊട്ടിത്തെറിയാണു് നട ന്നതു്. നാവികത്തലവനടക്കം കപ്പലിലെ എല്ലാ സൈനികരും, കപ്പൽ തകന്നു് കടലിൽ അടി ഞ്ഞുവീഴുന്നതുവരെ ധീരമായി പൊരുതി. ബ്രിട്ടീ ഷ് നാവികസൈന്യത്തിൻെറ വീരപാരമ്പര്യം അവർ നിലനിത്തി.

''പ്രിൻസ് ഓഫ് വെയിൽസ്'' മുങ്ങി മുപ്പത്തഞ്ചു മിനുട്ട് കഴിയും മുമ്പേ, ''റിപ്പൾസി'' നും അതേ വിധിതന്നെ അനുഭവപ്പെട്ടു.

ഈ കപ്പലുകളുടെ ദുഃഖവിനാശവാർത്ത അറിഞ്ഞപ്പോൾ, എൻെറ ഇംഗ്ലീഷ്കാരായ സുഹൃത്തുക്കൾ കരഞ്ഞുപോയി. എനിക്കവരെ സമാശ്വസിപ്പിക്കേണ്ടിവന്നു.

ജപ്പാൻസേന, ബ്രിട്ടീഷ്കാൎക്കു തുടൎന്നും കനത്ത ആഘാതം ഏല്പിച്ചുകൊണ്ടിരുന്നു. വടക്കുഭാഗത്തും മററു തന്ത്രസ്ഥാനങ്ങളിലും നിലയുറപ്പിച്ചിരുന്ന ബ്രിട്ടീഷ്-ഇന്ത്യൻ സൈന്യത്തിന്നും ഗ്ഗൂർഖപടയാളികൾക്കും തോററു പിന്തിരിയേണ്ടിവന്നു. എല്ലാ സമരമുഖങ്ങളിലും ജപ്പാൻതന്നെ ജയിച്ചുകയറി. പരാജയത്തിൻെറ കയ്പ് ഒട്ടും കലരാത്ത വിജയം!

''അജയ്യമായ നിപ്പൺ സേന'' എന്നാണു സ്വന്തം സൈന്യത്തെ ജപ്പാൻകാർ വിശേഷിപ്പിച്ചിരുന്നതു്. അങ്ങനെ അവകാശപ്പെടാൻ അവൎക്കു അൎഹതയുണ്ടുതാനും. 1905-ൽ ജപ്പാൻ, റഷ്യയെ തോല്പിക്കുകയുണ്ടായി. സൂര്യവംശജരായ ഇപ്പോഴത്തെ രാജവംശം 2600 വൎഷങ്ങൾക്കുമുമ്പു് അധികാരമേററതില്പിന്നെ, വലിയതെന്നു പറയാവുന്ന ഒററ അപജയവും അവൎക്കു് പററിയിട്ടില്ല.

മലയായും സിങ്കപ്പൂരും പിടിച്ചടക്കാൻ, ജപ്പാന്നു് രണ്ടു മാസംപോലും വേണ്ടിവന്നില്ല എന്ന

തിൽനിന്നുതന്നെ, അവരുടെ സൈനീകശക്തി എത്ര യെന്നു് ഊഹിക്കാമല്ലൊ.

സിങ്കപ്പൂരിനെ മലയായുമായി ബന്ധിപ്പിക്കുന്ന ''ജഹോർ ബാറു്'' എന്ന സ്ഥലത്തുള്ള കരമാർഗ്ഗം, ബ്രിട്ടീഷ് പട്ടാളത്തിൻെറ സിങ്കപ്പൂരിലേക്കുള്ള പിന്മാററത്തിനിടയ്ക്കു് തകർക്കപ്പെട്ടിരുന്നു. എന്നിട്ടും, ഇരുളിൻെറ മറപററി, ജപ്പാൻസേന ധാരാളം ടാങ്കുകളുമായി സിങ്കപ്പൂർദ്വീപിൽ കടന്നുകയറിയതു് ബ്രിട്ടീഷ്കാരെ അമ്പരപ്പിച്ചു. ''ജഹോർ ബാറു്'' വിലെ സേതുവിൻെറ കേടുപാടുകൾ പോക്കാതെ, ജപ്പാൻസേനക്കു് സിങ്കപ്പൂർദ്വീപിൽ ടാങ്കുകൾ ഇറക്കാൻ സാദ്ധ്യമല്ലെന്നായിരുന്നു, പല യുദ്ധതന്ത്രജ്ഞരുടെയും അഭിപ്രായം. പക്ഷേ, തകർന്നുകിടന്ന ആ മാർഗ്ഗം ശരിപ്പെടുത്താതെതന്നെ, ജപ്പാൻകാർ വിസ്മയകരമാംവിധം സിങ്കപ്പൂർദ്വീപിൽ ചെന്നിറങ്ങി.

സിങ്കപ്പൂരിന്നുവേണ്ടിയുള്ള യുദ്ധം ഒരാഴ്ചയിലേറെ നീണ്ടുനിന്നില്ല. അന്നു് സിങ്കപ്പൂരിലുണ്ടായിരുന്ന ഞങ്ങൾ, അഗ്നിപരീക്ഷകൾ നിറഞ്ഞ ദിവസങ്ങളിലൂടെയാണു് കടന്നുപോന്നതു്.

ഉററവരുടേയും ഉടയവരുടെയും പ്രാണൻ അപഹരിച്ചുകൊണ്ടു്, നാലുപാടും ബോമ്പുകൾ വീണു പൊട്ടിക്കൊണ്ടിരുന്നു. മരിക്കാതെ ശേഷിച്ചവർക്കു് ആഹാരമുണ്ടായിരുന്നില്ല. ഞങ്ങളുടെ പക്കലുണ്ടായിരുന്ന ടിന്നുകളിലടച്ച അല്പഭക്ഷണവും, കുറേശ്ശ

കുറേശ്ശ തീൎന്നുതുടങ്ങി. സിങ്കപ്പൂർ ദ്വീപിൽ പല യിടങ്ങളിലായി ഉണ്ടായിരുന്ന എണ്ണസംഭരണ ശാലകളെല്ലാം അവിടവിടെ കത്തിയെരിഞ്ഞുകൊ ണ്ടിരുന്നു. പല തരത്തിലുള്ള തോക്കുകൾ നാലു പാടും മരണം വിതച്ചുകൊണ്ട് അലറി. യന്ത്ര ത്തോക്കുകളിൽനിന്നു, വെടിയുണ്ടകൾ കാതുകൾക്ക രികിലൂടെ ചീറിക്കടന്നുപോയി. ബോമ്പേറിൽ നിന്നു് രക്ഷതേടി കിടങ്ങുകളിൽ പതിയിരുന്ന വരെപ്പോലും മരണം വെറുതെ വിട്ടില്ല. കിടങ്ങു കളിലെ ഇരുളിൽനിന്നു്, വെളിയിലെത്തി സൂര്യ പ്രകാശം കാണാൻ ഒരിക്കലും കഴിയാതെപോയ വർ ധാരാളമായിരുന്നു. വെടിയുണ്ടയും ചില്ലും ചീറിപ്പറക്കുന്ന പുറത്തെ അന്തരീക്ഷത്തിൽനിന്നു് അഭയം അന്വേഷിച്ച് പലരും വളരെ വളരെ മണിക്കൂറോളം കിടങ്ങുകൾക്കുള്ളിൽത്തന്നെ കഴി ഞ്ഞുകൂടാൻ നിർബ്ബന്ധിതരായി. മുറിവുകളേററു്, അംഗഭംഗം വന്നു്, ചോരയൊഴുക്കി, തെരുവിൽ വീണുകിടന്നവരും ധാരാളമായിരുന്നു. അവരെ ശ്രദ്ധിക്കാനോ, ശുശ്രൂഷിക്കാനോ ആരുമുണ്ടായില്ല. അതിന്നു പററിയ ചുററുപാടും ഇല്ലായിരുന്നു. മര ണപ്പിടച്ചിലിൽപ്പെട്ടു് ഉഴലുന്നതിലും ഭേദം, എളു പ്പം പ്രാണൻ പോയാൽമതി എന്ന പ്രാൎത്ഥനയോ ടെ, ചോരയും കണ്ണീരുമൊഴുക്കി ആ അശരണർ തെരുവുകളിൽ കിടന്നു. ശവങ്ങൾ ചീഞ്ഞുനാറുന്ന അന്നത്തെ സിങ്കപ്പൂർനഗരം, ഒരു വല്ലാത്ത കാഴ്ച തന്നെയായിരുന്നു.

മുന്നേറിക്കൊണ്ടിരുന്ന ജപ്പാൻ സൈന്യത്തിൻെറ അധിപൻ ജനറൽ യമാ ഷീററാ (പിന്നീടു ഇയാരം ജനറൽ ടോജോവോടൊപ്പം യുദ്ധക്കുററവാളിയായി വിചാരണചെയ്തു് വധിക്കപ്പെടുകയുണ്ടായി) അന്നത്തെ സിങ്കപ്പൂർ ഗവർണ്ണർ ഷെൻടൻ തോമസിനോടു്, നിരുപാധികം കീഴടങ്ങാൻ ആവശ്യപ്പെട്ടു. കീഴടങ്ങിയതിൻെറ അടയാളമായി വെള്ളക്കൊടിക്കൂറ കേനിങ്ങ് കോട്ടയുടെ മുകളിൽ പാറുന്നതു കാണാൻ, സിങ്കപ്പൂർ നഗരവാസികരം കൊതിയോടെ കാത്തിരുന്നു. യുദ്ധത്തിൽ മരിക്കാതെ ശേഷിച്ചവക്കെങ്കിലും ആശ്വാസമരുളാൻ, കീഴടങ്ങുന്നതിൽ ഗവർണ്ണക്കു് സംതൃപ്തിയേ ഉണ്ടായിരുന്നുള്ളു.

കാനിങ്ങ് കോട്ടയുടെ മുകളിൽ, വെള്ളക്കൊടി പതുക്കെ ഉലഞ്ഞുയന്നുപാറി. സിങ്കപ്പൂരിലെ യുദ്ധം അവസാനിച്ചു.

ജപ്പാൻകാർ ജയിച്ചു. പരാജിതരുടെ രക്ഷകരാവേണ്ട ധാർമ്മികബാദ്ധ്യത ജപ്പാൻകാക്കുണ്ടായിരുന്നു. പക്ഷേ, അവർ സിങ്കപ്പൂർ നിവാസികളോടു് നിർദ്ദയമായാണു് പെരുമാറിയതു്. യുവതികളെ അവർ മാനഭംഗപ്പെടുത്തി. എല്ലാ തരത്തിലുമുള്ള അക്രമങ്ങളിലും അവരേപ്പെട്ടു. ശത്രുക്കളുടെ തലയറുത്തു് നാല്ക്കവലകളിൽ നാട്ടിയ തൂണുകളിൽ അവർ കെട്ടിത്തൂക്കി. അത്തരത്തിൽ പ്രദർശിപ്പിക്കപ്പെട്ട ഏഴോളം തലകരം ഒററ ദിവസം ഞാൻ തന്നെ കാണു

15019

കയുണ്ടായി. അങ്ങനെ, തലകഠം കെട്ടിത്തൂക്കിയ തൂണുകഠംക്കു ചുവട്ടിൽ വിവിധ ഭാഷയിൽ എഴുതി വെച്ച മുന്നറിയിപ്പുകളും കാണാമായിരുന്നു. 'രാജകീയ ജപ്പാൻ സേന'യെ അനുസരിക്കാതിരുന്നാലുള്ള അപായത്തെപ്പററി താക്കീതു് കൊടുക്കുന്നവയായിരുന്നു ആ അറിയിപ്പുകഠം. സംസ്കാരമുള്ള ഒരു ജനതക്കും നിരക്കാത്തതായിരുന്നു, ജപ്പാൻകാരുടെ അന്നത്തെ ചെയ്തികഠം.

ഇക്കൂട്ടത്തിൽ, ജപ്പാൻകാരെപ്പററി നല്ല വാക്കു കൂടി പറയേണ്ടതുണ്ടു്. അവർ, ഇന്ത്യക്കാരിൽ ആരുടെയും തലവെട്ടുകയോ പെരുവഴിയിൽ കാഴ്ചക്കു് വെക്കുകയോ ചെയ്തിരുന്നില്ല. സാരിധരിച്ച സ്ത്രീകളോടു്, അപമര്യാദയായി പെരുമാറാതിരിക്കാനും അവർ ശ്രദ്ധിച്ചിരുന്നു. ഇത്തരത്തിലുള്ള ഒററ സംഭവമെങ്കിലും ഉണ്ടായതായി അറിവില്ല. സാരിധരിക്കുന്നവരൊക്കെ ഇന്ത്യക്കാരികളാണെന്നായിരുന്നു ജപ്പാൻകാരുടെ ധാരണ. ഈ ധാരണയുടെ മറവിൽ, മററു രാജ്യക്കാരായ സ്ത്രീകളും, സാരിധരിച്ചു് ജപ്പാൻ പട്ടാളക്കാരുടെ മര്യാദകേടിൽനിന്നു് മാനംരക്ഷിച്ച സംഭവങ്ങളുമുണ്ടായിട്ടുണ്ടു്. എന്നാൽ, ഒരേ ഒരിന്ത്യക്കാരൻെറ തലയറുക്കപ്പെട്ട സംഭവം ഉണ്ടായതായറിയാം. മലയാളിയായ ശ്രീ. കെ. എം. മേനോൻ, തൻെറ ചൈനക്കാരിയായ ഭാര്യയെ, ജപ്പാൻകാക്കു് വിട്ടുകൊടുക്കാൻ വിസമ്മതിച്ചു. അവർ, മേനോൻെറ തലയറുത്തു് പകരംവീട്ടി.

85000 പട്ടാളക്കാരും മൂന്നുകൊല്ലം തുടച്ചയായി യുദ്ധംചെയ്യാനുള്ള പടക്കോപ്പും അന്നു് ബ്രിട്ടീഷ്കാരുടെ പക്കലുണ്ടായിരുന്നു. അവരാണു്, 20,000 ത്തിൽ ചുവടെമാത്രം അംഗസംഖ്യയുണ്ടായിരുന്ന ജപ്പാൻസേനക്കു് കീഴടങ്ങിയതെന്നു് പറഞ്ഞാൽ മതിയല്ലൊ. ജപ്പാൻസൈന്യത്തിൻെറ വിജയകാരണം അവരുടെ ധീരതയും ദൃഢനിശ്ചയവും ആകാശസേനാബലവുമായിരുന്നു.

നൂറുകണക്കിന്നു് പോർവിമാനങ്ങളും ബോമ്പർ വിമാനങ്ങളും അലയലയായി സിങ്കപ്പൂരിനെ ഒരേ അവസരത്തിൽ ആക്രമിക്കുന്നതു് ഞാൻ നേരിൽ കാണുകയുണ്ടായി.

മലയായിലെ യുദ്ധത്തിനിടക്കു്, ഒരു ക്യാപ്റ്ററൻ (പിന്നീടു് ജനറലായി) മോഹൻ സിംഗ്, ബ്രിട്ടീഷിന്ത്യൻ സേനയിൽനിന്നു കൂറുമാറി ജപ്പാൻെറ പക്ഷത്തുചേൎന്നു് ബ്രിട്ടീഷുകാരോടു് യുദ്ധം ചെയ്യുകയുണ്ടായി. സിങ്കപ്പൂരിൻെറ പതനത്തിന്നുശേഷം, ക്യാപ്റ്ററൻ മോഹൻ സിംഗ്, രാഷ് ബിഹാരി ഘോഷിൻെറയും (പഴയ വിപ്ലവകാരിയും ജപ്പാനിൽ അഭയം തേടിയ ആളും), ശ്രീ. കെ. പി. കേശവമേനോൻെറയും (ഇപ്പോഴം 'മാതൃഭൂമി' പത്രാധിപർ) മററു ചിലരുടേയും സഹായത്തോടെ, ഒരു സേന രൂപീകരിച്ചു. സിങ്കപ്പൂരിൽവെച്ചു് ജപ്പാൻകാൎക്കു് കീഴടങ്ങിയ, പഴയ ഇന്ത്യൻ സൈനീകരായിരുന്ന ഈ സേനയിലെ

അംഗങ്ങളാം. ആദ്യത്തെ ഇന്ത്യൻ ദേശീയ സേന എന്ന പേരിലാണു് ഇതറിയപ്പെട്ടുന്നതു്. ജപ്പാൻ കാർ, ജനറലായി സ്ഥാനക്കയററം നല്കിയ ക്യാപ്ററൻ മോഹൻസിംഗാണു് പുതിയ സേനയുടെ സർവ്വാധികാരവും ഏറെറടുത്തതു്.

ജപ്പാൻ പൗരത്വം സ്വീകരിച്ച്, ജപ്പാൻകാരിയെ വിവാഹം കഴിച്ച്, അവളിലുണ്ടായ കുട്ടികളോട്ടുകൂടി കഴിയുന്ന രാഷ്ബിഹാരിഘോഷ്, ഇന്ത്യൻ സ്വാതന്ത്ര്യത്തിന്നുവേണ്ടി നടത്തുന്ന സമരസംരഭങ്ങളെ എങ്ങനെ വിശ്വസിക്കാനാവുമെന്നു്, ഞാൻ ഒരിക്കൽ ഒരു വിരുന്നിൽവെച്ച് ശ്രീ. ഘോഷിനോട്ടു് നേരിൽ ചോദിക്കുകയുണ്ടായി. ''വിശ്വസിക്കാതെ മററു വഴിയില്ല'' എന്നായിരുന്നു ഘോഷിൻെറ മറുപടി.

മേൽപ്പറഞ്ഞവിധം, ബ്രിട്ടീഷിന്ത്യൻ പട്ടാളക്കാർമാത്രം അടങ്ങുന്ന ആദ്യത്തെ സിങ്കപ്പൂർ ഐ. എൻ. എ.യോട്ടു്, മററിന്ത്യക്കാർക്ക് നൂറു ശതമാനം അനുഭാവമോ അവക്ക് പിന്തുണ നല്കാനുള്ള സന്മനസ്സോ ഉണ്ടായിരുന്നില്ല. യുദ്ധത്തടവുകാരായി പിടിക്കപ്പെട്ടപ്പോരം, ജപ്പാൻകാരുടെ ക്രൂരമായ മർദ്ദനത്തിൽനിന്നു് രക്ഷപ്പെടാൻവേണ്ടി മാത്രമാണു് തങ്ങരം ഐ. എൻ. എ.യിൽ ചേർന്നതെന്നു് പല ഇന്ത്യൻ ഓഫീസർമാരും എന്നോട്ടു് തുറന്നുപറയുകയുണ്ടായി. ഇതൊരു പക്ഷേ, സത്യമാവാം, അസത്യമാവാം. എന്നാലും, നേതാജി ഐ. എൻ. എ. യുമായി ബന്ധപ്പെട്ടുന്നതിന്നുമുമ്പ്, ആ സംഘട

നയെ ജപ്പാൻകാർ തങ്ങളുടെ സ്വാത്ഥലാഭം സാധിക്കാനുള്ള കരുവായി, സമത്ഥമായി ഉപയോഗിച്ചിരുന്നു എന്നാണ് എൻെറ അഭിപ്രായം. ശ്രീ. കെ. പി. കേശവമേനോനെ, ജപ്പാൻകാർ തടവിലാക്കിയതും ജനറൽ മോഹൻ സിംഗിനെ, ഒരു വിജനവിദൂരദ്വീപിൽ തടഞ്ഞുവെച്ചതും ഇതിന്നു് തെളിവാണു്.

ഏതാണ്ടു് ഇതേ സമയത്തു് തന്നെയാണു്, ഏതാനും മലയാളി ദേശാഭിമാനികളെ ജപ്പാൻകാർ സ്വാധീനിച്ചു് ഇന്ത്യയിൽ അട്ടിമറി പ്രവത്തനം നടത്താൻ നിയോഗിച്ചതു്. പറയത്തക്ക പരിശീലനമൊന്നും നൽകാതെ, ഇവരെ മുങ്ങിക്കപ്പലുകളിൽ കയററി മലബാർ തീരത്ത്കൊണ്ടുപോയിറക്കി. ഇക്കാര്യം, ബ്രിട്ടീഷ് ചാരവകുപ്പ് മണത്തറിഞ്ഞു. എല്ലാ ''അട്ടിമറി''ക്കാരും തടവിലായി. കോഴിക്കോട്ടു്കാരനും എൻെറ അടുത്ത സുഹൃത്തുമായിരുന്ന ശ്രീ. ടി. പി. കുമാരൻ നായരും അക്കൂട്ടത്തിലുണ്ടായിരുന്നു. കുററവാളിയെന്നു് വിധിക്കപ്പെട്ട അദ്ദേഹത്തെ, പിന്നീടു് കണ്ണൂർ ജയിലിൽവെച്ച് തൂക്കിക്കൊല്ലുകയാണുണ്ടായതു്. പുഞ്ചിരി തൂകിക്കൊണ്ടു് കഴുകുമരത്തിൽ കയറിയ അദ്ദേഹത്തെ, നമുക്ക് 'കേരളത്തിലെ ഭഗത് സിംഗെ'ന്നു വിളിക്കാം.

ആ ധീരന്നു് എൻെറ അഭിവാദനങ്ങൾ!

# നേതാജിയുടെ ഒളിച്ചുപോക്കും സിങ്കപ്പൂരിലേക്കുള്ള വരവും

നേതാജി, കൽക്കത്തയിൽ വീട്ടുതടങ്കലിൽ കഴിയുകയായിരുന്നു. ബ്രിട്ടീഷ് ചാരവകുപ്പ്, ഇരുപത്തിനാല് മണിക്കൂറും അദ്ദേഹത്തെ നിരീക്ഷിച്ചുപോന്നു.

നേതാജി, സ്വന്തം വസതിയിൽ വളരെ നാളുകളോളം ധ്യാനമഗ്നനായി കഴിഞ്ഞുകൂടി. ചിലപ്പോൾ, കുറേ ദിവസത്തേക്ക് ആർക്കും അദ്ദേഹത്തെ കാണാൻ കഴിഞ്ഞിരുന്നില്ല. സ്വാമി വിവേകാനന്ദൻെറ അനുയായി ആയിരുന്നു അദ്ദേഹം. അപ്പോഴെല്ലാം ധ്യാനവുമായി കഴിയുകയായിരിക്കണം; അല്ലെങ്കിൽ, തടവിൽനിന്നു് രക്ഷപ്പെടാനുള്ള വഴികൾ ആരാഞ്ഞിരുന്നതാവാം. ഒരു കാര്യം തീർച്ച്. വീട്ടുതടങ്കലിൽനിന്നു് പുറത്തുകടക്കാനുള്ള മാർഗ്ഗം അദ്ദേഹം ആലോചിച്ച് ഉറച്ചിരുന്നു.

നേതാജി, വീട്ടിൽനിന്നു് വിസ്മയകരമാംവിധം അപ്രത്യക്ഷനായ വിവരം, ഒരു സുപ്രഭാത

ത്തിൽ, ബ്രിട്ടീഷ് രഹസ്യാന്വേഷണവകുപ്പ് മന സ്സിലാക്കി. തങ്ങളറിയുന്നതിന്നും വളരെ നാരം മുമ്പേ, അദ്ദേഹം അവിടം വിട്ടിരുന്നുവെന്നും അവ ക്കറിവായി. അദ്ദേഹത്തിൻെറ നീക്കം കണ്ടുപിടി ക്കാൻ, ചാരവകുപ്പിലെ ഉദ്യോഗസ്ഥന്മാർ പരക്കം പാഞ്ഞു.

സി. ഐ. ഡി. മാരുടെ കൺമുമ്പിലൂടെയാ ണ്, നേതാജി രക്ഷപ്പെട്ടതെന്ന് പിന്നീട് വെളി വായി. ഒരു പത്താൻകാ.ാനായി വേഷം മാറിയാ ണ്, അദ്ദേഹം ഇതു സാധിച്ചതു്. കൽക്കത്തയിൽ നിന്നും തീവണ്ടിവഴിയായയാണ് അദ്ദേഹം യാത്ര പുറപ്പെട്ടത്. ഒടുവിൽ നിരത്ത് വഴിയായി കാബൂ ളിൽ ചെന്നെത്തി. കാബൂളിൽവെച്ച് സി. ഐ. ഡി. മാരുടെ കൈയിൽ ഏതാണ്ട് അകപ്പെട്ടതാ യിരുന്നു. എങ്കിലും, എങ്ങനെയൊക്കെയോ, അവ രുടെ കണ്ണുതെററിച്ച് അദ്ദേഹം റഷ്യയിലെത്തി ച്ചേന്നു.

പ്രതീക്ഷിച്ച സഹായമൊന്നും, നേതാജിക്ക് റഷ്യയിൽനിന്ന് ലഭിച്ചില്ല. ജമ്മനിയും റഷ്യയും തമ്മിലുള്ള യുദ്ധം അന്ന് ആരംഭിച്ചിരുന്നില്ല. ഇ ററാലിയൻ നയതന്ത്രകാര്യാലയത്തിലെ ഒരുയന്ന ഉദ്യോഗസ്ഥൻെറ ഒത്താശയോടെ, നേതാജി ജമ്മ നിയിൽ എത്തിച്ചേന്നു. ഹിററ്ലരും ജമ്മൻ ഗവ ർമ്മേണ്ടും അദ്ദേഹത്തിന്നാവശ്യമായ എല്ലാ സഹാ യവും വാഗ്ദാനം ചെയ്തു. ഏതാനും ഇന്ത്യക്കാരെയും

ഇന്ത്യക്കാരായ യുദ്ധത്തടവുകാരേയും ഉൾപ്പെടുത്തി, നേതാജി, അങ്ങനെ വിദേശത്തുവെച്ച് ആദ്യത്തെ ഇന്ത്യൻ ആർമിയും ആസാദ് ഹിന്ദ് ഗവമ്മേണ്ടും രൂപീകരിച്ചു. പലരും കരുതുന്നതുപോലെ, സിങ്കപ്പൂരിൽവെച്ചല്ല പ്രത്യുത ജമ്മനിയിൽവെച്ചാണ് ആദ്യം ഐ. എൻ. എ. സ്ഥാപിതമായതു്. തലശ്ശേരി സ്വദേശിയും ഒരു മാന്യ കുടുംബാംഗവുമായ ശ്രീ. എ. സി. എൻ. നമ്പ്യാരുടെ സഹായം, നേതാജിക്ക് ഇക്കാര്യത്തിൽ ജമ്മനിയിൽവെച്ച് ലഭിക്കുകയുണ്ടായി. പിന്നീട് ജമ്മനിയിലെ ഇന്ത്യൻ അമ്പാസ്സഡറായിരുന്ന ശ്രീ. നമ്പ്യാർ ഇപ്പൊഴും ജമ്മനിയിൽ താമസിക്കുന്നുണ്ട് എന്നാണ്, എൻെറ അറിവ്.

ഇന്ത്യയിൽനിന്നു് ഏറെ അകലെ, ജമ്മനിയെപ്പോലുള്ള ഒരിടത്ത്‌വെച്ച് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്നുവേണ്ടി വളരെയൊന്നും ഫലപ്രദമായി പ്രവത്തിക്കാൻ സാദ്ധ്യമല്ലെന്നു് നേതാജി മനസ്സിലാക്കി. എങ്ങനെയെങ്കിലും പൂവ്വേഷ്യയിൽ എത്തണമെന്നു്, അദ്ദേഹം നിശ്ചയിച്ചു. അവിടെ, തൻെറ സംരംഭത്തിന്നു് സഹായവും സഹകരണവും നൽകാൻ സന്നദ്ധരായ അനേകായിരം ഇന്ത്യക്കാരുണ്ടാവുമെന്നു് അദ്ദേഹത്തിന്നു് ഉറപ്പുണ്ടായിരുന്നു.

ഇന്ത്യയുടെ മോചനത്തിന്നു്, എന്തു വലിയ ത്യാഗവും അധികമാവില്ലെന്ന ആദശ്ക്കാരനായിരുന്നു നേതാജി. ബ്രിട്ടീഷമേരിക്കൻ യുദ്ധക്കപ്പലു

കളുടേയും മുങ്ങിക്കപ്പലുകളുടേയും വലയിൽപ്പെടാതെ, അവയെ കബളിപ്പിച്ചുകൊണ്ടു്, ഒരു ജമ്മൻ അന്തർവാഹിനിയിൽ സമത്ഥനായ നാവികൻെറ സംരക്ഷയിൽ നേതാജി സിങ്കപ്പൂരിലേക്ക് പുറപ്പെട്ടു.

സമുദ്രത്തിന്നടിയിലൂടെയുള്ള ഏകദേശം തൊണ്ണൂറു് ദിവസത്തെ യാത്രക്കുശേഷം, 1943 ജൂലായ് 9-ാംതിയ്യതി നേതാജി, സുമാത്രയിൽ എത്തിച്ചേന്നു. അവിടെനിന്നു്, അദ്ദേഹം ടോക്കിയോവിലേക്ക് പറന്നു. ജപ്പാൻ ഗവമ്മേണ്ടിൻെറ സഹായത്തോടെ നേതാജി അവിടത്തെ ഉയന്ന ഉദ്യോഗസ്ഥരുമായി ചച്ചനടത്തി. അവരെല്ലാവരും പരിപൂണ്ണസഹകരണം വാഗ്ദാനം ചെയ്തു.

ഇന്ത്യയെ, എന്നെന്നേക്കുമായി അടിമത്തത്തിൽനിന്നു് വിമോചിപ്പിക്കാനുള്ള ദൃഢനിശ്ചയത്തോടെ, നേതാജി, ജപ്പാനിൽനിന്നു് സിങ്കപ്പൂരിലേക്ക് തിരിച്ചു.

# നേതാജിയുമായി എൻെറ ആദ്യത്തെ കൂടിക്കാഴ്ച

ഈ സന്ദർഭത്തിലാണ്, ഞാനാദ്യമായി നേതാജിയെ കണ്ടത്.

പ്രമുഖരായ ഇന്ത്യക്കാരുടെ ഒരു യോഗം നേതാജി, സിങ്കപ്പൂരിൽ വിളിച്ചുകൂട്ടുകയുണ്ടായി. അവിടത്തെ അന്നത്തെ ഏററവും വലുതും വിശാലവുമായ ''കെത്തായ് ഹാളാ''യിരുന്നു സമ്മേളനരംഗം. ഒരു പതിമൂന്നുനിലക്കെട്ടിടമായിരുന്നു അത്.

സമ്മേളനത്തിൽ സംബന്ധിക്കാൻ ക്ഷണം ലഭിക്കാനുള്ള ഭാഗ്യം എനിക്കുമുണ്ടായി. യോഗസ്ഥലത്ത്, മുൻവരിയിൽ ഇരിപ്പിടം കിട്ടുകയും ചെയ്തു.

ദേശാഭിമാനികളായ എല്ലാ ഇന്ത്യക്കാരോടും മുമ്പോട്ടുവരാനും മാതൃഭൂമിയുടെ മുക്തിക്കായി സകലതും സമർപ്പിക്കാനും, ഈ യോഗത്തിൽവെച്ച്, നേതാജി ഇന്ത്യക്കാരെ ഉദ്ബോധിപ്പിച്ചു. അതുവരെ ഇന്ത്യൻസ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൻെറ ഏ



*3

ഷ്യയിലെ നേതാവായിരുന്ന രാഷ് ബിഹാരി ഘോഷ്, ഈ യോഗത്തിൽവെച്ചാണ്, പ്രസ്തുത പ്രസ്ഥാനത്തിൻെറ നേതൃത്വം തന്നെക്കാൾ കൂടുതൽ ഊർജ്ജസ്വലനും യുവാവും ജനപ്രിയനുമായ ഭാരതപുത്രനെ ഏല്പിക്കുന്നതെന്ന് പ്രഖ്യാപിച്ചതു്. തൻെറ ആത്മാർത്ഥതയെ ഇനി ആരും സംശയിക്കുകയില്ലെന്ന് ഉറപ്പുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അപ്പറഞ്ഞത് ഒരു പക്ഷേ, വിരുന്നിന്നിടയിൽ ഞാൻ മുമ്പേ ഉന്നയിച്ച സംശയത്തിന്നുള്ള മറുപടിയായിരിക്കണം.

അന്നവിടെ കൂടിയിരുന്ന ഇന്ത്യക്കാരുടെ ആഹ്ലാദാവേശം വാസ്തവത്തിൽ അവർണ്ണനീയമാണ്. ബ്രിട്ടനെ ഇന്ത്യയിൽനിന്ന് തുരത്താനായി ''ആസാദ് ഹിന്ദ് ഗവമ്മേണ്ടും'' ഇന്ത്യൻ നാഷനൽ ആർമിയും രൂപീകരിക്കാൻ തനിക്ക് ആഗ്രഹമുണ്ടെന്ന് നേതാജി പ്രഖ്യാപിച്ചപ്പോൾ ഉളവായ ആനന്ദാധിക്യം വിവരിക്കാൻ എനിക്കു് വാക്കുകളില്ല.

അങ്ങനെ, ''ആസാദ് ഹിന്ദ് ഗവമ്മേണ്ടും'' ''ആസാദ് ഹിന്ദ് ഫൗജും'' രൂപംകൊണ്ടു.

അതുവരെ നാം അടിമരാഷ്ട്രമായിരുന്നു. ഇന്ത്യക്കാർക്ക് സ്വാഭിമാനത്തിന്ന് അവകാശമില്ലായിരുന്നു. കാരണം, നാം അടിമകളും ഇംഗ്ലീഷുകാർ നമ്മുടെ മേലാളരുമായിരുന്നു. ആസാദ് ഹിന്ദ് ഗവമ്മേണ്ട് രൂപംകൊണ്ട നിമിഷംമുതൽ നാം

സ്വതന്ത്രരായി. ഇന്ത്യ, ലോകത്തിലെ മററേത് സ്വതന്ത്രരാഷ്ട്രത്തിനും ഒപ്പമായി. അതൊരു നിസ്സാരമായ നേട്ടമായിരുന്നില്ല. ഇന്ത്യക്കാർ, വലിപ്പച്ചെറുപ്പമെന്യെ, തങ്ങളെത്തന്നെ മറന്നുകൊണ്ടും ആനന്ദോന്മാദംകൊണ്ടു. അന്നത്തെ എൻെറ മനോവികാരവും അതുതന്നെയായിരുന്നു.

ആസാദ് ഹിന്ദ് ഗവണ്മേണ്ട് സ്ഥാപിതമായ വാർത്ത പ്രക്ഷേപണം ചെയ്യപ്പെട്ടു്, ഏറെത്താമസിയാതെതന്നെ, പതിനാലു് ലോകരാഷ്ട്രങ്ങൾ, ആ രാഷ്ട്രശിശുവിന്നും അതിൻെറ സൈനികസമരശക്തിയായ ഐ. എൻ. എ.ക്കും അംഗീകരണം നല്കി.

ആ നിമിഷംമുതൽ നാം സ്വതന്ത്രരായി.

## ഓഫീസർമാരുടെ
## പരിശീലന വിദ്യാലയം

ആസാദ് ഹിന്ദ് ഗവമ്മേണ്ട് രൂപീകൃതമായ തോടെ, പൂവ്വേഷ്യയിലെ ഇന്ത്യക്കാരുടെ ഇടയിൽ പുതിയ ഉണവ്വ് പ്രത്യക്ഷപ്പെട്ടു. ഐ. എൻ. എ. യിൽ, അവരവരുടെ പങ്കുവഹിക്കാൻ, ഓരോരുത്തരും വെമ്പൽകൊണ്ടു. സേവനസന്നദ്ധതയുമായി ആയിരക്കണക്കിനാളുകൾ, സ്വയം മുന്നോട്ടുവന്നു.

സൈന്യത്തിൽ പുതുതായി ചേരുന്ന എല്ലാവക്കും യുദ്ധപരിശീലനം നൽകാൻ മാത്രം അന്നു്, ഐ. എൻ. എ. യിൽ പരിശീലനം ലഭിച്ച ഓഫീസർമാരുണ്ടായിരുന്നില്ല.

ഈ കുറവ് പരിഹരിക്കാനായി, സിങ്കപ്പൂർ പട്ടണത്തിൽനിന്നു് പതിനാല് നാഴിക അകലെ, സിലെത്താർ എന്ന സ്ഥലത്ത് ഒരു ഓഫീസർസ് ട്രെയ്നിങ്ങ് സ്കൂൾ തുറന്നു. അഭ്യസ്തവിദ്യരും കായികശേഷിയുള്ളവരുമായ ധാരാളം ഭാരതീയ

യുവാക്കരം ഇവിടെച്ചേൎന്നു് അഭ്യസനം നിൎവ്വഹിച്ചു. സാന്ഡേഴ്സ്റ്റ്, ഡേറാഡൂൺ എന്നിവിടങ്ങളിലെ സൈനീകവിദ്യാലയങ്ങളുടെ മാതൃകയിൽത്തന്നെയാണു്, ഇതും പ്രവൎത്തിച്ചിരുന്നതു്. പക്ഷേ, വലിയ ഒരു വ്യത്യാസമുണ്ടായിരുന്നു. സാന്ഡേഴ്സ്റ്റിലോ ഡേറാഡൂണിലോ വെച്ചു് മൂന്നുവൎഷം പഠിക്കുന്ന അതേ കാര്യങ്ങരം, ഇവിടെ ഒരു വൎഷം കൊണ്ടു് പഠിച്ചുതീരണം. മറെറാരു വ്യത്യാസം: മുൻ രണ്ടിടങ്ങളിൽ പഠിക്കുന്നവർ ജീവിതസമ്പാദനാൎത്ഥം തൊഴിലിലേൎപ്പെടാനാണു് സൈനികവിദ്യാഭ്യാസം നിൎവ്വഹിച്ചിരുന്നതു്. ഇവിടെയാവട്ടെ, മാതൃഭൂമിയുടെ മോചനസമരത്തിന്നുള്ള തയ്യാറെടുപ്പിന്നും.

ഈ വിദ്യാലയത്തിലെ എല്ലാ പരിശീലകരും, നല്ല കഴിവും സ്വഭാവമേന്മയും ഉള്ളവരായിരുന്നു. വിദ്യാലയത്തിൻെറ ഒന്നാം കമാണ്ടൻറ്, കേണൽ (പിന്നീടിദ്ദേഹം ജനറലായി) ഹബീബ് ഉരം റഹ്മാനായിരുന്നു. പിന്നീടിദ്ദേഹം, നേതാജിയുടെ പേഴ്സണൽ സിക്രട്ടരിയായി നിയമിതനായി. തായ്‌വാനിൽവെച്ചു്, നേതാജി കയറിയ വിമാനത്തിന്നു് അപകടം പററിയപ്പോരം, അതിൽ ഹബീബ് ഉരം റഹ്മാനും ഉണ്ടായിരുന്നു.

ഹൃദയത്തിൽ ദേശസ്നേഹം ഉണ്ടായിരുന്നെങ്കിലും, നേതാജിയെ കണ്ടുമുട്ടുന്നതുവരെ, എൻെറ മാതൃഭൂമിക്കുവേണ്ടി ഞാനൊന്നും പ്രവൎത്തിച്ചിരുന്നില്ല എന്ന വാസ്തവം തുറന്നുപറയട്ടെ.

കോഴിക്കോട്ടുവെച്ച് പത്താംതരം പരീക്ഷക്ക് എഴുതിയശേഷം, ജോലികിട്ടുമെന്ന ഉറപ്പിലാണ് ഞാൻ സിങ്കപ്പൂരിൽ എത്തിച്ചേർന്നതു്. മലബാർ ക്രിസ്ത്യൻ കോളേജ് ഹൈസ്കൂളിൽ പഠിക്കുന്ന കാലത്തു് ഞാൻ ശരാശരിയിലും മീതെ കഴിവുള്ള വിദ്യാർത്ഥിയായിരുന്നു. ആ വർഷത്തെ മികച്ച വിദ്യാർത്ഥിക്കുള്ള സ്കോളർഷിപ്പ് ഞാൻ നേടുകയുണ്ടായി. വിദ്യാലയത്തിൽ എൻെറ പ്രായപരിധിയിൽപ്പെട്ടവരുടെ ഇടയിലെ മികച്ച ഗുസ്തിക്കാരനും ഞാനായിരുന്നു. അതിന്നുമുമ്പ്, തലശ്ശേരിയിലെ മഹാനായ കീലേരി കുഞ്ഞിക്കണ്ണൻ ടീച്ചറുടെ (സീനിയർ) ശിക്ഷണം നേടാനുള്ള മഹാഭാഗ്യവും എനിക്കുണ്ടായിരുന്നു.

സിങ്കപ്പൂരിലെ എൻെറ ജീവിതത്തെപ്പററി ഇവിടെ വിവരിക്കുന്നില്ല. ഐ. എൻ. എ.യുമായി ബന്ധമുള്ള എൻെറ പ്രവർത്തനങ്ങളെപ്പററി മാത്രം പ്രസ്താവിക്കട്ടെ.

നേതാജിയെ കാണാനും, അദ്ദേഹത്തിൻെറ പ്രഭാഷണം കേൾക്കാനും, ആ മഹൽവ്യക്തിത്വത്തെ അടുത്തറിയാനും കഴിഞ്ഞതോടെ, അദ്ദേഹത്തോടൊപ്പംചേർന്നു് മാതൃഭൂമിക്കുവേണ്ടി സേവനമർപ്പിക്കാൻ ഞാൻ നിശ്ചയിച്ചു. ഒരു വ്യവസായി എന്ന നിലയിൽ, ഉയർന്നുവരികയായിരുന്ന എനിക്ക് അന്നു്, ഇന്ത്യക്കാരും മലയാളികളുമായ അനേകം സുഹൃത്തു

ക്കളുണ്ടായിരുന്നു. അവരിൽപ്പലരുടേയും ഉപദേശം വകവെക്കാതെയാണ് ഞാൻ സ്വമനസ്സാലെ ഐ. എൻ. എ.യിൽ ചേരാൻ തീരുമാനിച്ചതു്.

മലയാളികളും ഇന്ത്യക്കാരുമായ ധാരാളം സുഹൃത്തുക്കൾ ഇതിനകം ഐ. എൻ. എ. യിൽ ചേർന്നു കഴിഞ്ഞിരുന്നു. തുന്നൽക്കാർ, ഡ്രൈവർമാർ, ചെരുപ്പുകുത്തികൾ, പാചകക്കാർ തുടങ്ങി ജീവിതത്തിന്റെ എല്ലാ തുറകളിൽപ്പെട്ടവരും അക്കൂട്ടത്തിലുണ്ടായിരുന്നു. ഇവർക്കൊക്കും ഐ. എൻ. എ. യിൽ ശമ്പളം നല്കപ്പെട്ടിരുന്നില്ല. ആഹാരം കിട്ടും. അതും വലിയ ഗുണമില്ലാത്തതരം. പിന്നെ, ചില്ലറ ചെലവുകൾക്കായി ചെറിയ ഒരു തുകയും ലഭിക്കും. എന്നിട്ടുപോലും ആളുകളുടെ ആവേശം എത്ര ആഴമേറിയതായിരുന്നുവെന്നു് പറഞ്ഞറിയിക്കാൻ സാദ്ധ്യമല്ല. എന്നും, ആയിരക്കണക്കിനാളുകൾ ഐ. എൻ. എ. യിൽ ചേരാനായി മുന്നോട്ടുവന്നു. അംഗവൈകല്യമില്ലാത്ത എല്ലാവരേയും സേനയിൽ ചേർത്തിരുന്നു. പ്രത്യക്ഷമായ കാരണംകൊണ്ടുമാത്രം ഏതാനും പേർ നിരസിക്കപ്പെടുകയുണ്ടായി.

മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനായി, ത്യാഗസന്നദ്ധരാവാനുള്ള നേതാജിയുടെ ആഹ്വാനത്തെത്തുടർന്നാണു്, ദേശീയസേനയിൽ ചേരാനുള്ള ആവേശം ഇന്ത്യക്കാരുടെ ഇടയിൽ അലയടിച്ചുയർന്നതു്. സ്വയം ചൈതന്യസമ്പന്നനാവാനും അന്യരിൽ കർമ്മവീര്യം കൊളുത്താനും നേതാജിയെപ്പോലെ കഴി

വുള്ള മററൊരു രാഷ്ട്രീയനേതാവിനേയും ഇന്ത്യ കണ്ടിട്ടില്ലെന്നു പറഞ്ഞാൽ തെററാവില്ല. മഹാത്മാ ഗാന്ധിയേയും പണ്ഡിററ് ജവഹർലാൽ നെഹറുവെയും കണ്ടുമുട്ടാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചിരുന്നു. എന്നാൽ എന്തുകൊണ്ടോ അവരിരുവരും നേതാജിയെപ്പോലെ എന്നെ ആകഷിച്ചിരുന്നില്ല എന്നതാണ് വാസ്തവം. ആളുകൾ ഭിന്നരുചിക്കാരാണല്ലൊ. പക്ഷേ ഇതു വേറൊരു കാര്യം. ഇന്ന് നേതാജി ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ, ഇന്ത്യയുടെ ചരിത്രംതന്നെ പാടേ മാറിയിട്ടുണ്ടാകുമായിരുന്നു.

ഇന്ത്യൻ നാഷനൽ ആർമിയിൽ ചേരാനുള്ള എൻെറ തീരുമാനത്തിൽ ഞാൻ ഉറച്ചുനിന്നു. രണ്ട് കാറും ഒരു മോട്ടോർ സൈക്കിളുമടക്കം എൻെറ എല്ലാ ആഡംബരവസ്തുക്കളും ഞാനുപേക്ഷിച്ചു. ഒരു സുഹൃത്തിനോടൊപ്പം ഞാൻ ഐ. എൻ. എ. യിൽ ചേർന്നു. എൻെറ കൈയിലുണ്ടായിരുന്ന മുഴുവൻ ധനവും, ഐ. എൻ. എ.ക്കും ആസാദ് ഹിന്ദ് ഗവമ്മേണ്ടിന്നും ഞാൻ സംഭാവനചെയ്തു. തിരുവിതാംകൂർകാരനായ സുഹൃത്ത് മി. മാഷ്ലിനേയും എന്നേയും ഓഫീസർ പരിശീലനത്തിന്ന് തെരഞ്ഞെടുത്തു. മററ് കുറേപ്പേർകൂടി കൂട്ടത്തിലുണ്ടായിരുന്നു. പരിശീലനം തുടങ്ങി ഒരാഴ്ച കഴിയും മുമ്പെ ചിലർ പിരിച്ചുവിടപ്പെട്ടു. പരിശീലനത്തിൻെറ കഠിനാദ്ധ്വാനവും കായികക്ലേശവും സഹിക്കാനുള്ള ശേഷി, അവക്കില്ലാത്തതായിരുന്നു പിരിച്ചുവിടലിന്നു കാ

രണം. അക്കൂട്ടത്തിൽ, എന്റെ സ്നേഹിതൻ മി. മാഷ്ലുമുണ്ടായിരുന്നു. അദ്ദേഹം, പില്ക്കാലത്തു് സിങ്കപ്പൂരിലെ ഒരു കോടീശ്വരനായി ഉയൎന്ന വിവരം എനിക്കറിവായി.

KOTTAYAM PUBLIC LIBRARY KOTTAYAM 82574

ഓഫീസർ കാഡററായി, ഞാൻ ട്രെയിനിങ്ങ് സ്കൂളിൽ ചേൎന്നു. പരിശീലനം ഒരു വൎഷമായിരുന്നു. മൂന്നു വൎഷത്തെ പാഠ്യപദ്ധതിയാണു് ഒരു കൊല്ലം കൊണ്ടു് പൂൎത്തിയാക്കേണ്ടിയിരുന്നതു്.

എന്നും പുലർച്ചെ അഞ്ചു മണിക്കുണരണം. രാത്രി പത്തു മണിയോടെ ദിവസം അവസാനിക്കും. ഉച്ചക്കു് ഒരു മണിക്കൂർ ഒഴിവു്. മററു് സമയമെല്ലാം പ്രവൎത്തികളുടെ തിരക്കുതന്നെ. വിദ്യാലയത്തിൽനിന്നു് പുറത്തുപോകാൻ ആരേയും അനുവദിച്ചിരുന്നില്ല. അപൂൎവ്വാവസരങ്ങളിൽ മാത്രമെ, അതിന്നു് അനുമതിയുണ്ടായിരുന്നുള്ളു. എന്നാൽ, എന്റെ കാര്യം വ്യത്യസ്തമായിരുന്നു. ചില ഞായറാഴ്ചകളിൽ, വെളിയിൽ പോകാനും, ആർമിയിൽ ച്ചേരുമ്പോഠം ബാക്കിയായിരുന്ന ഏതാനും ബിസിനസ്സ് കാര്യങ്ങഠം ശരിപ്പെടുത്താനും എനിക്കു് പ്രത്യേക സമ്മതം ലഭിക്കുകയുണ്ടായി. മററു് പരിശീലകൎക്കൊന്നും കിട്ടാതിരുന്നതും അവർ അസൂയപ്പെട്ടിരുന്നതുമായ അപൂൎവ്വസൗകര്യമായിരുന്നു അതു്.

ഒരു നല്ല സൈനികോദ്യോഗസ്ഥന്നു വേണ്ട എല്ലാവിധ ശിക്ഷണങ്ങളും, ഞങ്ങഠംക്കു് ട്രെയിനിങ്ങ് സ്കൂളിൽനിന്നു് കിട്ടിയിരുന്നു. കായികാ

ഭ്യാസം, സ്പോർട്ട്സ്, ഭൂപടത്തിൽ സ്ഥലം നിർണ്ണ യിക്കൽ, ഗറില്ലായുദ്ധമുറകൾ, പരേഡ്, യുദ്ധതന്ത്രം, പീരങ്കി, കൈത്തോക്ക്, യന്ത്രത്തോക്ക് എന്നിവ കൊണ്ടു് വെടിവെക്കാനുള്ള പരിശീലനം തുടങ്ങി യവ ഞങ്ങൾക്ക് പഠിക്കാൻ കഴിഞ്ഞു. ഹിന്ദിയും പഠിപ്പിച്ചിരുന്നു. എല്ലാ സൈനികാജ്ഞകളും നൽ കിയിരുന്നതു്, ഹിന്ദിഭാഷയിലായിരുന്നു. മാസം തോറും പരീക്ഷ ഉണ്ടായിരുന്നു. മററൊരു ഓഫീ സറെ കണ്ടുമുട്ടുമ്പോൾ, 'ഗുഡ്മോണിങ്ങ്' 'ഗുഡീ വ്നിങ്ങ്' എന്നതിന്നു പകരം 'ജയ്ഹിന്ദ്' എന്നു പറഞ്ഞാണ് അഭിവാദ്യം ചെയ്യേണ്ടതു്. 'ജയ് ഹിന്ദ്' എന്ന മുദ്രാവചനത്തിൻെറ ഉപജ്ഞാതാവ് നേതാജിയാണു്. അതു് പിന്നീട്ട്, പണ്ഡിററ് നെഹറുവിന്നും പ്രിയംകരമായിത്തീർന്നു. ഇന്നു്, 'ജയ്ഹിന്ദി'ന്നു് ഇന്ത്യക്കാരുടെ ഇടയിൽ സ്ഥിര മായ അംഗീകാരം ലഭിച്ചുകഴിഞ്ഞു.

ഞങ്ങൾക്ക് കിട്ടിയിരുന്ന ഭക്ഷണം, വളരെ യൊന്നും ഭേദപ്പെട്ടതായിരുന്നില്ല, അതു കഴിച്ച പ്പോൾ, പോഷകാംശത്തിൻെറ കുറവുകാരണം, ഞങ്ങ ളിൽ പലക്കും ബെറി ബെറി രോഗം പിടിപെട്ടു. ആഹാരം പുറത്തുനിന്നു് കൊണ്ടുവരാൻ പാടില്ലാ യിരുന്നുതാനും. വിററാമിൻെറ കുറവു നികത്താൻ, സോയാ ബീൻ പാകംചെയ്തു് നൽകപ്പെട്ടു. മൃഗ ങ്ങൾക്ക് തിന്നാൻ പററുന്ന ഗുണമേ അതിന്നുണ്ടാ യിരുന്നുള്ളൂ, എന്നാണെൻെറ അഭിപ്രായം. എങ്കി ലും, ഞങ്ങളാരും അക്കാര്യത്തെച്ചൊല്ലി ആരോടും

പരാതിപ്പെട്ടില്ല. എനിക്കതൊക്കെ, ശരിക്കും ഒരു അഗ്നിപരീക്ഷയായിരുന്നു. ജീവിതത്തിൽ സുഖവസ്തുക്കൾ പെരുമാറിപ്പോന്ന ഞാൻ അവ ഉപേക്ഷിക്കാനും മാതൃഭൂമിയുടെ സ്വാതന്ത്ര്യലബ്ധിക്കായി യാതനകൾ പരാതികൂടാതെ സഹിക്കാനും ശീലിച്ചു.

ഹിന്ദുക്കളും മുസൽമാന്മാരും സിക്കുകാരും ക്രിസ്ത്യാനികളും ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു. പക്ഷേ, എല്ലാവർക്കും, ഒരേ അടുക്കളയിൽ ഒരേമട്ടിൽ പാകംചെയ്ത ആഹാരപദാൎത്ഥമാണു് കിട്ടിയതു്. ഞങ്ങളെല്ലാവരും ഒന്നായിരുന്നു. മതവികാരം മാനിച്ചു്, ഗോമാംസവും പന്നിയിറച്ചിയും മെസ്സിൽ വിളമ്പിയിരുന്നില്ല. വെള്ളിയാഴ്ചയും ഞായറാഴ്ചയുമൊക്കെ പൊതു ആരാധനക്കായി അവധി അനുവദിക്കുന്ന പതിവും ഉണ്ടായിരുന്നില്ല. എന്നാലും, ഓരോ ആൾക്കും സ്വന്തം മുറിയിലിരുന്നു് പ്രാൎത്ഥിക്കാൻ പാടുണ്ടായിരുന്നു. മതം വ്യക്തിയുടെ മാനസികജീവിതത്തിന്റെമാത്രം ഭാഗമാണെന്ന ആദൎശമായിരുന്നു ഐ. എൻ. എ. ക്കുണ്ടായിരുന്നതു്. മതപരമായ സൗഹാൎദ്ദവും ഏകതാബോധവും നേതാജി എങ്ങനെയാണു് സാധിച്ചതെന്ന കാര്യം, ഇന്ത്യക്കു് ഒരിക്കലും മറക്കാനാവില്ല. അദ്ദേഹത്തിന്റെ ആദൎശസ്ഥൈര്യവും പ്രായോഗികബുദ്ധിയും നിമിത്തം, ഐ. എൻ. എ.യിൽ ഹിന്ദുവോ മുസ്ലിമോ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നതു് ഇന്ത്യക്കാർ മാത്രം; ആദ്യമായും അവസാനമായും ഇന്ത്യക്കാർ.

ഒരേ ലക്ഷ്യത്തിന്നുവേണ്ടി പൊരുതാൻ ഒത്തു കൂടിയവരായാലും, മനുഷ്യർ എല്ലാവരും ഒരേ തരക്കാരായിത്തീരണമെന്നില്ല. പൊള്ളയായ പൊങ്ങച്ചവും അധിക്ഷേപാർഹമായ അഹന്തയുമൊക്കെ, പലപ്പോഴും പല രൂപത്തിലും തലപൊക്കാതിരിക്കില്ല. ഐ. എൻ. എ.യിലെ നിലയും വ്യത്യസ്തമല്ലായിരുന്നു. എനിക്കുണ്ടായ ചെറിയ ഒരനുഭവം പറയാം.

ഒരു നാൾ, ഞാൻ ഐ. എൻ. എ.യിലെ ഒരു ഉയന്ന ഓഫീസറുമായി ഒന്നിച്ചിരുന്നു് സംസാരിക്കുകയായിരുന്നു. ജനറൽ അസീസ് ആയിരുന്നു അതു്. ഐ. എൻ. എ.യിൽ ചേരും മുമ്പേ ഞങ്ങൾ സുഹൃത്തുക്കളായിരുന്നു. ഞങ്ങളങ്ങനെ സംസാരിച്ചു കൊണ്ടിരിക്കെ, ക്യാപ്റ്ററൻ 'എക്സ്' മുറിയിലേക്ക് കടന്നുവന്നു് ജനറൽ അസീസിനെ അഭിവാദ്യം ചെയ്തു. ക്യാപ്റ്ററനോട്, ഇരിക്കാൻ ജനറൽ ആവശ്യപ്പെട്ടു. ഏകദേശം അര മണിക്കൂറിന്നുശേഷം, ഞങ്ങൾ മൂന്നു പേരും 'ജയ്ഹിന്ദ്' പറഞ്ഞുകൊണ്ടു പിരിഞ്ഞു.

ആ ക്യാപ്റ്ററനായിരുന്നു എന്നെ, യുദ്ധതന്ത്രം പഠിപ്പിച്ചിരുന്നതു്. പിറേറന്നു് രാവിലെ പരേഡ് നടന്നുകൊണ്ടിരിക്കെ, ഞാൻ അഹങ്കാരിയാണെന്നു് അദ്ദേഹം പരോക്ഷമായി സൂചിപ്പിച്ചു. വിശദീകരിച്ചാൽക്കൊള്ളാമെന്നു് ഞാനാവശ്യപ്പെട്ടു. തലേന്നു വൈകുന്നേരം താൻ ജനറൽ അസീസിൻെറ

മുറിയിൽ കടന്നുചെന്നപ്പോൾ, ഞാൻ ക്യാപ്റ്റനെ വന്ദിച്ചില്ല എന്നതായിരുന്നു എൻെറ കുററം. ഒരു ജനറലുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ക്യാപ്ററൻ വന്നാൽ എഴുന്നേററ് അഭിവാദ്യം ചെയ്യേണ്ട കാര്യമില്ലെന്നു് ഞാൻ മറുപടികൊടുത്തു. എൻെറ പ്രവൃത്തി നിയമാനുസാരിയാണെന്നു് പിന്നീട് തെളിയുകയുണ്ടായി. മേലുദ്യോഗസ്ഥനെ ബഹുമാനിക്കാത്ത കുററത്തിന്നു് എന്നെ ശിക്ഷിക്കാൻ, ക്യാപ്ററൻ മറെറാരു ജൂനിയർ ഓഫീസറെ ചുമതലപ്പെടുത്തി. സ്കൂൾ കമാണ്ടൻറിൻെറ കല്പന കൂടാതുള്ള ഒരു ശിക്ഷ സ്വീകരിക്കാൻ ഞാൻ കൂട്ടാക്കിയില്ല. കമാണ്ടൻറിനെ കാണാൻ അനുവാദം തരണമെന്നു് ഞാനാവശ്യപ്പെട്ടു. അതു തള്ളിപ്പോയി. ഒടുവിൽ ഞാൻ നിരാഹാരവ്രതത്തിലേർപ്പെട്ടു. അന്നോളം ഞാൻ സ്വീകരിച്ചിട്ടില്ലാത്ത ഒരായുധം.

നിരാഹാരസമരം അഞ്ചുദിവസം നീണ്ടുനിന്നു. എൻെറ ദേഹനില വിഷമകരമാണെന്നു് മെഡിക്കൽ ഓഫീസർ റിപ്പോർട്ടുചെയ്തു. കൂടുതൽ കുഴപ്പം ഒഴിവാക്കാൻ, കമാണ്ടൻറിനെ കാണാൻ ഒടുവിൽ, ഓഫീസർമാർ എന്നെ അനുവദിച്ചു. എൻെറ കേസ്സ്, കമാണ്ടൻറ് വിചാരണചെയ്തശേഷം, എനിക്കനുകൂലമായ വിധി പ്രസ്താവിച്ചു. നിരാഹാരസമരവും അതോടെ അവസാനിച്ചു.

ഐ. എൻ. എ.യെപ്പോലെ, തികച്ചും ദേശാഭിമാനമാത്ര പ്രചോദിതമായ ഒരു സംഘടനയിൽ

പ്പോലും ചിലരുടെ ദുരഭിമാനവും അഹന്തയും എ ങ്ങനെ തലപൊക്കുന്നുവെന്നു് കാണിക്കാനാണു് ഈ സംഭവം ഇവിടെ വിവരിച്ചതു്.

ഞങ്ങളുടെ പരിശീലനം തുടന്നുപോയി. അതു വളരെ ശ്രമകരമായിരുന്നു എന്നു് സമ്മതിക്കാതെ വയ്യ. ഭക്ഷണമില്ലാതെ കഴിഞ്ഞുകൂടാനും ഞങ്ങരം ശീലിച്ചു. മുഖമൂടി ധരിച്ചുകൊണ്ടു് ജപ്പാൻ മാതൃകയിൽ പൊരുതാൻ പഠിച്ചു. ദിവസത്തിൽ ഏതു സമയം വേണമെങ്കിലും ''നിർബ്ബന്ധപൂർവ്വം ഉറക്കം വരാനുള്ള'' ശീലം ഉറപ്പിക്കാനും ഞങ്ങരം ശ്രമിച്ചു. ഇതു് വളരെ വിഷമമുള്ള കൃത്യമായിരുന്നു. എങ്കിലും ഞങ്ങളതിൽ വിജയിച്ചുപോന്നു. കഠിനമായ ക്ഷീണം നിമിത്തം സുഖമായുറങ്ങാൻ നിർബ്ബന്ധിതരായി എന്നതാണു് വാസ്തവം. കാരണം, എന്നും പുലച്ചക്കു് അഞ്ചു മണിക്കാരംഭിക്കുന്ന പരിപാടി, രാത്രി പത്തുമണിക്കേ അവസാനിക്കാറുണ്ടായിരുന്നുള്ളു.

പരിശീലനാനന്തരം, എല്ലാ വിഷയങ്ങളിലും പരീക്ഷ ഉണ്ടായിരുന്നു. ഇവയിൽ ഞാൻ പ്രശസ്തമാംവിധം പാസ്സായി. റൈഫിരം വെടിവെപ്പിൽ, എനിക്കു് നൂറുശതമാനം മാക്കുകിട്ടി. 'ലക്ഷ്യം പിഴക്കാത്തവൻ' എന്ന ബഹുമതിയും ലഭിച്ചു. മുമ്പു് പോലീസു് വകുപ്പിൽ ഉണ്ടായിരുന്നപ്പോഴും റിവോരംവർ ഷൂട്ടിങ്ങിൽ എനിക്കു് സമ്മാനം കിട്ടുകയുണ്ടായി. പോലീസ്സു് സ്പോർട്ടു്

സിൽ ''ക്രോസ് കൺട്രി'' മത്സരത്തിൽ എനിക്കാണ് രണ്ടാം സമ്മാനം ലഭിച്ചിരുന്നതു്. അങ്ങനെ, ഐ എൻ. എ.യിൽ ചേരുന്നതിന്നു മുമ്പുള്ള എന്റെ ജീവിതാനുഭവങ്ങൾ എനിക്ക് ഈയവസരത്തിൽ വളരെ സഹായകമായിത്തീൎന്നു.

ഒരു വൎഷം കഴിഞ്ഞു. പരിശീലനം പൂൎത്തിയായി. 'വിടവാങ്ങൽ പരേഡ്' നടന്നു. തുടൎന്ന്, ബൎമ്മയിലെ രണ്ടാം ഗറില്ലാ റജിമെൻറിൽ എനിക്ക് നിയമനവും ലഭിച്ചു. സിവിലിയൻ വിഭാഗത്തിൽപ്പെട്ടവരിൽനിന്നു് ബൎമ്മയിൽ നിയമിതരായ ആദ്യത്തെ ഏതാനും ഓഫീസർമാരിൽ ഒരാളായിരുന്നു ഞാൻ.

## ഝാൻസി റാണി റജിമെൻറ്

ഐ. എൻ. എ.യിൽ പുരുഷന്മാർ മാത്രമല്ല ഉണ്ടായിരുന്നതു്. അതിൽ സ്ത്രീകളുടെ വിഭാഗവും ഉണ്ടായിരുന്നു. 1857-ലെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത്, അടിമത്തത്തേക്കാറം മരണമാണു് മഹത്തരമെന്നു് വിശ്വസിച്ച് യുദ്ധഭൂമിയിൽ പൊരുതി വീണുമരിച്ച റാണി ലക്ഷ്മീബായിയുടെ സ്മരണക്കായി ഐ. എൻ. എ. യിലെ വനിതാവിഭാഗത്തിന്നു് 'ഝാൻസിറാണി റജിമെൻറ്' എന്നാണു് പേരിട്ടതു്. ശ്രീമതി അമ്മു സ്വാമിനാഥൻെറ മകളായ ക്യാപ്റ്ററൻ (പിന്നീട് കേണൽ) ലക്ഷ്മിയായിരുന്നു ഈ റജിമെൻറിൻെറ നേതൃത്വം വഹിച്ചതു.

വനിതാ റജിമെൻറിന്നും യുദ്ധമുറകളിൽ പരിശീലനം നല്കിയിരുന്നു. ബർമ്മയിലെ യുദ്ധത്തിൽ 'മൂറംമിൻ' എന്ന സ്ഥലത്തുവെച്ച് ബ്രിട്ടീഷ്പട്ടാളത്തിൻെറ മുന്നേററം തടയുന്നതിൽ ഝാൻസിറാണി റജിമെൻറ് വഹിച്ച പങ്കു ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടു്.

# ബർമ്മയിലേക്കുള്ള മുന്നേററം

ഐ. എൻ. എ.യിൽ നിയമിതരായ ആളുകളുടെ ആവേശം അളവററതായിരുന്നു. പറയത്തക്ക പട ക്കോപ്പുകളൊന്നും ഇല്ലാതിരുന്നിട്ടുപോലും, അവർ യുദ്ധരംഗത്തിറങ്ങാൻ തിടുക്കംകൊണ്ടു. വിലകൊടു ത്തിട്ടാണെങ്കിലും, യുദ്ധോപകരണങ്ങൾക്ക് ജപ്പാൻ കാരെ ഞങ്ങൾക്ക് ആശ്രയിക്കേണ്ടിവന്നു. വെടി യുണ്ടയുടെ ക്ഷാമമായിരുന്നു കൂടുതൽ. ഒരു വെടി ക്ക് രണ്ടു് ശത്രുവെ കൊല്ലണമെന്നായിരുന്നു ഞങ്ങൾക്ക് ലഭിച്ച നിർദ്ദേശം. ഒരാളെ കൊല്ലാൻ, ആയിരം വട്ടം വെടിവെക്കാൻ ആവശ്യമായ സന്നാഹം, അന്നു് ബ്രിട്ടനും അമേരിക്കക്കും ഉണ്ടാ യിരുന്നു.

ഞങ്ങൾ, ഞങ്ങളുടെ ആയുധങ്ങളെ എത്രമാത്രം ആരാധിച്ചിരുന്നു എന്നറിയുന്നതു് വായനക്കാക്കു് രസകരമായിരിക്കും. ഇന്ത്യക്കാരായ നാം ആയുധ പൂജ നടത്തുന്നവരാണല്ലൊ. തൊഴിലാളികൾ അവ രുടെ തൊഴിലുപകരണങ്ങളെയും ഡ്രൈവർമാർ

അവരുടെ വാഹനങ്ങളെയും മററും പൂജിക്കാറുണ്ട ല്ലൊ. ഐ. എൻ. എ. യിൽ, അതാത് ദിവസ ത്തെ ജോലി ആരംഭിക്കുംമുമ്പ്, ഞങ്ങൾ ഞങ്ങളു ടെ ആയുധം ചുംബിച്ചിരുന്നു. അവ ഞങ്ങൾക്ക് അത്രയേറെ പാവനമായിരുന്നു.

ഞങ്ങളെങ്ങനെ ബർമ്മയിൽ എത്തിച്ചേർന്നു എന്നു പറയാം.

ഏതാനും ഓഫീസർമാരും ഒരു മെഡിക്കൽ ഓഫീസറും ഞാനും എൻെറ സേനാവിഭാഗവും ഒരു അദ്ധരാത്രിയിലാണ് സിങ്കപ്പൂർ റയിൽവെ സ്റ്റേഷ നിൽനിന്നു പുറപ്പെട്ടതു്. യാത്രാവണ്ടി കിട്ടാനി ല്ലാത്തതുകൊണ്ടു്, ഒരു ചരക്കുതീവണ്ടിയിലാണ് ഞങ്ങൾ സഞ്ചരിച്ചതു്. അതിന്നകത്ത് ഇരിപ്പി ടങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ഇരുമ്പുനിലത്ത് കുത്തിയിരിക്കുകയാണ് ചെയ്തതു്. മലമൂത്രവിസ ർജ്ജനത്തിന്നുള്ള സൗകര്യവും വണ്ടിക്കകത്തുണ്ടായി രുന്നില്ല. ജനലുകളും ഉണ്ടായിരുന്നില്ലെന്നു് പറയേ ണ്ടതില്ലല്ലൊ. അകത്ത് കാററുകിട്ടാൻ, ഞങ്ങൾ ഇരു മ്പുവാതിൽ തുറന്നുപിടിച്ചുകൊണ്ടു് നില്ക്കേണ്ടിവന്നു. രാത്രിയിലെ സഞ്ചാരം പൊറുപ്പിക്കാം. എന്നാൽ, പകലത്തെ കാര്യം പറയാത്തതാണ് ഭേദം. മദ്ധ്യ രേഖാസൂര്യൻെറ പൊരിഞ്ഞ ചൂടിൽ ഞങ്ങൾ വേവുകയായിരുന്നു. നട്ടുച്ചവെയിലിൽ ചുട്ടുപഴുത്ത ചരക്കുവണ്ടിയുടെ ഇരുമ്പുമുറിക്കകത്ത് കിടന്നു് പൊരിയുമ്പൊഴും, ഞങ്ങൾക്ക് പരാതി ഉണ്ടായിരു

ന്നില്ല. കാരണം, നേതാജി ഞങ്ങൾക്ക് വാഗ്ദാനം ചെയ്തതു്, നിരാഡംബരതയും വിയർപ്പും പട്ടിണിയും പാട്ടം, ഒടുവിൽ മരണവുമായിരുന്നു.

ആ യാത്രക്കിടയിൽ, എനിക്ക് വയററിൽ അസുഖം പിടിപെട്ടു. എവിടെയെങ്കിലും വണ്ടി നില്ക്കേണ്ട താമസം, ഞാനവിടെ ചാടിയിറങ്ങും.

നിരവധി രാത്രിയും പകലും ഞങ്ങൾ ഈ വിധം യാത്രചെയ്തു. വളരെ കുറഞ്ഞ അളവിലുള്ള ആഹാരമേ ഈ യാത്രക്കിടയിൽ കിട്ടാറുണ്ടായിരുന്നുള്ളു.

ഏകദേശം പത്തു ദിവസം കഴിഞ്ഞപ്പോൾ, സയാമിലെ (ഇപ്പോഴത്തെ തായ്‌ലണ്ട്) ചുമ്പാൻ എന്ന സ്ഥലത്തു് എത്തിച്ചേർന്നു്. അവിടെ ഒരാഴ്ച താമസിച്ചു. താരതമ്യേന മോശമല്ലാത്ത ആഹാരം കിട്ടി; നല്ല വിശ്രമവും.

പിന്നീടു് കാൽനടയാത്രയായിരുന്നു. ഒരു ദിവസം ഏകദേശം ഇരുപതോ മുപ്പതോ നാഴിക നടക്കും.

കുറച്ചു ദിവസത്തെ പദയാത്രക്കുശേഷം, വീണ്ടും ഒരു ചരക്കുതീവണ്ടി കിട്ടി. ആ വഴിക്കുള്ള തീവണ്ടിപ്പാതക്ക് ''മരണത്തീവണ്ടിപ്പാത'' എന്നൊരു പരിഹാസപ്പേരുണ്ടായിരുന്നു. ജപ്പാനീസ് മിലിട്ടറി എഞ്ചിനിയർമാരാണു് അതു്

പണിതത്. ധാരാളം സിവിലിയന്മാരുടെ ജീവൻ അതിന്നുവേണ്ടി ബലികൊടുക്കേണ്ടതായി വന്നിട്ടുണ്ട്. യന്ത്രത്തോക്കുകാട്ടി ഭീഷണിപ്പെടുത്തിയാണ് ആളുകളെ അവിടെ ജോലിക്കു കൊണ്ടുവന്നതു്. അവിടം കഠിനമായ മലമ്പനി ബാധയുള്ള സ്ഥലമായിരുന്നു. ഒരു മരുന്നും കിട്ടുകയില്ല. ആഹാരം തീരേ ചുരുക്കം. ജപ്പാൻപട്ടാളത്തിൽ മനുഷ്യജീവന്നു് വിലകുറവായിരുന്നു. എന്തു വില കൊടുത്തും ജപ്പാനീസ് യുദ്ധയന്ത്രം മുന്നോട്ടുതന്നെ നീങ്ങിക്കൊണ്ടിരിക്കണമെന്ന ഒററ നിർബ്ബന്ധമേ അവക്കുണ്ടായിരുന്നുള്ളു. ആ തീവണ്ടിപ്പാതയുടെ നിർമ്മാണത്തിനിടയിൽ ആയിരക്കണക്കിനാളുകറം മലമ്പനി പിടിപെട്ടു് മരിച്ചു. അവരിൽപ്പലരും യുദ്ധത്തടവുകാരായിരുന്നു എന്നാണു് പറയപ്പെടുന്നതു്. അതല്ലാതെ, ആയിരക്കണക്കിന്നു് സിവിലിയന്മാരെയും പൂർവ്വേഷ്യയിലെ പല സ്ഥലത്തുനിന്നും നിർബ്ബന്ധപൂർവ്വം ഇവിടെ ജോലിക്കു് കൊണ്ടുവന്നിരുന്നുവെന്നു് എനിക്കറിയാം. ജോലിചെയ്യാൻ തയ്യാറാവാത്തവർ വെടിവെച്ചുകൊല്ലപ്പെട്ടു.

ഇങ്ങനെയെല്ലാമാണെങ്കിലും, സാധാരണ ജപ്പാൻപട്ടാളക്കാരൻെറ ആത്മാർത്ഥതയെപ്പററി എനിക്കു് ഏറെ ബഹുമാനമാണുള്ളതു്. മററെല്ലാ നാട്ടുകളിലേയും പട്ടാളക്കാരെക്കാറം മികച്ചതു് ജപ്പാൻ പട്ടാളക്കാരനാണു്. അവൻ ക്രൂരനായിരിക്കാം. ഒപ്പം; അവൻെറ ധീരതക്കു് അതിരില്ലതാനും. ബർമ്മയിൽ, സംഖ്യശക്തികളുടെ സേന

യെ നയിച്ച ജനറൽ സ്റ്റീൽവെൽ, പിൽക്കാലത്ത് എഴുതിയ ''ഡിഫീററ് ഇൻടു വിക്ടറി'' (Defeat into Victory) എന്ന ഗ്രന്ഥത്തിൽ, ജപ്പാൻ സൈനികനെക്കുറിച്ചുള്ള ഈ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

''മരണത്തിൻെറ താഴ്വര''യിലൂടെയുള്ള ചരക്കുതീവണ്ടിയാത്ര അവസാനിച്ചു. പിന്നീട് വാഹനമൊന്നും ലഭിച്ചില്ല. വീണ്ടും കാൽനടയാത്ര തന്നെ.

രാത്രി മാത്രമാണ് നടത്തം. നേരം പുലന്നാൽ, എത്തിയത് എവിടെയൊ അവിടെ യാത്ര നിർത്തും. പകൽ ഞങ്ങൾ സ്വയം ആഹാരം പാകംചെയ്യും. ബാക്കിസമയം കിടന്നുറങ്ങും. രാത്രിയത്തെ യാത്രക്കാവശ്യമായവിധം വിശ്രമിക്കും. സൂര്യനസ്തമിച്ചാൽ, ഭാണ്ഡവും പേറി യാത്ര തുടരും. ഒററ രാത്രികൊണ്ട് 20 മുതൽ 30വരെ നാഴിക നടക്കാറുണ്ടായിരുന്നു. എങ്കിൽത്തന്നെ, അങ്ങനെ പല നാളുകൾ സഞ്ചരിച്ച് നൂറു കണക്കിനു് നാഴിക പിന്നിട്ടശേഷം വേണ്ടിയിരുന്നു, ലക്ഷ്യസ്ഥാനമായ ബർമ്മയിലെത്താൻ.

നിരവധി രാത്രിയും പകലും ഈ വിധം കടന്നുപോയി. ഞങ്ങൾ യാത്രതുടർന്നു. ബർമ്മയുടെ അതിർത്തിയിൽ എത്താറായപ്പോൾ. ഒരു വലിയ പുഴ കടക്കേണ്ടതുണ്ടായിരുന്നു. പുഴയിൽ വെള്ള

പ്പൊക്കമുള്ള സമയം. ബോംബേറിൽ, പാലം തകർന്നിരിക്കുന്നു. മുളച്ചങ്ങാടം മാത്രമാണൊരു ശരണം. ശക്തിയേറിയ ഒഴുക്കുള്ള പുഴയിലൂടെ, വെള്ളപ്പൊക്കമുള്ള സമയത്ത് ചങ്ങാടത്തിൽ സഞ്ചരിക്കുന്നതു് അത്യന്തം അപായകരമാണു്. മുമ്പ്, ആ പുഴ കടക്കുമ്പോൾ ധാരാളം ജപ്പാൻകാർ ഒഴുക്കിലകപ്പെട്ടു് മുങ്ങിമരിച്ച വിവരം ഞങ്ങൾക്കറിയാം.

ആലോചിച്ചുനില്ക്കാൻ സമയമില്ല. എത്രയും വേഗം അക്കരെയെത്തണം; ശത്രുക്കളെയും തേടി സഞ്ചരിക്കുന്ന, അമേരിക്കയുടെയും ബ്രിട്ടന്റെയും വിമാനങ്ങൾ ഏതവസരത്തിലും അവിടെ പറന്നെത്തിയേക്കും.

ചങ്ങാടം കെട്ടഴിച്ചു് ഒരു നാഴിക മുകളിലോട്ടു് വലിച്ചുകൊണ്ടുപോയി. എന്നാൽ മാത്രമെ, പുഴക്കക്കരെ ഒരു നാഴിക ചുവടെ, എത്തിച്ചേരാനാവൂ. വിദഗ്ദ്ധമായി തുഴഞ്ഞാൽ ദൈവം സഹായിച്ചു് മറുകര പിടിക്കാമെന്നു് ഞങ്ങളാഗ്രഹിച്ചു.

ശത്രുവിമാനങ്ങൾ വളരെ ജാഗ്രതയോടെ ഞങ്ങളെ പിന്തുടന്നു. അവ ഞങ്ങളുടെനേരെ വെടിവെപ്പും ആരംഭിച്ചു. ഭാഗ്യത്തിന്നു്, ചങ്ങാടം പുഴയിലൂടെ നിയന്ത്രണംവിട്ടു് അതിവേഗത്തിൽ ഓടുകയായിരുന്നു. അതുകൊണ്ടു് ഞങ്ങൾക്കാർക്കും വെടിയേററില്ല.

പ്രതീക്ഷിച്ചതുപോലെ, യാതൊരപായവും പററാതെ ഞങ്ങൾ അക്കരക്കെത്തി. ഞങ്ങളുടെ

സംഘം മാത്രമെ അങ്ങനെ രക്ഷപ്പെട്ടുള്ളു. ഐ. എൻ. എ. യുടെ മറെറാരു വിഭാഗം ആപത്തിലകപ്പെ ട്ടുകയുമുണ്ടായി. ഒരു ചങ്ങാടത്തിൽ, യാത്രചെയ്തി രുന്ന, ആ സംഘത്തിലെ മുഴുവൻ ആളുകളും പുഴ യിൽ മുങ്ങിമരിച്ചു.

ബർമ്മയുടെ അതിർത്തിയിൽ എത്തുമ്പോഴേക്കും ഞങ്ങളെയുംകാത്ത്, വാഹനങ്ങൾ നില്പുണ്ടായിരുന്നു. അപ്പോൾ ഞങ്ങൾക്കുണ്ടായ ആശ്വാസം അളവററ തത്രെ. തുടർച്ചയായി പാദരക്ഷ ധരിച്ച് യാത്രചെ യ്തുനിമിത്തം ഞങ്ങളിൽ മിക്കവരുടേയും കാലടി കൾ വ്രണപ്പെട്ടിരുന്നു. യുദ്ധമുന്നണിയിൽ പോ കാൻ പററാത്തവിധം ഞങ്ങൾ അവശരുമായിരുന്നു.

# യുദ്ധരംഗത്ത്

ബർമ്മയിൽ, തലസ്ഥാനമായ റങ്കൂണിലെത്തുന്ന തിന്നിടയിൽ, ഞങ്ങൾക്ക് പല പട്ടണങ്ങളിലും തങ്ങേണ്ടിവന്നു. റങ്കൂണിലെത്തിയപ്പോഴ, നേതാജിയുടെ നിർദ്ദേശപ്രകാരം യുദ്ധരംഗത്തേക്ക് പോകും മുമ്പെ, ആരോഗ്യം വീണ്ടെടുക്കാൻ എല്ലാവരും ഒരു വിശ്രമകേന്ദ്രത്തിലേക്ക് പോയി.

റങ്കൂൺ നഗരത്തിൽനിന്ന് പതിനാറ് നാഴികയും, മേംഗ്ലോഡൻ വിമാനത്താവളത്തിൽനിന്ന് രണ്ടു നാഴികയും അകലെയായിരുന്നു ആ വിശ്രമസങ്കേതം. പ്രത്യേക ഭക്ഷണവും പാലുമൊക്കെ കഴിച്ചുകൊണ്ടു് രണ്ടാഴ്ച വിശ്രമിച്ചു. എന്നും രാവിലെ കായികാഭ്യാസവും ഉച്ചക്കുശേഷം ഗറില്ലായുദ്ധപരിശീലനവും ഉണ്ടായിരുന്നു.

അങ്ങനെയിരിക്കെ, ഒരു ദിവസം രസകരമായ ഒരു സംഭവമുണ്ടായി; ഒരിക്കലും മറക്കാനാവാത്ത സംഭവം; ഒരു മലയാളി ലഫ്ടനൻറ് ജയിംസ് പുതുശ്ശേരി ഒരു വെല്ലുവിളിയുമായി മുന്നോട്ടുവന്നു.

അദ്ദേഹത്തെ നിലത്തുനിന്നു് പൊക്കിയെടുത്തുമാററാൻ ഞങ്ങളിൽ വല്ലവക്കും സാദ്ധ്യമാണെങ്കിൽ ഒരു ചായസല്ക്കാരം നടത്താമെന്നായിരുന്നു വെല്ലുവിളി. ഞങ്ങഠം പരാജയപ്പെടുകയാണെങ്കിൽ, സല്ക്കാരത്തിൻെറ ചെലവ് ഞങ്ങഠം വഹിക്കണം. ലഫ്ടനൻറ് ജയിംസ് ശക്തനും ദൃഢഗാത്രനുമായിരുന്നു. എന്തു ചെയ്യണമെന്നു് ഞങ്ങഠംക്കാക്കും ഒരു പിടിയുമില്ല. ഒടുവിൽ, ആ വെല്ലുവിളി ഞാൻ സ്വീകരിച്ചു. തയ്യാറായിക്കൊള്ളാൻ ഞാൻ ജയിംസിനോടാവശ്യപ്പെട്ടു. കേഠംക്കേണ്ട താമസം, അദ്ദേഹം യഥാത്ഥ ഗുസ്തി വിദഗ്ദ്ധൻെറ മട്ടിൽ നിൽപ്പായി. എൻെറ ഗുരുനാഥൻ കുഞ്ഞിക്കണ്ണൻ ടീച്ചറെ സ്മരിച്ചുകൊണ്ടു് ഞാൻ മിന്നൽവേഗതയിൽ എൻെറ തല ജയിംസിൻെറ കാലുകഠംക്കിടയിൽ കുത്തിച്ചെലുത്തി പെട്ടെന്നു് നിവന്നുകൊണ്ടു് ജയിംസിനെ പൊക്കി തറയിലേക്കെറിഞ്ഞു. എല്ലാവരും പൊട്ടിപ്പൊട്ടിച്ചിരിച്ചു. ജയിംസും ചിരിയിൽ പങ്കെടുത്തു.

ആരോഗ്യം വീണ്ടെടുത്തശേഷം, ഞങ്ങളെല്ലാവരും യുദ്ധമുന്നണിയിലേക്ക് പോകേണ്ടിയിരുന്നു. നേതാജി ഞങ്ങളുടെ ക്യാമ്പിൽവന്നു് ഞങ്ങളെ ഉദ്ബോധിപ്പിച്ചു: ''നിങ്ങഠം നിങ്ങളുടെ കത്തവ്യം നിറവേററുക. മരണം വരിക്കേണ്ടിവരികയാണെങ്കിൽ ധീരരായി മരിക്കുക!" അതിന്നുശേഷം, ശത്രുവെ നേരിടേണ്ടി വന്ന ഘട്ടങ്ങളിലെല്ലാം, ആ വാക്കുകഠം എൻെറ കാതിൽ മുഴങ്ങിക്കൊണ്ടിരുന്നു.

നേതാജിയുമായുള്ള അന്നത്തെ ആ കൂടിക്കാഴ്ച, എന്നെ സംബന്ധിച്ചിടത്തോളം അവസാനത്തേതായിരുന്നു. ഞങ്ങളുടെ കൈപിടിച്ച് കുലുക്കിക്കൊണ്ട് അദ്ദേഹം യാത്രയായി.

മുന്നണിയിലേക്ക് പുറപ്പെടുന്നതിന്ന് മുമ്പ്, റങ്കൂണിൽവെച്ച് ഞാനൊരു റേഡിയോ പ്രഭാഷണം നടത്തി.

എൻെറ വായനക്കാരെ ഇനി ഞാൻ യുദ്ധരംഗത്തേക്ക് നയിക്കട്ടെ.

കൊഹീമാവിഭാഗത്തിൽ ജനറൽ ഷാനവാസ് ഖാൻ (പിന്നീട് ഇന്ത്യൻ റെയിൽവെ ഡിപ്യൂട്ടി മന്ത്രിയായി) തൻെറ സൈന്യസംഘത്തോടൊപ്പം, ശത്രുക്കളോട് ധീരധീരം പൊരുതിക്കൊണ്ടിരുന്നു. എതിരാളികൾക്ക് തുടരെത്തുടരെ കനത്ത പരാജയം സംഭവിച്ചു. ഒടുവിൽ കൊഹീമാ ഐ. എൻ. എ. പിടിച്ചെടുത്തു. അക്യാബ്‌വിഭാഗത്തിലെ ചില സ്ഥലങ്ങളും ഞങ്ങൾക്കധീനമായി; അതുപോലെ മററു ധാരാളം ഇന്ത്യൻ പ്രദേശങ്ങളും. ഐ. എൻ. എ. കൈയടക്കിയ സ്ഥലങ്ങളിലെല്ലാം ദേശീയ ത്രിവർണ്ണ പതാക ഉയന്നു. മററു ഭാഗങ്ങളിൽ ജപ്പാനീസ് ശക്തി ഞങ്ങളെ സഹായിച്ചു കൊണ്ടിരുന്നു.

ഒടുവിൽ, ബ്രിട്ടീഷ്—അമേരിക്കൻ സൈന്യത്തിൻെറ ശക്തികേന്ദ്രമായ ഇംഫാലിന്നുവേണ്ടിയുള്ള പ്രധാനവും ഉഗ്രവുമായ യുദ്ധമാരംഭിച്ചു. അവിടെയാകട്ടെ, ഒന്നിന്നു പത്തെന്ന നിലയിൽ ശത്രുസൈന്യം

അത്രയും വലുതായിരുന്നു. എങ്കിലും, ജനറൽ ഷാന വാസ്ഖാൻെറ നേതൃത്വത്തിൽ ഐ. എൻ. എ. ശരിക്ക് ആഹാരംപോലുമില്ലാതെ അനേകദിവസം പൊരുതി. ഐ. എൻ. എ. ഭടന്മാക്ക് കിട്ടിയിരുന്ന ഒരേയൊരാഹാരവസ്തു, ചില കാട്ടുചെടികളുടെ കിഴങ്ങായിരുന്നു.

പല അവസരങ്ങളിലും, ഇംഫാൽ ഞങ്ങളുടെ അധീനതയിലാകുമെന്ന നിലയോളമെത്തി. അങ്ങനെ സംഭവിക്കുകയാണെങ്കിൽ, പിന്നെ ബ്രിട്ടീഷുകാക്കു് പടിഞ്ഞാറ് ബ്രഹ്മപുത്രവരെ യാതൊരു താവളവും നിലനിത്താൻ സാദ്ധ്യമാവുമായിരുന്നില്ല. ഇത് ബ്രിട്ടീഷ്അമേരിക്കൻ ശക്തിയുടെ വീര്യം ഇരട്ടിപ്പിച്ചു. ആയുധവും വെടിക്കോപ്പും അവരുടെ പക്ഷത്തേക്ക് വിമാനമാഗ്ഗം ഒഴുകിയെത്തി. ആയിരക്കണക്കിനു് കോവർക്കഴുതകളെപ്പോലും വിമാനം വഴി അവർ മുന്നണിയിലെത്തിച്ചിരുന്നുവെന്നു് കേറംക്കുകയുണ്ടായി.

അന്തമാൻ-നിക്കോബാർ ദ്വീപുകളിൽ രക്തച്ചൊരിച്ചൽ കൂടാതെ, ദേശീയപതാക ഉയത്തപ്പെട്ടിരിക്കുന്നു എന്ന സുപ്രധാനവാത്ത, ഇംഫാലിലെ ഉഗ്രമായ യുദ്ധത്തിനിടയിൽ ഞങ്ങറംക്കറിവായി. അങ്ങനെ, ഞങ്ങറം പല ഇന്ത്യൻ പ്രദേശങ്ങളും സ്വതന്ത്രമാക്കി. പക്ഷേ, ആ വിജയം ക്ഷണികമായിരുന്നു. ശത്രുവിൻെറ യഥാത്ഥ ശക്തിയെ താഴ്ത്തിക്കാണിക്കുന്നതു് തികച്ചും അനാശാസ്യമാണു്. ധാമ്മികമായി അവർ ബലഹീനരെങ്കിലും അവരുടെ ആയു

ധശക്തി വളരെ ഉയന്നതായിരുന്നു. ശക്തികൂടിയ പീരങ്കികളോ ടാങ്കുകളോ വിമാനങ്ങളോ ഐ. എൻ. എ. ക്കില്ലായിരുന്നു. ഭടന്മാരൊക്കെ, ഗറില്ലാ യുദ്ധമുറയിൽ പരിശീലനം നേടിയവരായിരുന്നെന്നു മാത്രം. തികച്ചും ആയുധവൽകൃതമായ ശത്രുപട്ടാളത്തെ നേരിടാൻ ഈ ഒരു മാഗ്ഗമേ സ്വീകാര്യമായിരുന്നുള്ളു. ശത്രുസേനയുമായി, നേരിട്ടുള്ള യുദ്ധമായിരുന്നില്ല ഗറില്ലാ സമരമുറ. ശത്രുവെ അപ്രതീക്ഷിതമാംവിധം ആക്രമിക്കുകയും, പെട്ടെന്നു് രക്ഷാസങ്കേതത്തിലേക്ക് പിന്മാറുകയും, വീണ്ടും ആക്രമിച്ച് ശത്രുവിൻെറ മുന്നേററത്തേയും പിന്മാററത്തേയും ഒരുപോലെ തടയുകയുമാണു് ഒരു ഗറില്ലാഭടൻ ചെയ്യുക. ബമ്മയിലെ യുദ്ധത്തിൽ ഞങ്ങളുടെ ഈ മാതൃക ഫലിച്ചിരുന്നു.

പക്ഷേ, ഒടുവിൽ, ഒഴിച്ചുകൂടാൻ വയ്യാത്തതു് സംഭവിച്ചു; ഇംഫാലിൽ മഴ ആരംഭിച്ചു. പ്രതീക്ഷിച്ചതിലും നേരത്തെയായിരുന്നു മഴയുടെ തുടക്കം. മാത്രമല്ല അതു വളരെ കഠിനമായിരുന്നുതാനും. മഴക്കാലം തുടങ്ങും മുമ്പേ ഇംഫാൽ പിടിച്ചെടുക്കണമെന്നായിരുന്നു ഞങ്ങളുടെ ലക്ഷ്യം. ദൈവവും ഞങ്ങളുടെ ആഗ്രഹത്തിന്നെതിരായിരുന്നു എന്നു തോന്നുന്നു. ആ ഘട്ടം മുതൽ സ്ഥിതിഗതികൾ തികച്ചും ഐ. എൻ.എ.ക്ക് പ്രതികൂലമാവാൻ തുടങ്ങി. ഭക്ഷണമില്ല, വെടിക്കോപ്പ് തീൻ. ആയിരക്കണക്കിനു് ഭടന്മാക്കു് രോഗം പിടിപെട്ടു. മരുന്നാണെങ്കിൽ കിട്ടാനില്ല. അപ്രതീക്ഷിതമാംവിധം ആരംഭിച്ച അതിവഷം,

പല മുന്നണികളിലേയും കണക്കുകൂട്ടൽ തകൎത്തു. മാത്ര മല്ല യുദ്ധം തുടൎന്നുപോവുന്നതു അസാദ്ധ്യവുമാക്കി ത്തീൎത്തു. തല്ക്കാലത്തേക്കോ, അല്ലെങ്കിൽ പുതിയ സാമഗ്രികൾ എത്തുന്നതുവരെയെങ്കിലുമോ, യുദ്ധം നിൎത്തിവെക്കുകയല്ലാതെ നിൎവ്വാഹമില്ല. നൂറുകണ ക്കിന്നു് നാഴിക അകലെനിന്നു് പെട്ടെന്നു് സാധന സാമഗ്രികൾ എത്തിച്ചേരുന്ന കാര്യം പ്രയാസവുമാ യിരുന്നു.

അതുവരെ ഐ എൻ. എ. പിന്മാററമെന്തെന്ന റിഞ്ഞിരുന്നില്ല. എങ്കിലും നേതാജിയുടെ നിൎദ്ദേശ പ്രകാരം, ഐ. എൻ. എ.ക്കു് മുൻനിരയിൽനിന്നു് പട്ടാളക്കാരെ പിൻവലിക്കേണ്ടിവന്നു. ആ പിന്മാററം വേദനാജനകമായിരുന്നു. മുട്ടോളമാഴത്തിലുള്ള ചളി യിലൂടെ നിരങ്ങി നീങ്ങിക്കൊണ്ടു് പിന്മാററം ആരം ഭിച്ചു. പരിക്കുപററിയും രോഗം പിടിപെട്ടും അവശ രായ അനവധിപേരെ സ്റ്റ്രച്ചറുകളിൽ നീക്കം ചെയ്യേ ണ്ടിയിരുന്നു. കൊഹീമയിലൂടെ ആരംഭിച്ച ക്രമബ ദ്ധമായ ആ പിന്മാററം മുഴമിച്ചപ്പോഴേക്കും, ആളുകൾ മിക്കവരും രോഗബാധിതരും ക്ഷീണിതരുമായിത്തീ ൎന്നിരുന്നു. മഴക്കാലം അവസാനിക്കുകയും പുതിയ സൈനികവിഭാഗം എത്തുകയും ചെയ്തു. ഞങ്ങളുടെ സ്ഥിതി ഭേദപ്പെടുന്നതോടെ, വീണ്ടും ആക്രമണം ആരംഭിക്കണമെന്നായിരുന്നു ഞങ്ങളുടെ പദ്ധതി.

സിവിൽജീവിതത്തിൽ, ഓവർസിയറെന്ന നി ലയിൽ, പാലം പണിയുന്നതിലുംമററും അല്പം അനുഭ വജ്ഞാനം എനിക്കുണ്ടായിരുന്നതുകൊണ്ടു് നാലാം

ഇഞ്ചിനീയറിങ്ങ് യൂനിററിലെ രണ്ടാം കമാണ്ടർറായി എനിക്ക് സ്ഥലമാററം കിട്ടി. കമാണ്ടിങ്ങ് ഓഫീസർ, ഒരു ലഫ്ടനൻറ് പൊന്നുസ്വാമിയായിരുന്നു. ദിവസത്തിൽ ഇരുപതും മുപ്പതും നാഴിക യാത്രചെയ്ത്, ഞങ്ങളുടെയൂനിററ് മുന്നണിയിലേക്ക് നീങ്ങിക്കൊണ്ടിരുന്നു. ഒടുവിൽ, വളരെ തന്ത്രപ്രധാനമായ മൗണ്ട്പോപ്പ എന്നസ്ഥലത്തെത്തി. അവിടെ, എതിർവശത്തുനിന്നും വളരെ അടുത്തായി ശത്രുക്കൾ ഞങ്ങളുടെനേക്ക് മുന്നേറിക്കൊണ്ടിരുന്നിട്ടും ഞങ്ങൾ ആ സ്ഥലത്ത് നിലയുറപ്പിച്ചു.

ഘോരമായ ഏററുമുട്ടൽ നടന്നു. എതിരാളികളുടെ ഷെർമ്മൻ ടാങ്കുകൾ ഞങ്ങളുടെ താവളങ്ങൾക്കു നേരെ വെടിയുതിർത്തു. യുദ്ധം കൂടുതൽ രൂക്ഷമായി. കടുത്ത പ്രതികൂല പരിതഃസ്ഥിതിയിലും ഞങ്ങൾ ഞങ്ങളുടെ സ്ഥാനങ്ങൾ കൈയൊഴിച്ചില്ല.

മൗണ്ട്പോപ്പക്കടുത്തുവെച്ച്, അതിപ്രധാനമായ ഒരു സംഭവം നടന്നു. ഞങ്ങളുടെ അല്പംമുമ്പിലായി മുന്നണിയിൽ നേതാജി പൊരുതിക്കൊണ്ടിരുന്നു. പെട്ടെന്ന്, രക്ഷപ്പെടാൻ മാർഗ്ഗമനുവദിക്കാത്ത വിധം ശത്രുക്കൾ അദ്ദേഹത്തെ വളഞ്ഞു. ശത്രുവിൻെറ കയ്യിലകപ്പെടുകയാണെങ്കിൽ, കൈബോമ്പുപയോഗിച്ച് ആത്മഹത്യചെയ്യാൻ അദ്ദേഹം തയ്യാറെടുത്തു. സമീപത്തുണ്ടായിരുന്ന ജപ്പാനീസ് പട്ടാളത്തിലെ ആത്മഹത്യാസ്ക്വാഡ്, പെട്ടെന്ന് ശത്രുവലയംഭേദിച്ച്കടന്ന് നേതാജിയെ രക്ഷപ്പെടുത്തി. ഇരുഭാഗത്തും ധാരാളംപേർ മരിച്ചുവീണു.

എല്ലാ യുദ്ധമുഖങ്ങളിലും ശത്രുക്കളാണ് മുന്നേറിക്കൊണ്ടിരുന്നത്. പരാജയത്തെപ്പററി ബോധമുണ്ടായിട്ടും ഞങ്ങൾ ധീരമായി പൊരുതിനിന്നു. വീണു പൊട്ടുന്ന ഇടം മുഴവൻ അഗ്നിക്കിരയാക്കുന്ന തീബോമ്പുകളും ശത്രുക്കൾ ഉപയോഗിക്കുകയുണ്ടായി. സാധാരണ മരങ്ങൾപോലും ബോംബെറിഞ്ഞു കത്തിക്കപ്പെട്ടു. മരങ്ങളുടെ മറവിൽ പോയൊളിച്ച് പിന്നീട് തരംകിട്ടുമ്പോൾ യുദ്ധം ചെയ്യാൻ ഞങ്ങൾക്ക് അതുകൊണ്ട് കഴിയാതായി. ഞങ്ങൾക്കവിടെ വെച്ച് വളരെയധികം നാശനഷ്ടങ്ങൾപററി. ഐ. എൻ. എ.യിലെ ധാരാളം ഓഫീസർമാരും സൈനികരും അവിടെ ജീവിതം ബലിയർപ്പിച്ചു. എന്റെ ഉററ ചങ്ങാതിയും ഒററപ്പാലത്തെ എം. പി. ഗോവിന്ദമേനോന്റെ മരുമകനുമായ ലഫ്ടനന്റ് മേനോനും അതിൽപ്പെടുന്നു.

തമിഴ്നാട്ടിൽനിന്നുള്ള ഒരു യുവഭടന്നു് ശത്രുവിന്റെ വെടിയുണ്ടയേററു. അദ്ദേഹം നിലത്തു വീണു. സഹായിക്കാനായി ഞാൻ കുതിച്ചെത്തി, മുറിവ് എങ്ങനെയുണ്ടെന്നു് അന്വേഷിച്ചു. നിറഞ്ഞ കണ്ണുകളോടെ, അദ്ദേഹം പറഞ്ഞ മറുപടിമാത്രം ഞാനോർമ്മിക്കുന്നു: ''സർ, ഞാനെന്റെ കടമ നിറവേററിയെന്നു് ദയചെയ്തു് നേതാജിയെ അറിയിക്കുക. ഞാൻ മരിക്കുകയായി''. ഏതാനും നിമിഷങ്ങൾക്കകം ആ യുവധീരൻ മരിച്ചുവീണു.

ഞാൻ മുമ്പ് പ്രസ്താവിച്ചതുപോലെ, ഇവയെല്ലാം ഇന്നു് പഴയ കഥകളായിത്തീർന്നിരിക്കുന്നു.

ഒരു ഐ. എൻ. എ. ഭടൻെറ കർത്തവ്യബോധവും ആവേശവും ഏതു തരത്തിലായിരുന്നു എന്നു് വ്യക്തമാക്കാനാണു് ഈ കഥ ഇവിടെപ്പറഞ്ഞതു്. സ്വജീവിതം ബലിയർപ്പിച്ച ഐ. എൻ. എ. ധീരന്മാരെപ്പററി കണ്ണുനീരോടെയല്ലാതെ നാം എങ്ങനെ ഓക്കും?

ഏററു മുട്ടലിൻെറ കാഠിന്യം കൂടിക്കൂടി വന്നു. അനവധി വിമാനങ്ങൾ ഇടതടവില്ലാതെ ബോമ്പു് വർഷിച്ചു. പലക്കും ധൈര്യം നഷ്ടപ്പെട്ടു. പല സീനിയർ ഓഫീസർമാരും പിന്മാററത്തെപ്പററി ആലോചിക്കണമെന്നു് അഭിപ്രായപ്പെട്ടുതുടങ്ങി. എൻെറ കമാണ്ടൻറ് പൊന്നുസ്വാമി, പിന്മാറണമെന്നു് എന്നോടു് യാചനാസ്വരത്തിൽ അപേക്ഷിച്ചു. അവശരായ ഭടന്മാരെയുംകൂട്ടി പിന്മാറിക്കൊള്ളാൻ ഞാൻ അദ്ദേഹത്തോടാവശ്യപ്പെട്ടു. അദ്ദേഹവും സംഘവും അന്നുരാത്രിതന്നെ അവിടെനിന്നു് മാറി. ലഫ്ടനൻറ് പൊന്നുസ്വാമിയെ ഞാനന്നാണു് അവസാനമായി കണ്ടതു്. ഇന്നദ്ദേഹം ജീവിച്ചിരിപ്പുണ്ടോ എന്നുകൂടി എനിക്കറിവില്ല.

ഏതാനും നാൾകൂടി കഴിഞ്ഞു. ഞങ്ങൾക്കു് കിട്ടിയ ആഹാരം മിക്കവാറും തീൻു. പഞ്ചസാരയുടെ രുചിയറിഞ്ഞിട്ടു് മാസങ്ങൾതന്നെയായി. ഉപ്പു ചേർത്താണു് ചായ കുടിച്ചിരുന്നതു്. ഒടുവിൽ ഉപ്പും തീൻു. അല്പം അരിമാത്രം ബാക്കിയുണ്ടു്. മനോധൈര്യം നശിപ്പിക്കുമാറു് നില വളരെ വഷളായിത്തീൻു.

എല്ലാററിനും പുറമെ, ഗൗരവമേറിയ മറെറാരു സംഭവവും ഉണ്ടായി.

മുമ്പ് ബ്രിട്ടീഷിന്ത്യൻ ആർമിയിലുണ്ടായിരുന്ന ഒരു മേജർ മദൻ, വിശ്വസ്തരായ ഏതാനും ലഫ്ടനൻറുമാരെയും കൂട്ടി, ശത്രുതാവളത്തെപ്പററിയും ശത്രുസൈന്യ സംഖ്യാബലത്തെക്കുറിച്ചും അന്വേഷിച്ചറിയാനുള്ള ഒരു റോന്തുചുററലിന്നു് പുറപ്പെട്ടുപോയി. അയാൾ കമാണ്ടൻറായിരുന്നു. യൂനിററിൻെറവക ധാരാളം പണവും കൂട്ടത്തിലെടുത്തു. ആക്രമണപദ്ധതിയെപ്പററിയുള്ള ഐ. എൻ. എ.യുടെ ധാരാളം രഹസ്യരേഖകളും അയാളുടെ കൈവശമുണ്ടായിരുന്നു. ആകാശത്തുനിന്നു് ശത്രുവിമാനങ്ങൾക്ക് കണ്ടുപിടിക്കാനാവാത്തവിധം വലിയ ഗുഹകൾക്കുള്ളിൽ സമർത്ഥമായി നിർമ്മിക്കപ്പെട്ടിരുന്ന ഞങ്ങളുടെ ക്യാമ്പുകളുടെ സ്ഥാനം കാണിക്കുന്ന ഭൂപടങ്ങളും കൂട്ടത്തിൽ ഉണ്ടായിരുന്നു. ജനറൽ ഷാനവാസ്ഖാൻെറ കല്പനയനുസരിച്ച് എൻെറ നേരിട്ടുള്ള മേൽനോട്ടത്തിലാണ് ആ ക്യാമ്പുകൾ നിർമ്മിച്ചിരുന്നതു്. ഞങ്ങളുടെ ഹെഡ്ക്വാട്ടേഴ്സും വലിയൊരു ഗുഹക്കകത്തായിരുന്നു. അതിലെ വിളക്കുകൾ പുറത്തുനിന്നുകാണാൻ പററാത്തമട്ടിലാണ് സജ്ജമാക്കിയിരുന്നതു്. ആ രഹസ്യസങ്കേതങ്ങളിൽ ഒന്നിനെയെങ്കിലും നേരിട്ടാക്രമിക്കുവാൻ ആ തിയ്യതിവരെ ശത്രുക്കൾക്ക് കഴിഞ്ഞിരുന്നില്ല. ആസ്പത്രികൾപോലും അത്രയും ശ്രദ്ധയോടെയാണ് പണിതിരുന്നതു്.

ആ മേജർ മദൻ, ഒരു രാജ്യദ്രോഹിയായിമാറി. ഞങ്ങളുടെ രഹസ്യരേഖകളെല്ലാം അടിയറവെച്ചുകൊണ്ടു് അയാളും കൂട്ടുകാരും ശത്രുവിന്നു കീഴടങ്ങി.

ഞങ്ങളുടെ സ്ഥാനം ശത്രുവിന്നു് അറിവായതോടെ ആത്മരക്ഷക്കുള്ള എല്ലാ പഴുതും അടഞ്ഞു. അന്നുരാത്രി തന്നെ അവിടം വിടാൻ ഞങ്ങരം ഒരുങ്ങി. ഒരു ആത്മഹത്യാസ്ക്വാഡ് സംഘടിപ്പിച്ചു്, അന്നു രാത്രി ധാരാളം ശത്രുടാങ്കുകളെ നശിപ്പിക്കാനും ഞങ്ങരം പരിപാടിയിട്ടു. എൻെറ നേതൃത്വത്തിൽ വളരെ അടിയന്തിരമായി ഒരാത്മഹത്യാവിഭാഗം രൂപീകൃതമായി. കയ്യിൽ ബോമ്പുമായിച്ചെന്നു്, ടാങ്കുകരം ആക്രമിക്കാനായിരുന്നു ഞങ്ങളുടെ പദ്ധതി. എന്നാൽ ദൈവഹിതം മറിച്ചായിരുന്നു. ആ പരിപാടി നടപ്പിലായിരുന്നെങ്കിൽ, ഇന്നീക്കഥപറയാൻ ഞാൻ ജീവിച്ചിരിപ്പുണ്ടാവില്ല. പക്ഷേ, ധാരാളം ശത്രുടാങ്കുകരം നശിപ്പിക്കാൻ ഞങ്ങരംക്കു കഴിഞ്ഞേനെ.

അന്നത്തെ ദിവസം ഞങ്ങളുടെ യൂനിററുകളിലൊന്നു്, ഒരു ബ്രിട്ടീഷ് ജീപ്പ് റോന്തുസംഘത്തെ ആക്രമിച്ചു. ഏതാനും ശത്രുഭടന്മാർ കൊല്ലപ്പെട്ടു. പരിശോധനക്കായി പിടിച്ചെടുക്കപ്പെട്ട ഒരു ജീപ്പ് ഞങ്ങരം കൊണ്ടുവന്നു. ഞാൻ ആദ്യമായി ജീപ്പു കണ്ടതു് അന്നാണു്.

രാജ്യദ്രോഹിയായി മാറിയ മേജർ മദൻെറ ഒരു കോലം ഞങ്ങരം കത്തിച്ചു. ഇന്ത്യയിൽ തിരിച്ചെത്തിയശേഷം, ആ മേജറെ ഒരു ഐ. എൻ. എ. ഭടൻ വെടിവെച്ചുകൊന്നെന്നാണു് കേട്ടതു്. അയാരം അർഹിക്കുന്ന സമ്മാനം!

മൗണ്ട്പോപ്പയിൽനിന്ന് ഒഴിച്ചുപോകാനുള്ള പരിപാടിയെപ്പററിയാണല്ലൊ ഞാൻ പറഞ്ഞതു്. പക്ഷേ, അന്ന് ധാരാളം ശത്രുവിമാനങ്ങരം ഞങ്ങളുടെ നേക്കു് തുരുതുരെ ബോമ്പുവഷം ആരംഭിച്ചു. ഞങ്ങളുടെ താവളം എവിടെയാണെന്നു് കാട്ടുന്ന ഭൂപടം അവരുടെ പക്കലുണ്ടായിരുന്നതുകൊണ്ടു്, ഞങ്ങരം എവിടെയെന്നു് അവക്കു് ശരിക്ക് നിശ്ചയമുണ്ടായിരുന്നു. ലക്ഷ്യം തെററാത്ത നിരവധി ബോമ്പേററിന്നു് ഞങ്ങളിരയായി. ആസ്പത്രികരം ആക്രമിച്ചു് നശിപ്പിക്കപ്പെട്ടു. ധാരാളം രോഗികരം മരിച്ചു. ശത്രുടാങ്കുകളെ നശിപ്പിക്കാൻ സംഭരിച്ചിരുന്ന സ്ഫോടകവസ്തുക്കരം തീപ്പിടിച്ചു് കത്തിനശിച്ചു. ധാരാളം ഓഫീസർമാരും ഭടന്മാരും കൊല്ലപ്പെട്ടു. ആകാശാക്രമണരക്ഷാകേന്ദ്രങ്ങളിലുണ്ടായിരുന്നവക്ക്കൂടി ആത്മനാശം സംഭവിച്ചു. ശത്രുവിൻെറ ആക്രമണം അത്രയും കുറിക്കുകൊള്ളുന്നതായിരുന്നു. കണക്കററ ആരംനാശവും വസ്തുനാശവും ഞങ്ങരംക്കുപററി. ശവങ്ങരം മറവുചെയ്യാൻപോലും ആളുണ്ടായിരുന്നില്ല. ജീവനോടെ ശേഷിച്ച ഏതാനും പേരുടെ സഹായത്തോടെ, ഞാൻ, മരിച്ചുപോയ സഖാക്കളുടെ ജഡങ്ങരം ശേഖരിച്ചു. കുഴികുത്തി അഞ്ചും ആറും വീതം ഓരോന്നിലും അടക്കംചെയ്തു. ചത്തുവീണ മൃഗങ്ങളുടെ ശവം നീക്കംചെയ്യുന്ന കാര്യം അപ്പോരം, മിക്കവാറും അസാദ്ധ്യമായിരുന്നു.

അവനവൻ സ്വയം രക്ഷപ്പെട്ടുകൊള്ളണമെന്നുള്ള അവസാന നിർദ്ദേശം അന്നു വൈകുന്നേരം നല്കപ്പെട്ടു.

എനിക്ക് എന്റെ രക്ഷാപരിപാടി രൂപീകരിക്കേണ്ടിവന്നു. ഏകദേശം മുപ്പതുപേരാണ് എന്റെ യൂനിററിൽ അവശേഷിച്ചിരുന്നത്. രോഗബാധിതരും മുറിവേററവരും നിരായുധരുമായിരുന്നു അവർ. ഏതാനും പേരുടെ പക്കൽ, കുറച്ച് തോക്കും വെടിക്കോപ്പും ഉണ്ടായിരുന്നു, എന്റെ കൈയിൽ ഒരു റിവോൾവറും ഏഴ് ഉണ്ടകളും. ശേഷിപ്പുള്ള രണ്ട് ജൂനിയർ ഓഫീസർമാരുമായി ഞാൻ കൂടിയാലോചിച്ചു. ശരീരശേഷിയുള്ളവരും യാത്രാസന്നദ്ധതയുള്ളവരുമായ ഭടന്മാരെയും കൂട്ടി, മൂന്നോനാലോ രാത്രി നീണ്ടുനിന്നേക്കാവുന്ന സഞ്ചാരംവഴി മാഗ്വെ നദിയുടെ മറുകരയിലേക്ക് രക്ഷപ്പെടാൻ ഞങ്ങൾ ഒടുവിൽ തീരുമാനമെടുത്തു. ബാക്കിയുണ്ടായിരുന്നവരെ ദൈവത്തിന്റെ ദയക്ക് വിട്ടുകൊണ്ടും അവരോട് അടുത്ത ദിവസംതന്നെ ശത്രുവിന്നു് കീഴടങ്ങാൻ അപേക്ഷിച്ച്കൊണ്ടു് ഞങ്ങൾ യാത്രയായി. ഭക്ഷണത്തിനായി അല്പം പണം ഞാൻ അവർക്കുനൽകി. ആ വേർപാട് തികച്ചും വേദനാജനകമായിരുന്നു. പക്ഷെ അതല്ലാതെ മററു പോംവഴിഒന്നുമുണ്ടായിരുന്നില്ല.

മററു കാര്യം വിവരിക്കുംമുമ്പെ, മൗണ്ട് പോപ്പയെപ്പററി ചില വസ്തുതകൾ വ്യക്തമാക്കട്ടെ. ഞാൻ നേരത്തെപറഞ്ഞതുപോലെ ഈ സ്ഥലം വളരെയേറെ യുദ്ധതന്ത്രപ്രാധാന്യമുള്ളതായിരുന്നു. അക്കാരണം കൊണ്ടാണ് ഞങ്ങൾ അവിടം കൈവശപ്പെടുത്തിയതും. എന്റെ ഓർമ്മ ശരിയാണെങ്കിൽ മൗണ്ട് പോപ്പ 2500 അടി ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്.

രാജവെമ്പാല വർഗ്ഗത്തിൽപ്പെട്ട പാമ്പുകൾക്ക് കേൾവിപ്പെട്ട സ്ഥലവുമാണ് അത്. പതിനഞ്ചടി മുതൽ പതിനേഴടിവരെ നീളവും, വിരുത്തിയാൽ എട്ടൊമ്പതംഗുലം വ്യാസംവരുന്ന പത്തിയുമുള്ള പടക്കുററൻ പാമ്പുകളെ ഞാനവിടെവെച്ച് കണ്ടിട്ടുണ്ട്. കാഴ്ചയിൽ പേടിപ്പെടുത്തുന്ന ഇവയ്ക്ക്, മററുപാമ്പുകൾക്കൊന്നും കഴിയാത്തമട്ടിൽ, വാലിൽ കുത്തനെ ഉയന്നുനില്ക്കാൻ കഴിയും. ദിവസങ്ങളോളം ഞങ്ങൾ ഇത്തരം പാമ്പുകൾക്കിടയിലാണ് കഴിച്ചുകൂട്ടിയതെങ്കിലും യാതൊരപകടവും നേരിട്ടില്ല.

ഒരിക്കൽ ഒരു ബമ്മീസ് മാന്യൻ, ബമ്മക്കാരികളുടെ നാഗനൃത്തപ്രകടനം കാണാൻ എന്നെ ക്ഷണിച്ചു.

നത്തകികൾ വലിയ കൂടകളിലാക്കി പത്ത് മൂർഖൻപാമ്പുകളെ കൊണ്ടുവന്നിരുന്നു. എല്ലാസ്ത്രീകളും തൂവെള്ളനിറത്തിൽ വൃത്തിയായി സന്യാസിനികളെന്നോണം വസ്ത്രധാരണം ചെയ്താണ് വന്നത്. കൂടെ ഉണ്ടായിരുന്ന വൃദ്ധനായ ഗുരുവോടൊപ്പം സമൂഹപ്രാത്ഥന നിവ്വഹിച്ചശേഷം, വാദ്യസംഗീതത്തിൻെറ അകമ്പടിയോടെ അവർ കൂട തുറന്നു. പാമ്പുകൾ പത്തിവിരുത്തി നൃത്തമാരംഭിച്ചു. ഫണം വിടർത്തി ഉയന്നാടുന്ന ആ നാഗങ്ങൾക്ക് എട്ടടിയോളം ഉയരമുണ്ടായിരുന്നു. കൂടെ നൃത്തംചെയ്ത മനുഷ്യസ്ത്രീകൾക്ക് ഉയരം അഞ്ചരയടിമാത്രവും. ചി

ലപ്പോഴവ ആഞ്ഞുകൊത്താൻ ഓങ്ങിയിരുന്നു. ആ പാമ്പുകളുടെ വിഷസഞ്ചി നീക്കം ചെയ്യപ്പെട്ടിരുന്നുവോ എന്നെനിക്ക് നിശ്ചയമുണ്ടായിരുന്നില്ല. എന്റെ ബമ്മീസ് സുഹൃത്തു പറഞ്ഞതു്, അവക്ക് അപ്പൊഴും വിഷസഞ്ചി ഉണ്ടെന്നായിരുന്നു. ഏതായാലും ആ നാഗനൃത്തം കാണേണ്ട കാഴ്ചതന്നെയായിരുന്നു.

# വേദനാജനകമായ പിന്മാററം

മുമ്പ് തീരുമാനിച്ചതുപോലെ, ബാക്കിയുണ്ടായിരുന്ന സ്ഫോടകവസ്തുക്കരം കാട്ടിൽ കുഴിച്ചിട്ട ശേഷം, സൂര്യാസ്തമനത്തോടെ ഞങ്ങരം മൗണ്ട് പൊപ്പ വിട്ടു. പകൽസമയം വിശ്രമിച്ച്, രാത്രി കാലങ്ങളിൽ കുറുനരികളെന്നപോലെ ഞങ്ങരം യാത്ര തുടന്നു. ശത്രുക്കരംക്ക് പിടികൊടുക്കാതെ രക്ഷപ്പെടണമെന്ന ഒററ ഉദ്ദേശ്യമാണ് ഞങ്ങരംക്കുണ്ടായിരുന്നതു്. നാലുപാടും ശത്രുക്കരം ഉള്ളതുകൊണ്ട് ഓരോ അടിവെപ്പും സൂക്ഷിച്ചുവേണ്ടിയിരുന്നു. കൈയിലാണെങ്കിൽ ഒററ ദിവസത്തേക്കുള്ള ആഹാരമേ ഉള്ളു.

കവചിതവാഹനങ്ങളും ടാങ്കുകളുമായി ശത്രുസൈന്യം വളരെവേഗം മുന്നേറിക്കൊണ്ടിരുന്നു. ഞങ്ങളുടെ പ്രതിരോധം ദുർബ്ബലമായതുകൊണ്ട് അവക്ക് മുന്നേററം എളുപ്പമായി. ഉദ്ദേശരഹിതമായി ഇടക്കിടെ തലങ്ങും വിലങ്ങുമായി വെടിയുതിർത്തുകൊണ്ടാണ് ശത്രുക്കരം മുന്നോട്ടു നീങ്ങിയതു്.

അന്നു രാത്രി, അജ്ഞാതമായ വനാന്തരങ്ങളിലൂടെ, ഞങ്ങരം ഇരുപതോളം നാഴിക പിന്നിട്ടു.

പിറേറന്നു് ഞാൻ ഒരു ഭടനേയുംകൂട്ടി, അന്നു രാത്രിയത്തെ യാത്ര എങ്ങനെ ഏതുവഴിയിലൂടെ വേണമെന്നു് ആസൂത്രണം ചെയ്യാൻ ചുററുപാടുമുള്ള സ്ഥലപരിശോധനക്കിറങ്ങി. അങ്ങിനെ ഒരു തുറസ്സായ സ്ഥലത്തെത്തി. പെട്ടെന്നു് ഒരു രക്ഷാകേന്ദ്രം കണ്ടെത്താൻ കഴിയുംമുമ്പ്, ഒരു വിമാനം വളരെ താഴ്ന്നു പറന്നു് ഞങ്ങളുടെ നേരെ യന്ത്രത്തോക്കുകൊണ്ടു വെടിവെച്ചു. ഏതാനും കുററിച്ചെടികഠംക്കിടയിൽ മറഞ്ഞുനിന്നു്, കൈവശമുണ്ടായിരുന്ന ഒരേയൊരു റൈഫിഠംകൊണ്ടു് ഞാൻ തിരിച്ചു് വെടിവെച്ചു. വിമാനത്തിൽനിന്നു് പിന്നീടു് കൈബോംബുകഠം എറിയപ്പെട്ടു, ഭാഗ്യംകൊണ്ടോ കുലദൈവത്തിൻെറ കടാക്ഷംകൊണ്ടോ ഞങ്ങഠംക്കു് അപകടം പററിയില്ല. ബോംബുകഠം ഞങ്ങളുടെ വളരെ സമീപത്താണു് വന്നു വീണതു്. ഞങ്ങളപ്പോഠം, നിലത്തു് അമന്നു് കമിഴ്ന്നു കിടക്കുകയായിരുന്നു.

അന്നു രാത്രിയും ഞങ്ങഠം സഞ്ചാരം തുടന്നു. പതിനഞ്ചുനാഴിക യാത്രചെയ്തപ്പോഠം, ഒരു ചെറിയ ബമ്മീസ് ഗ്രാമത്തിലെത്തി. അവിടത്തെ വൃദ്ധനായ ഗ്രാമത്തലവൻ, ദയാലുവായിരുന്നു. അയാഠം ഞങ്ങഠംക്കു് അഭയം നൽകി. ആഹാരം തന്നു. ആ ഗ്രാമത്തലവൻ ഒരു മന്ത്രവാദിയും ഉറുക്കുകളുടെ ഗൂഢവിദ്യ അറിയുന്നവനും ആയിരുന്നു. എനിക്കു് അല്പം ബമ്മീസ്ഭാഷ അറിയാവുന്നതുകൊണ്ടു്, നാലുപാടുമുള്ള ശത്രുക്കളുടെ സ്ഥിതിയെപ്പററി അയാഠം എനിക്കു് വിശദീകരിച്ചു തരികയും ചെയ്തു. എല്ലാ പ്രധാന

സ്ഥലങ്ങളിലും ശത്രുക്കൾ നിലയുറപ്പിച്ചിരിക്കുന്ന തിനാൽ, ഞങ്ങൾക്ക് രക്ഷപ്പെടാൻ ഒരു സാദ്ധ്യതയു മില്ലെന്നു് അയാൾ അഭിപ്രായപ്പെട്ടു. മാത്രമല്ല ബർമ്മ ക്കാർതന്നെ ഞങ്ങൾക്കെതിരായിത്തീർന്നിട്ടുണ്ടെന്നും അതുനിമിത്തം രക്ഷാമാർഗ്ഗം കൂടുതൽ വിഷമകരമാ ണെന്നും അയാൾ പറഞ്ഞു. യാത്ര തുടരാനുള്ള തീരു മാനത്തിൽ ഞാൻ ഉറച്ചുനിന്നു. ഞാൻ പുറപ്പെട്ട പ്പോൾ, ഗ്രാമത്തലവൻ എനിക്കൊരു കറുത്ത ഉറുക്ക് സമ്മാനിച്ചു. അതു് ദേഹത്തിൽ ധരിക്കുന്നിടത്തോളം ഒരപകടവും പററില്ലെന്നു് അയാൾ പറഞ്ഞു. അയാ ളെ സന്തോഷിപ്പിക്കാൻ ഞാനതുവാങ്ങി കീശയി ലിട്ടു. ആ രക്ഷാകവചമോ (Talisman) എൻെറ കുലദൈവമോ, ഭാവിയിലെ ദുർഘടങ്ങളിൽനിന്നു് എന്നെ രക്ഷിച്ചതെന്നു് എനിക്കറിയില്ല.

മാഗ്വെ നദി കടക്കാൻ ഞങ്ങൾ നടന്നപ്പോൾ, ചെന്നെത്തിയതു് ശത്രുക്കളുടെ മുമ്പിലായിരുന്നു. ഞങ്ങളുടെ വരവും പ്രതീക്ഷിച്ചു്, അവർ പലയിടങ്ങ ളിലായി പതിയിരുന്നതാവണം. ഞങ്ങളെ കണ്ടതോ ടെ അവർ വെടിവെപ്പാരംഭിച്ചു. ഞങ്ങളുടെ ഏതാനും സൈനികർ മരിച്ചുവീണു. ആഴമുള്ള ഒരു ചാലി ലേക്കു് ചാടിയിറങ്ങി ഞാൻ ചത്തതുപോലെ കി ടന്നു. ഞാൻ മരിച്ചിരിക്കുന്നുവോ എന്നു പരിശോ ധിക്കാൻ, ശത്രു സംഘത്തിലെ ഒരു യൂറോപ്യൻ പട്ടാ ളക്കാരൻ തോക്കുമേന്തി മുമ്പോട്ടുവന്നു. വെടിപൊട്ടി ക്കാൻ അയാൾക്കവസരം കിട്ടുംമുമ്പേ, ഞാനെൻെറ റിവോൾവർകൊണ്ടു് അയാളെ വെടിവെച്ചുവീഴ്ത്തി.

പെട്ടെന്നു് പിടഞ്ഞെഴുന്നേററ് കാട്ടിലേക്കോടിമറ ഞ്ഞു. എന്റെ ഇടതും വലതുമായി വെടിയുണ്ടകൾ ചീറിവന്നുകൊണ്ടിരുന്നു. ടാങ്കുകളിലെ തോക്കിൽ നിന്നുള്ള വെടി, ചുററുമുള്ള മരങ്ങളിൽ വന്നുകൊ ണ്ടു് അവയെ കടപുഴക്കിയിട്ടു. യന്ത്രത്തോക്കുകളും തെരുതെരെ ശബ്ദിച്ചു തുടങ്ങി. വെടിയുടെ പുക യേററ് എനിക്കു് ശ്വാസം മുട്ടി. പുക ശ്വസിക്കുക കാരണം വല്ലാത്ത അസഹ്യത അനുഭവപ്പെട്ടു. തൊണ്ട വേദനിച്ചു. എന്നാലും ഞാൻ രക്ഷപ്പെട്ടു.

പത്തുപതിനഞ്ചു മിനുട്ടു കഴിഞ്ഞു. കൈയിലു ണ്ടായിരുന്ന വഴികാട്ടിയായ ഒരേയൊരു ഭൂപടവും യാത്രാവസ്തുക്കൾ സൂക്ഷിച്ച സഞ്ചിയും നഷ്ടപ്പെട്ടതി നെപ്പററി അപ്പോഴാണു് ബോധമുണ്ടായതു്. മാത്ര വുമല്ല, ഞാൻ തനിച്ചേയുള്ളതാനും.

ഒരു ലക്ഷ്യവുമില്ലാതെ, എങ്ങോട്ടു് പോകുന്നെ ന്നറിയാതെ, ആഹാരമില്ലാതെ ഞാൻ കാട്ടിനുള്ളി ലൂടെ രണ്ടു ദിവസം അലഞ്ഞുനടന്നു. അട്ടിയട്ടി യായി അടിഞ്ഞുവീണ കരിയിലപ്പരപ്പിന്നുമീതെ, അവസാനം ഞാൻ ക്ഷീണിതനായി വീണുപോയി. അവിടെക്കിടന്നു് എത്രനേരം ഉറങ്ങിയെന്നറിയില്ല. ഉണർന്നുനോക്കിയപ്പോൾ വൈകുന്നേരമായിക്കഴി ഞ്ഞിരുന്നു. എഴുന്നേററുനിന്നു. ഒററയടി നടക്കാനാ വുന്നില്ല. എന്തു ചെയ്യണമെന്നു് ഒരു പിടിയുമില്ല. കാലടി നിറച്ചും പൊള്ളലേററിരിക്കുന്നു. കലശ ലായ വിശപ്പും ദാഹവും. ആഹാരമോ വെള്ളമോ കിട്ടാൻ ഒരു വഴിയുമില്ല.

വർഷകാലത്ത് മഴവെള്ളം കുത്തിയൊലിച്ചുണ്ടായ ഒരു ചാലിൽ ഉണക്കിലകളും പുല്ലും പരത്തിയിട്ട്, ഇരുട്ടാവും മുമ്പേ ഞാനൊരു മെത്തയുണ്ടാക്കി വീണ്ടും ഉറങ്ങാൻ കിടന്നു, എത്ര മണിക്കൂർ നേരത്തേക്കെന്നറിയാതെ. കാട്ടുമൃഗങ്ങളിൽനിന്നു് ഉപദ്രവമൊന്നുമേററില്ലെങ്കിലും, ഏതവസരവും അപകടം പററിയേക്കാമെന്ന ആശങ്ക, ഉപബോധമനസ്സിൽ എല്ലായ്പ്പൊഴും ഉണ്ടായിരുന്നു.

പിറേറന്നു്, നേരം പുലർന്നു. ആഹാരവും വെള്ളവുമില്ലാതെ ഉഴലുന്നതിലും ഭേദം, കൈയിലുള്ള റിവോൾവർകൊണ്ടു് തല തകർത്ത് ജീവിതമൊടുക്കുന്നതാണെന്നു് എനിക്കു് തോന്നാതിരുന്നില്ല. ജീവിക്കാനുള്ള ആ സമരത്തിൽ, തിന്നാൻകൊള്ളുന്ന ഏതാനും കാട്ടുകിഴങ്ങു് ഞാൻ കണ്ടെത്തി. തിന്നാൻ പററുന്നതാണോ എന്നാലോചിക്കാതെതന്നെ, ചില പൂക്കൾപോലും ഞാൻ പറിച്ചുതിന്നു. പക്ഷികൾ, കൊത്തിത്തിന്നുന്നതു കണ്ടു കാട്ടുപഴങ്ങൾ ജീവരക്ഷക്കുതകി. പിന്നെ, വെള്ളത്തിന്നായി അന്വേഷണം. ഒരു ചെറിയ കുഴിയുടെ അടിയിൽ അല്പം കലക്കവെള്ളം കണ്ടു. മുകളിലുള്ള പാട കൈകൊണ്ടു് മാററി, ആ ചളിവെള്ളം മതിയാവോളം കോരിക്കുടിച്ചു.

ബർമ്മയിലെ ഏതാണ്ടു് എല്ലാ കാടുകളിലും കാട്ടുകോഴികൾ സുലഭമാണു്. നൂറുകണക്കിൽ പക്ഷികളുള്ള സംഘത്തെ ഞാനവിടെ പലപ്പോഴും കണ്ടിട്ടുണ്ടു്, റിവോൾവർകൊണ്ടു് ഒന്നിനെ വെടിവെച്ചു കൊന്നു് നല്ലൊരു സദ്യയുണ്ടാക്കി. കൂട്ടതലെണ്ണത്തെ

വെടിവെക്കാൻ പററിയില്ല. രണ്ടു് ഉണ്ടകളേ ബാക്കിയുണ്ടായിരുന്നുള്ളു. മറെറാരു വഴിയുള്ളതു് കെണിവെച്ചു പിടിക്കലാണു്. അതെനിക്കു് അറിഞ്ഞുകൂടായിരുന്നു.

പിറേറന്നു്, ഭാഗ്യവശാൽ ഒരു ഊടുപാത കണ്ടു. അതിലൂടെ ഒന്നുരണ്ടു നാഴിക നടന്നപ്പോഠം ഒരിടയനെ കണ്ടുമുട്ടി. അടുത്ത ഗ്രാമത്തിലേക്കു് എന്നെ കൂട്ടിക്കൊണ്ടുപോവാൻ ഞാൻ അവനോടു് ആവശ്യപ്പെട്ടു. ആദ്യം അവൻ വിസമ്മതിച്ചെങ്കിലും, റിവോഠംവർ കാട്ടിയപ്പോഠം വഴങ്ങി. ഗ്രാമത്തിൽ എതാനും പട്ടാളക്കാരുണ്ടെന്നു് അവൻ പറഞ്ഞു. അവർ ശത്രുക്കളോ മിത്രങ്ങളോ എന്നറിയാൻ കഴിഞ്ഞില്ല. ഏതായാലും ആ ഇടയൻ കാണിച്ച വഴിയിലൂടെ ഗ്രാമത്തിലെത്തി. ശ്രദ്ധിച്ചു പരിശോധിച്ചപ്പോഠം, പട്ടാളക്കാർ സ്വന്തം ആഠംക്കാരാണെന്നു് മനസ്സിലായി. ഐ. എൻ. എ.യിലെ പല റജിമെൻറിലുംപെട്ട അവർ, കീഴടങ്ങാൻ കാത്തിരിക്കുകയാണു്. എൻെറ അവശനില കണ്ടറിഞ്ഞ അവർ, എന്നെ ഒരു കട്ടിലിൽ കിടത്തി. കുടിക്കാൻ കഞ്ഞിയുണ്ടാക്കിത്തന്നു. കഞ്ഞികുടിച്ചു് ഞാൻ കിടന്നുറങ്ങി.

അടുത്ത പ്രഭാതത്തിൽ വിമാനംവഴി വിതരണം ചെയ്യപ്പെട്ടതും ഞങ്ങളോടു് കീഴടങ്ങാൻ ആവശ്യപ്പെടുന്നതുമായ ധാരാളം ലഘുലേഖകഠം ഞങ്ങഠംക്കു് ലഭിച്ചു. അനേകം ആളുകഠം കീഴടങ്ങിക്കഴിഞ്ഞിരിക്കുന്നുവെന്നും, ഇനിയും അതിന്നു തയ്യാറാകുന്നവരെ നല്ല നിലയിൽ സ്വീകരിക്കുമെന്നും ലഘുലേഖയിൽ

പറഞ്ഞിരുന്നു. ഭേദപ്പെട്ട ഭക്ഷണം നല്ലമെന്നും ഇന്ത്യയിൽ സ്വന്തം വീടുകളിലെത്തിക്കുമെന്നും അതിൽ വിവരിച്ചിട്ടുണ്ടായിരുന്നു. ചില നിർദ്ദോഷികരം അതു വിശ്വസിച്ചു. എങ്കിലും ഞങ്ങളിൽ ചിലക്കതു് തീരേ വിശ്വാസനീയമായില്ല.

കീഴടങ്ങുന്നവരെ സ്വീകരിക്കാൻ ശത്രുക്കരം ആ ഗ്രാമത്തിലേക്കു് വരുന്നുണ്ടെന്നു് അടുത്ത ദിവസം കേട്ടു.

ശത്രുക്കരം എത്തിക്കഴിഞ്ഞിട്ടില്ലാത്ത പന്ത്രണ്ടു നാഴിക അകലെയുള്ള മററൊരു ഗ്രാമത്തിലേക്കു്, ഞങ്ങരം പത്തു പേർ അന്നുരാത്രിതന്നെ ഒളിച്ചുചെന്നു. തൊട്ടടുത്ത ഗ്രാമത്തിലേക്കു പോകാൻ ഒരു വഴികാട്ടിയെ അയച്ചുതരണമെന്നു് ഞങ്ങരം അവിടത്തെ ഗ്രാമത്തലവനോടു് ആവശ്യപ്പെട്ടു. സമയം അർദ്ധരാത്രി. ഞങ്ങളെല്ലാം ഗ്രാമത്തലവൻെറ വീട്ടുമുററത്തു് വട്ടമിട്ടിരിക്കുകയാണു്. എനിക്കു് നന്നേ ക്ഷീണം തോന്നി. കാലിലെ പൊള്ളൽ ശരിക്കു് ഭേദമായിട്ടില്ല.

ഒരു ഐ. എൻ. എ. ഭടൻ, അല്പമശ്രദ്ധയോടെ തൻെറ തോക്കും വലത്തു വശത്തുവെച്ചു്, എൻെറ സംഭാഷണം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്നു്, ഒരു ഗ്രാമീണൻ എങ്ങുനിന്നെന്നില്ലാതെ ചാടിവീണു് തോക്കുമെടുത്തു് ഇരുളിൽ ഓടിമറഞ്ഞു. ഞങ്ങരം ബഹളമുണ്ടാക്കി പിന്നാലെ ഓടിയെങ്കിലും ഫലമുണ്ടായില്ല. ആ ബർമ്മക്കാരൻ ഓടിപ്പോയ ഭാഗത്തേക്കു്, മററൊരു ഐ. എൻ. എ. ഭടൻ ഒന്നു രണ്ടു

വട്ടം വെടിവെച്ചു. ഗ്രാമത്തിൽത്തന്നെയുള്ള ഒരാശം തോക്കു കട്ടിരിക്കുന്നതുകൊണ്ടു്, ഗ്രാമത്തലവൻ അതു് തിരികെത്തരണമെന്നും തന്നില്ലെങ്കിൽ അയാളെ വെടിവെച്ചുകൊല്ലുമെന്നും ഞങ്ങരം ഭീഷണിപ്പെടുത്തി. ഗ്രാമത്തലവൻ വല്ലാതെ ഭയപ്പെട്ടു. തോക്കു് മടക്കിക്കൊടുത്തു് സ്വന്തം ജീവൻ രക്ഷിക്കണമെന്നു് അയാശം ഗ്രാമീണരോടു് ആവത്തിച്ചാവത്തിച്ചു പറഞ്ഞു. ഗ്രാമത്തിലെ, പുല്ലുമേഞ്ഞ അമ്പതുവീടും തീവെച്ചു് നശിപ്പിക്കുമെന്നും ഞങ്ങരം പേടിപ്പെടുത്തി. വാസ്തവത്തിൽ, ഈ അപകടമൊക്കെ വരുത്തിവെക്കാൻ ഞങ്ങരംക്കു് എളുപ്പം കഴിയുമായിരുന്നു. ഞാൻ ഒരു വാക്കു പറഞ്ഞാൽമതി. സ്ത്രീകളും കുട്ടികളും വെളിയിൽവന്നു്, തങ്ങളുടെ ജീവൻ രക്ഷിക്കണമെന്നു് താണുകേണപേക്ഷിച്ചു.

ഞങ്ങരം ആദ്യം ആവശ്യപ്പെട്ടവിധം വഴികാട്ടിയെ കിട്ടിയില്ല. നേരം പുലരാൻ അഞ്ചുമണിക്കുറേ ഉള്ളു. അതിന്നുമുമ്പു് പതിനഞ്ചുനാഴിക അകലെയുള്ള ഗ്രാമത്തിലെത്തണം. തിരക്കിട്ടു് നടന്നാൽ ഒരു പക്ഷേ, എത്തിയേക്കാം. വഴികാട്ടിയായി ഗ്രാമത്തലവനെ ഒന്നിച്ചുകൂട്ടി യാത്ര പുറപ്പെട്ടു. ജീവൻ രക്ഷിക്കണമെന്ന അപേക്ഷയോടെ അയാശം വരാൻ ഒരുങ്ങി.

ഏകദേശം അഞ്ചുനാഴിക നടന്നപ്പോരം, അടുത്ത ഗ്രാമത്തിലേക്കുള്ള നല്ല ഒരു വഴി കണ്ടു. ഗ്രാമത്തലവനെ, അവിടെവെച്ചു് തിരിച്ചയച്ചു. നന്ദിയോടെ അയാശം എൻെറ കാൽതൊട്ടുവന്ദിച്ചു.

കുറച്ചു നാഴികകൂടി മുന്നോട്ട് പോയപ്പോഠ ഗ്രാമത്തിന്നു് സമീപമെത്തി. പക്ഷേ, അങ്ങോട്ടു കടക്കാൻ പററിയില്ല. അവിടം മുഴവൻ ശത്രു സൈന്യം വളഞ്ഞിരിക്കുന്നു. ശത്രുവലയം ഭേദി ക്കാതെ മുമ്പോട്ടു പോകാൻ പററില്ലെന്നു് തീച്ച്ച യായി. അതിന്നൊരു പരിപാടി തയ്യാറാക്കപ്പെട്ടു. ഇടത്തും വലത്തും ഓരോ ഭടന്മാരോടൊപ്പം ഞാൻ ഏകദേശം അമ്പതു വാര മുന്നോട്ട് നിലത്തുകൂടി ഇഴ ഞ്ഞുചെന്നു. സൂചന കിട്ടുംവരെ, മററുള്ളവരോട് നിലത്തമന്ന് കിടക്കാൻ ആവശ്യപ്പെട്ടു. ഞാൻ പിടി ക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്താൽ, ബാക്കി യുള്ളവർ കീഴടങ്ങണമെന്നും നിർദ്ദേശിക്കപ്പെട്ടു. ശത്രു സ്ഥാനം പിടിച്ചടക്കാൻ എനിക്കു കഴിയുന്നപക്ഷം, മററെല്ലാവരും ഉടനെ അവിടേക്ക് കുതിച്ചെത്തി ക്കൊള്ളാൻ നിർദ്ദേശം നൽകി.

പരിപാടി മുറപോലെ നടന്നു. ശ്മശാനനിശ്ശ ബ്ദത പാലിച്ചുകൊണ്ടു്, നിരങ്ങിനീങ്ങി ശത്രുപാള യത്തിൽ എത്തിയ ഉടനെ ഞാൻ ഹിന്ദിയിൽ ഉറക്കെ അജ്ഞാപിച്ചു, ''കൈകഠപൊക്കുക ! കീഴടങ്ങുക!'' ഞങ്ങളുടെ ശക്തി മനസ്സിലാക്കാത്ത ശത്രുക്കഠ ആദ്യം സമരത്തിന്നൊരുങ്ങി. എൻെറ സംഘത്തിലെ ആള കഠ ആപ്പോഴെക്കും അവിടെ ഓടിയെത്തിയിരുന്നു. ധാരാളം വിളക്കുകഠ ശത്രുക്കളുടെ മീതെ വെളിച്ചം വീശി. കൈയോടുകൈയായി ഒരു സമരമാണ് പിന്നെ നടന്നതു്. എനിക്കു് ചില്ലറ പരിക്കുകഠ പററി. ഒരു ശത്രുഭടൻ, സംഘട്ടന സ്ഥലത്തുവെച്ചു

തന്നെ മരിച്ചുവീണു. പത്തുപേരെ തടവുകാരായി പിടിച്ചു. വളരെ മാസത്തോളം പൊരുതാനാവശ്യമായ ആയുധങ്ങളും വെടിക്കോപ്പും പിടിച്ചെടുക്കപ്പെട്ടു. അവ തടവുകാരെക്കൊണ്ടും ഞങ്ങളുടെ സ്വന്തം ആൾക്കാരെക്കൊണ്ടും എടുപ്പിച്ചു.

ഏററുമുട്ടലിന്നിടയിൽ, അഞ്ചാറു് ശത്രുഭടന്മാർ, ഇരുളിൻെറ മറവിൽ ഓടിരക്ഷപ്പെട്ടിരുന്നു. അവരാ സംഘട്ടനത്തെപ്പററിയും പത്തുപേരെ തടവുകാരാക്കിയതിനെപ്പററിയും അവരുടെ കേന്ദ്രത്തിൽ വിവരം നൽകുകയുണ്ടായി.

നേരത്തെ ഉദ്ദേശിച്ചതുപോലെ, പുലരാറായപ്പോഴേക്കും ഞങ്ങൾ അടുത്ത ഗ്രാമത്തിലെത്തി. ഞങ്ങളുടെ സാമീപ്യത്തെപ്പററി ആർക്കും സംശയത്തിന്നിടം കൊടുക്കാത്തവിധം ഞങ്ങളവിടെ ഒളിച്ചു പാർത്തു. തടവുകാരെയും ജാഗ്രതയോടെ ശ്രദ്ധിക്കണമെന്ന നിർദ്ദേശം നല്കി, കഠിനമായ ക്ഷീണം നിമിത്തം ഞാൻ കിടന്നുറങ്ങിപ്പോയി.

# മരണത്തിൻെറ മുമ്പിൽ മുഖത്തോടു മുഖം

ഒരു മണിക്കൂറോ മററോ കഴിഞ്ഞപ്പോഠം, എൻെറ ഉറക്കഠ ഉണർത്തപ്പെട്ടു. അപ്പോഠം എന്താണു് കണ്ടതു്?

എൻെറ നേരെ ബയണററ് ചൂണ്ടിയ ശത്രുഭട ന്മാർ നാലുപാടും നില്ക്കുന്നു. ഒരിന്ത്യൻ ക്യാപ്ററൻ, എൻെറ മാറത്തേക്കു് തോക്കു് ചൂണ്ടി നിൽപ്പുണ്ടു്. തലക്കുനേരെ ഓങ്ങിയ റിവോഠംവറുമായി ഒരു യൂറോപ്യൻ മേജറുമുണ്ടവിടെ.

എന്തെങ്കിലും ചിന്തിക്കാനോ ചെയ്യാനോ ക ഴിയും മുമ്പ് എൻെറ കാലുകളിൽ ചങ്ങല വീണു കഴിഞ്ഞു. കൈകഠം പിന്നിലേക്കു് ചേർത്ത് വിലങ്ങു വെച്ചു പൂട്ടപ്പെട്ടു. ഈ സംഭവവികാസങ്ങഠം തികച്ചും അപ്രതീക്ഷിതമായിരുന്നു. ഇതോടെ ഓരോ ഗ്രാമ ത്തിലും ശത്രുക്കഠംക്കു് ബന്ധക്കാരായ ഒററുകാരുണ്ടെ ന്നും ശത്രുകേന്ദ്രവുമായി കമ്പിയില്ലാക്കമ്പിവഴി ബന്ധംവെക്കാനുള്ള ഏർപ്പാടുകളുണ്ടെന്നും വെളിവായി.

ഞങ്ങൾ ഗ്രാമത്തിൽ എത്തിയ ഉടനെത്തന്നെ, ആ വിവരം അങ്ങനെ അറിയിക്കപ്പെടുകയും ചെയ്തു.

എൻെറ കൂടെയുണ്ടായിരുന്ന, സ്വന്തം ആളുകളും എന്നെ വഞ്ചിച്ചു. അവരാദ്യം ബ്രിട്ടീഷിന്ത്യൻ ആർമിയിൽപ്പെട്ടവരായിരുന്നു. തലേന്നുരാത്രി, ഞാൻ പിടിച്ചെടുത്ത തടവുകാരോടൊപ്പം അവർ ഒളിച്ചോടിപ്പോയി. ആകസ്മികമെന്നു പറയട്ടെ, ആ പട്ടാളക്കാരും തടവുകാരും ഒരേഗ്രാമക്കാരും അന്യോന്യം പരിചയമുള്ളവരുമായിരുന്നു.

അങ്ങനെ ഞാൻ തനിച്ച് എതിരാളികളുടെ പിടിയിലകപ്പെട്ടു കഴിഞ്ഞു.

എന്തെങ്കിലും പോംവഴിയെപ്പററി ആലോചിക്കുന്നതിന്നുമുമ്പുതന്നെ, കവചിതവാഹനങ്ങളുമായി ഒരു പട്ടാളസംഘം മുഴുവൻ വന്ന് ഗ്രാമത്തെ വളഞ്ഞു.

ജീവനോടെയോ അല്ലാതെയോ, എന്നെ പിടിച്ചുകൊടുക്കുന്നവക്ക്, അതിനുകം സമ്മാനം പ്രഖ്യാപിക്കപ്പെട്ടിരുന്നു. കീഴടക്കപ്പെടുകയാണെങ്കിൽ, ആത്മഹത്യചെയ്യണമെന്ന എൻെറ ഉദ്ദേശ്യം പ്രാവൎത്തികമായില്ല. എങ്കിൽ ഈ കഥ ഇന്ന് പറയാനും കഴിയുമായിരുന്നില്ല.

1945 ഏപ്രിൽ 22-ാംതിയ്യതിയാണ് ഞാൻ തടവുകാരനാക്കപ്പെട്ടതെന്നാണ് എൻെറ ഓൎമ്മ. അപകടകാരിയായയാണ് എന്നെ മുദ്രകുത്തിയത്. തടവുകാരെ ഇങ്ങനെ നാലായി തരംതിരിക്കുന്ന സമ്പ്രദായമുണ്ട് : (1) വെള്ള : മററു സാധാരണ യുദ്ധ

ത്തടവുകാരെപ്പോലെ കൈകാര്യം ചെയ്യപ്പെടേണ്ട വർ. (2) ചാരനിറം: ''അലസമായ പെരുമാററം'' ചുമത്തി, യുദ്ധത്തടവുകാരായ കാലത്തുള്ള ശമ്പളമോ ബത്തയോ മററാനുകൂല്യമോ ഒന്നും അനുവദിക്കാതെ, പട്ടാളത്തിൽനിന്നു് പിരിച്ചുവിടപ്പെടുന്നവർ. (3) കറുപ്പ്: ശത്രു തടവുകാരനാക്കിയ ദിവസം മുതൽ, പിരിച്ചുവിടപ്പെടുന്നതുവരെയുള്ള ശമ്പളവും ബത്തയും മററുള്ള ആനുകൂല്യങ്ങളും നല്കാതെ, വിചാരണ കൂടാതെ തന്നെ ''ദുസ്വഭാവക്കാറം'' ചുമത്തി പട്ടാളത്തിൽ നിന്നു് പുറംതള്ളപ്പെടേണ്ടവർ. (4) അപകടകാരി: പട്ടാളക്കോടതി വിചാരണ ചെയ്യേണ്ടവർ.

യുദ്ധത്തടവുകാരെ ചങ്ങലക്കിടുന്ന സമ്പ്രദായം അസാധാരണമാണു്. എന്നാൽ എന്നെ അങ്ങനെ ചെയ്തിരുന്നു. കാലിൽ ചങ്ങല, കൈയ്യിൽ വിലങ്ങ്, എല്ലാവരിൽനിന്നും ഒററപ്പെടുത്തി, കനത്ത പാറാവോടെ എന്നെ അടച്ചുമൂടിയ ഒരു വാഹനത്തിൽ കയററി. എങ്ങോട്ടാണ് കൊണ്ടുപോകുന്നതെന്നു് എനിക്ക് നിശ്ചയമുണ്ടായിരുന്നില്ല.

രാത്രിയായതോടെ, ഒരു വലിയ പട്ടാളത്താവളത്തിൽ കൊണ്ടുപോയിറക്കി. നാലുപാടും എനിക്കു കാവലുണ്ടായിരുന്നു. അരയിലൊരു ചെറിയ അടിയുടുപ്പുമാത്രം ധരിച്ചുകൊണ്ടു് വെറും നിലത്ത് കിടന്നുറങ്ങേണ്ടിവന്നു. ദിവസങ്ങളോളം വെള്ളവും ഭക്ഷണവും കിട്ടിയില്ല. കൊതുകുശല്യം അസഹ്യമായിരുന്നു. എന്നെ പലതവണ ചോദ്യംചെയ്തു ആവർത്തിച്ചുള്ള പരിശോധന നടത്തി. സുഭാഷ് എവിടെയാ

ങ്ങള്ളതു് എന്ന ചോദ്യമാണ് കൂടുതൽ ആവത്തിക്കപ്പെട്ടതു്. 'എനിക്കറിയില്ല' എന്ന ഒരേ ഉത്തരമാണ് എല്ലായ്പോഴും ഞാൻ നൽകിയതു്.

ആഹാരം കഴിക്കുമ്പോഴോ, പ്രാഥമികാവശ്യം നിർവ്വഹിക്കുമ്പോഴോ മാത്രമെ ചങ്ങലയും കൈയ്യാമവും അഴിച്ചുമാററിയിരുന്നുള്ളു. ഭാഗ്യമെന്നുപറയട്ടെ ശാരീരികമർദ്ദനങ്ങൾ എനിക്ക് ഏല്ക്കേണ്ടിവന്നില്ല.

മേല്പറഞ്ഞനില പത്തു ദിവസത്തോളം തുടൻു. അതിന്നുശേഷം എന്നെ, ബർമ്മയിലേതന്നെ ന്യാഗ്ഗൻ എന്നസ്ഥലത്തെ വലിയ ജയിലിലേക്ക് മാററി. അവിടെയും എന്നെ മററു തടവുകാരിൽനിന്നു പൂർണ്ണമായും വേർതിരിച്ചാണ് പാർപ്പിച്ചിരുന്നതെങ്കിലും പെരുമാററം കുറേക്കൂടെ ഭേദമായിരുന്നു.

ഒരു മാസത്തിന്നുശേഷം, (25-5-'45ന്നാണെന്നാണ് തോന്നുന്നതു്) മിഞ്ചാൻ എന്ന സ്ഥലത്തുള്ള ജയിലിലേക്കാണെന്നെ അയച്ചതു്. ക്രിമിനൽപ്പുള്ളികളോടൊന്നിച്ചാണ് അവിടെ താമസിപ്പിച്ചതു്.

ആ ജയിൽമുറിക്ക് 40 അടി നീളവും 30 അടി വീതിയും ഉണ്ടായിരുന്നു. ആകെ ഞങ്ങളെ അമ്പതു പേരെയാണ് അതിന്നകത്ത് തള്ളിക്കയററിയതു്. വിശ്രമിക്കാനോ ഉറങ്ങാനോ സൗകര്യമുണ്ടായിരുന്നില്ല. ഒരാളുടെ മീതെ മറെറാരാളെന്ന നിലയിൽ ഞങ്ങൾക്കുറങ്ങേണ്ടിവന്നു. ഇതൊരു പക്ഷേ, അവിശ്വസനീയമായിത്തോന്നാം. എന്നാൽ വാസ്തവം അതായിരുന്നു. മൂത്രവിസർജ്ജനത്തിന്നു് പ്രത്യേകം

സ്ഥലമുണ്ടായിരുന്നില്ല. അതേ മുറിയിൽ ഒരു മൂല യിൽ അക്കാര്യവും നിവ്വഹിക്കും. അവിടെനിന്നു് പരന്ന ദുർഗ്ഗന്ധം ദുസ്സഹമായിരുന്നു. അനേകം കാലുള്ള ഒരു തരം വെള്ളപ്പേനുകൾ, ചെള്ളുകളെപ്പോലെ, ഞങ്ങളുടെ ശരീരത്തിൽ പററിപ്പിടിച്ചു. അതിന്നു മുമ്പോ പിമ്പോ, അത്തരം ജീവിയെ ഞാൻ കണ്ടി ട്ടില്ല. വളരെ വൃത്തികെട്ട ശരീരത്തിലാണു് അവ വളരുകയെന്നാണു് കേട്ടറിവു്.

അനാരോഗ്യകരമായി ആ ചുററുപാടിൽ അക പ്പെട്ട എനിക്കു് കലശലായ പനിയുംപിടിച്ചു. മിൻ ഗ്യാനിൽത്തന്നെയുള്ള ഒരു സിവിൽക്കോടതിയിലേ ക്കാണു് എന്നെ വിചാരണക്കു് കൊണ്ടുപോയതു്. കെ. സി. സിങ്ങു് എന്ന പേരുള്ള ഒരിന്ത്യക്കാരനാ യിരുന്നു അവിടത്തെ ജഡ്ജി. ഒരു ബമ്മക്കാരിയേയും കല്യാണം കഴിച്ചു് താമസിക്കുകയായിരുന്ന ആ മനു ഷ്യനിൽ, ഭാരതീയമായ ഒരു ഗുണവും ശേഷി ച്ചിരുന്നില്ലെന്നു് ഖേദപൂവ്വം പറയേണ്ടിയിരിക്കുന്നു. വിചാരണ നടന്നുകൊണ്ടിരിക്കുമ്പോൾ, എൻെറ സാ ന്നിദ്ധ്യത്തിൽ, ഏതാനും യൂറോപ്യൻ പട്ടാളഉദ്യോഗ സ്ഥന്മാർ ജഡ്ജിയെ സന്ദശിച്ചു് കോടതിയിൽ വെ ച്ചു് പരസ്യമായിത്തന്നെ അയാളുമായി കേസിനെ പ്പററി ചച്ച്ചെയ്യുിരുന്നു. ബയണററു് പിടിപ്പിച്ച തോക്കുകളുമായി കാവൽ നില്ക്കുന്ന പട്ടാളക്കാക്കു പുറ മെ, ഒരു നിറത്തോക്കു് ജഡ്ജിയുടെ മേശപ്പുറത്തു് എല്ലായ്പ്പോഴും ഉണ്ടായിരുന്നു — ഞാൻ അയാളെ ആക്ര മിക്കുകയാണെങ്കിൽ രക്ഷപ്പെടാൻ.

എൻെറ പേരിൽ മൂന്നു കുററമാണു് ആരോപിക്കപ്പെട്ടിരുന്നതു്. (ഒന്നു്) ബ്രിട്ടീഷ് രാജാവിന്നെതിരായി യുദ്ധം ചെയ്തു. (രണ്ടു്) രാജാവിൻെറ പട്ടാളക്കാരെ കൊന്നു (മൂന്നു്) കൊല നടത്താൻ അന്യരെ പ്രേരിപ്പിച്ചു.

ഇവയിൽ ഏതെങ്കിലുമൊന്നു് തെളിയിക്കപ്പെട്ടാൽ കൊലമരം തീർച്ചയായി.

ഏകപക്ഷീയമായ ആ പരിഹാസ്യവിചാരണ രണ്ടു ദിവസം നീണ്ടുനിന്നു. എൻെറ പേരിലുള്ള കുററമെല്ലാം തെളിഞ്ഞിരിക്കുന്നുവെന്നും എന്നെ വധശിക്ഷക്കു് വിധിച്ചിരിക്കുന്നുവെന്നും വിചാരണയുടെ രണ്ടാം ദിവസം പ്രഖ്യാപിക്കപ്പെട്ടു.

എന്നെ കുററവാളിയായി ജഡ്ജി വിധിച്ചതു് എങ്ങനെയാണെന്നറിയാൻ വായനക്കാർക്കു് കൗതുകമുണ്ടാവുമല്ലോ. പ്രോസിക്യൂഷൻ ഭാഗത്തെ സാക്ഷികളായി, വിദൂരസ്ഥലങ്ങളിൽനിന്നു് വിമാനംവഴി പോലും ആളുകളെ കൊണ്ടുവന്നിരുന്നു. പ്രതിഭാഗത്തേക്കു് ധാരാളം സാക്ഷികളുടെ പേർ ഞാൻ നൽകിയിരുന്നെങ്കിലും ഒററ ആളെപ്പോലും ഹാജരാക്കി വിസ്തരിക്കുകയുണ്ടായില്ല.

എല്ലാ ആരോപണങ്ങളും ഞാൻ നിഷേധിച്ചു; കുററവാളിയല്ലെന്നു് വാദിച്ചു. ആ കോടതിക്കു് എന്നെ വിചാരണചെയ്യാൻ അധികാരമില്ലെന്നും, ഒരു സൈനീക ഉദ്യോഗസ്ഥനായ എന്നെ അന്താരാഷ്ട്രീയ നിയമമനുസരിച്ചു് പട്ടാളക്കോടതിക്കുമാത്രമെ വിചാരണചെയ്യാൻ അർഹതയുള്ളുവെന്നും ഞാൻ

അവകാശപ്പെട്ടു. എൻെറ വാദം കോടതി രേഖപ്പെടു ത്തുകപോലും ചെയ്തില്ല. വിചാരണ വെറും പ്രഹസ നമായിരുന്നു. അവക്കു് എങ്ങിനെയെങ്കിലും എൻെറ ജീവൻ ഒടുക്കിയാൽ മതിയായിരുന്നു. നീതിപൂർവ്വം നേരാംവിധമല്ല കേസ്സു് വിചാരണ ചെയ്തിരുന്ന തെന്നും ഞാൻ വാദിച്ചുനോക്കി. പക്ഷെ, എൻെറ എല്ലാ വാദവും ബധിരത ബാധിച്ച കാതുകളിലാ ണു് പതിച്ചതു്. ഒടുവിൽ, 1945 മെയ് 25-ാം തി യ്യതി എന്നെ വധശിക്ഷക്കു് വിധിച്ചു.

വിധിപ്രഖ്യാപനത്തിന്നുശേഷം എന്നെ മിൻ ഗ്യാൻ സെൻട്രൽ ജയിലിലെ പതിമൂന്നാം നമ്പർ മുറിയിലേക്കു മാററി. ഇംഗ്ലീഷുകാർ, 13 എന്ന അ ക്കത്തെ അശുഭസൂചകമായാണു് കരുതുന്നതു്. ഇംഗ്ലീ ഷുകാരുടെ ഹോട്ടലുകളിൽ 13-ാം നമ്പർ മുറിതന്നെ ഉണ്ടായെന്നു വരില്ല. എന്നാൽ എൻെറ കാര്യത്തിൽ ആ അക്കം നല്ലതായിരുന്നു. അതെന്നെ കൊലമര ത്തിൽനിന്നു് രക്ഷിച്ചെന്നു പറയാം.

തടവറയിലേക്കു് പോകുമ്പോഠം ആവുന്നത്ര ഉച്ച ത്തിൽ ഞാൻ മൂന്നു മുദ്രാവാക്യങ്ങഠം മുഴക്കിയിരുന്നു: 'നേതാജി സിന്ദാബാദ്!' 'ജയ് ഹിന്ദ്!' 'ഭാരത മാതാ കി ജയ്!'

വധശിക്ഷക്കു് വിധിക്കപ്പെട്ട ആഠംക്കു്, ഗവ ർമ്മേണ്ടു് ചെലവിൽ നിയമസഹായം നല്കുന്ന പതി വുണ്ടു്. എനിക്കു് അതുപോലും നിഷേധിക്കപ്പെട്ടു. അത്തരം പരിതഃസ്ഥിതിയിൽ ഒരു വ്യക്തിയുടെ ഗതിയെന്തെന്നു് വായനക്കാക്കു് ഊഹിക്കാവുന്നതേ

യുള്ളു. ഒരു കാര്യം സമ്മതിക്കാതെ വയ്യ. ഗവമ്മേ ണ്ടിന്നു് അവരുടേതായ വിഷമങ്ങളുണ്ടായിരുന്നു. അ പ്പോഴും യുദ്ധം തുടൎന്നു നടക്കുകയായിരുന്നതുകൊണ്ടു്, ആ ഭാഗത്തൊന്നും ഒററ പ്രധാന കെട്ടിടവും കേടുപ ററാതെ ബാക്കിയുണ്ടായിരുന്നില്ല. ആദ്യം ജപ്പാൻ പട്ടാളം അവയെ ബോമ്പുചെയ്തു. സ്ഥലം തിരികെ പ്പിടിച്ചെടുക്കാനുള്ള ശ്രമത്തിൽ പിന്നെ, ബ്രിട്ടീഷ് കാരുടെയും അമേരിക്കക്കാരുടെയും ബോമ്പേറായി രുന്നു. രാജ്യത്തെങ്ങുമുള്ള ഗതാഗതം താറുമാറായി ക്കിടന്നു. പാലങ്ങളെല്ലാം തകൎക്കപ്പെട്ടിരുന്നു. തീവ ണ്ടികളൊന്നും ഓടിയിരുന്നില്ല. നിയമക്കോടതി കളും പ്രവൎത്തിച്ചിരുന്നില്ല. എൻെറ കേസ്സുവിചാര ണക്കായിമാത്രം ഒരു കോടതിയും പാവജഡ്ജിയും ഏൎപ്പെടുത്തപ്പെടുകയാണുണ്ടായതു്.

അപ്പീൽ കൊടുക്കാൻ എനിക്കു് ഏതുവിധമോ അനുവാദം കിട്ടി. ചീഫ് സിവിൽ അഫേയഴ്സ് ഓഫീസക്കുള്ള ഒരു നിവേദനത്തിൻെറ രൂപത്തിൽ ഞാൻ തന്നെ എഴുതിയുണ്ടാക്കിയതായിരുന്നു ആ അപ്പീൽ. പതിനാലു് പേജോളം വരുന്ന അതിൽ, ഞാൻ എൻെറ യഥാൎത്ഥസ്ഥിതി വിവരിക്കുകയു ണ്ടായി. ഭരിക്കുന്ന കക്ഷിയോടല്ലാതെ, ബ്രിട്ടീഷ് ജനതയോടു് എനിക്കു് യാതൊരു വിരോധവുമി ല്ലെന്നും അതുകൊണ്ടു് സിങ്കപ്പൂരിലെ ബ്രിട്ടീഷുകാ രായ യുദ്ധത്തടവുകാൎക്കു് ഞാൻ ധാരാളം സഹായം ചെയ്തുകൊടുക്കുകയുണ്ടായെന്നും ആ അപേക്ഷയിൽ സൂചിപ്പിച്ചിരുന്നു. വാസ്തവത്തിൽ, ജപ്പാൻകാരുടെ

തടവുകാരായിരുന്ന ധാരാളം ഇന്ത്യക്കാക്കും ബ്രിട്ടീഷു കാക്കും വിലയേറിയ സഹായം ചെയ്യാൻ എനിക്കു കഴിഞ്ഞിരുന്നു. എൻെറ അടുത്ത സുഹൃത്തുക്കളായിരുന്ന അവക്കു് അത്തരം സഹായം ഏററവും ആവശ്യമായിരുന്ന അവസരത്തിലാണു് ഞാനവരെ സഹായിച്ചതും. ജപ്പാൻകാരുമായി എനിക്കുണ്ടായിരുന്ന അടുത്ത സൗഹൃദബന്ധം നിമിത്തമാണു് എനിക്കതു് സാധിച്ചതു്. യുദ്ധത്തടവുകാരുടെ ഏതു ക്യാമ്പും സന്ദശിക്കാനുള്ള അനുമതിപത്രം എനിക്കു് ജപ്പാൻകാർ നല്കിയിരുന്നു. എൻെറ കാറു് ഒരു ചെക്കു്പോസ്റ്റിലും പരിശോധിക്കരുതെന്ന പ്രത്യേകാനുവാദം, കാറിൻെറ മുമ്പിലെ കണ്ണാടിമറയിൽ, ജപ്പാനീസ് അധികൃതർ എഴുതിപ്പതിപ്പിച്ചിരുന്നു. ജപ്പാൻകാരിൽനിന്നു് അനുവദിക്കപ്പെട്ട ഈ ബഹുമതി വേണ്ടവിധം ഉപയോഗിച്ചു്, ചങ്ങാതിമാരായ യുദ്ധത്തടവുകാക്കു് നല്ല ആഹാരപദാത്ഥങ്ങളും സിഗരററും മററു സുഖസാമഗ്രികളും ഞാൻ എത്തിച്ചുകൊടുത്തു. അവയൊന്നും അവക്കു് മററുതരത്തിൽ കിട്ടുമായിരുന്നില്ല. ഞാൻ ചെയ്ത സഹായത്തിന്നു് അവരെല്ലാം നന്ദി പ്രകാശിപ്പിക്കുകയുണ്ടായി. അപ്രസക്തമായതിനാൽ ഞാൻ അതിനെക്കുറിച്ചുള്ള വിശദാംശത്തിലേക്കു് ഇപ്പോൾ കടക്കുന്നില്ല.

എൻെറ അപ്പീലിൻെറ ഫലത്തെപ്പററി എനിക്കു യാതൊരു ശുഭപ്രതീക്ഷയും ഉണ്ടായിരുന്നില്ല. ഇന്ത്യയിൽനിന്നുവന്ന ഒരു സീനിയർ ഐ. സി. എസ്. ഉദ്യോഗസ്ഥനും ഇംഗ്ലീഷുകാരനുമായ മേജർ ജനറൽ

പിയേഴ്സായിരുന്നു ബമ്മയിലെ അന്നത്തെ ചീഫ് സിവിൽ അഫയേഴ്സ് ഓഫീസർ. എൻെറ വധശിക്ഷ നടപ്പാക്കുന്നതു സംബന്ധിച്ച അവസാന തീരുമാനത്തിന്നായി എന്നെസ്സംബന്ധിച്ച റിക്കാർഡുകൾ മേജർ ജനറൽ പിയേഴ്സൻെറ കൈയിലെത്തി.

ഏകദേശം 12 അടി ഉയരവും 6 അടി നീളവും 6 അടി വീതിയും ഉള്ളതായിരുന്നു എന്നെ പാപ്പിച്ച 13-ാം നമ്പർ മുറി. കനത്ത ഇരുമ്പഴിവാതിൽ ഉറപ്പേറിയ പൂട്ടുകൊണ്ടു് ബന്ധിച്ചിരുന്നു. ഗേററിൽ രണ്ടു പട്ടാളക്കാർ കാവൽ നിന്നിരുന്നു. ബയണററു പിടിപ്പിച്ച തോക്കുമേന്തി ഓരോ കാവൽക്കാരൻ എൻെറ മുറിയുടെ മുമ്പിലൂടെ ഇരുപത്തിനാലു് മണിക്കൂറും ഇടതടവില്ലാതെ മാച്ച് ചെയ്തുകൊണ്ടിരുന്നു.

വധശിക്ഷക്കു വിധിക്കപ്പെട്ട ആളുകൾ, മരണത്തെപ്പററിയും മററും ദുഃസ്വപ്നം കാണാറുണ്ടെന്നു് പറഞ്ഞുകേൾക്കാറുണ്ടു്. എനിക്കു് അത്തരം അനുഭവം ഉണ്ടായിരുന്നില്ല. എന്നാൽ, ഒരിക്കൽ രാത്രി ഞാനെൻെറ ജ്യേഷ്ഠത്തിയെ സ്വപ്നം കാണുകയുണ്ടായി. ഏതാണ്ടു് ആ കാലത്തോടടുപ്പിച്ചു് അവർ ഇന്ത്യയിൽവെച്ചു് മരണപ്പെട്ടു. മരണവാർത്ത ഞാൻ നാട്ടിൽ തിരിച്ചെത്തിയതിന്നു ശേഷമെ അറിഞ്ഞിരുന്നുള്ളു.

എന്നെ ഏററവും അപകടകാരിയായി കണക്കാക്കിയിരുന്നതുകൊണ്ടു്, എൻെറ മുറിയുടെ മുമ്പിലെ പാറാവുകാരോടു് വളരെ ജാഗ്രതയോടെ ഇരിക്കണ

മെന്നു് ജയിലധികൃതർ നിർദ്ദേശിച്ചിരുന്നു. ആ ജയിലിൽ അപ്പോഠം മരണശിക്ഷക്ക് വിധിക്കപ്പെട്ട ഒരേയൊരാഠം ഞാനായിരുന്നു. പുലച്ചക്ക്, എൻെറ മുറിയുടെ അടുത്തേക്ക് ആരെങ്കിലും നടന്നു വരുമ്പോഴുള്ള ഷൂസിൻെറ ശബ്ദം കേട്ടാൽ മതി, എൻെറ ശരീരത്തിലെ രോമം ആകെ എഴുന്നുനില്ക്കും. ആ വരുന്നതു്, എൻെറ വധശിക്ഷ നടപ്പിലാക്കാൻ വരുന്നവരാണെന്നായിരുന്നു എൻെറ വിചാരം. ജയിലിൽ ആളുകളെ തൂക്കിക്കൊല്ലുക പുലച്ചക്കാണെന്നു് ഞാൻ കേട്ടിരുന്നു.

എൻെറ അനേകം കത്തുകഠം ഇന്ത്യയിലേക്ക് ഒളിച്ചുകടത്താൻ സഹായിച്ച ഇന്ത്യൻ ആർമിയിലെ മലയാളികളായ പട്ടാളക്കാരോടു് എനിക്കുള്ള അകം നിറഞ്ഞ നന്ദി പ്രകാശിപ്പിക്കാൻ ഞാൻ ഈയവസരം ഉപയോഗിക്കട്ടെ. എനിക്കുവേണ്ടി വളരെയധികം ശക്തമായ സേവനം നൽകിയ ഹവീൽദാർ പരമേശ്വരൻ നായരെ, എൻെറ ജീവിതത്തിൽ എനിക്ക് ഒരിക്കലും മറക്കാൻ സാധ്യമല്ല. ഒരിക്കൽ ഒരിന്ത്യൻ ക്യാപ്റ്ററൻ എന്നെ സമീപിച്ചു്, ജയിലിൽനിന്നു് ഒളിച്ചു് രക്ഷപ്പെടാനുള്ള സഹായം വാഗ്ദാനം ചെയ്യുകയുണ്ടായി. സ്വയം അപകടം വരുത്തിക്കൊണ്ടു്, എനിക്കുവേണ്ടി ജയിൽ മുറിക്കാൻ അദ്ദേഹം സന്നദ്ധത പ്രകടിപ്പിച്ചു. ഞാൻ അതിന്നു് അദ്ദേഹത്തോടു് നന്ദി പറയുകയും ആ സാഹസത്തിൽനിന്നു് അദ്ദേഹത്തെ പിന്തിരിപ്പിക്കുകയും ചെയ്തു. മററൊരവസരത്തിൽ ഒരു ബ്രിട്ടീഷ് ക്യാപ്റ്ററൻ വന്നു്, എൻെറ കൈപിടിച്ചു് കുലുക്കിക്കൊണ്ടു് ഇപ്രകാരം പറഞ്ഞു. ''താങ്കളെപ്പോലുള്ള ധീര സന്തതികഠം, ഇന്ത്യക്ക് ധാരാളം ആവശ്യമുണ്ടു്!'' അദ്ദേഹം ബ്രിട്ടീ

ഷ് കാരനായിരുന്നെങ്കിലും, മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിന്നുവേണ്ടി പൊരുതുന്ന ഒരാളുടെ ആത്മവീര്യം മനസ്സിലാക്കിയിരിക്കണം.

എൻെറ ജീവിതം നേരിയ നൂലിഴയിൽ തൂങ്ങിക്കിടന്ന നിരവധി ദിവസങ്ങൾ കടന്നുപോയി. മിൻഗ്യാനിലുള്ള മലയാളികളും അല്ലാത്തവരുമായ ധാരാളം ഇന്ത്യൻ പട്ടാളക്കാർ, അതിനകം എൻെറ കഥയെക്കുറിച്ച് കേട്ടറിഞ്ഞ് തൂക്കിക്കൊല്ലപ്പെടുന്നതിന്നു മുമ്പ് എന്നെ ഒരു നോക്കു കാണാനായി ജയിലിന്നു പുറത്ത് തടിച്ചുകൂടി. ഒരു ഐ. എൻ. എ. ദേശാഭിമാനി കൊല്ലപ്പെടുന്നതിലുള്ള വിഷാദതീവ്രത അവരുടെ നോട്ടത്തിലുണ്ടായിരുന്നു. ചിലരുടെ കണ്ണുകൾ നനഞ്ഞുകണ്ടു. അജ്ഞാതനായ ഒരു മനുഷ്യന്നുവേണ്ടി ചിലർ കണ്ണീർമുത്തുകൾ തൂവി. അവർ എല്ലാവരും വികാരാധീനരായി കാണപ്പെട്ടു. പക്ഷേ, അവക്കെന്തു ചെയ്യാൻ പററും? അറിയപ്പെടാത്ത ഒരു ഐ. എൻ. എ. ഭടന്നുവേണ്ടി സഹഭാവപൂർവ്വം പ്രാർത്ഥിക്കുകയല്ലാതെ മറെറാന്നും സാദ്ധ്യമായിരുന്നില്ല.

ഒരു ദിവസം രാവിലെ, ജയിൽ സൂപ്രണ്ട്, ലഫ്ടനൻറ് പിള്ള അരികിൽ വന്നു പറഞ്ഞു, തനിക്ക് ഒരു സിഗ്നൽ സന്ദേശം ലഭിച്ചിരിക്കുന്നുവെന്ന്—എൻെറ വധശിക്ഷ നടപ്പാക്കുന്നത് നിർത്തിവെച്ചുകൊണ്ടുള്ള സന്ദേശം. പക്ഷേ ആ ശിക്ഷ നീട്ടിവെക്കൽ, എൻെറ മനഃപ്രയാസം വർദ്ധിപ്പിക്കുകയേ ചെയ്തുള്ളു. എത്രയും നേരത്തെ എല്ലാ ദുരിതങ്ങൾക്കും അറുതി വരണമെന്നായിരുന്നു എനിക്കാഗ്രഹം.

കഴുത്തിൽ കൊലക്കയർക്കുരുക്കുമായി മരണത്തെയും കാത്തു് കഴിയുന്ന ഒരാളുമായി പരിചയപ്പെടുന്നതിൽനിന്നു് ആ ദിവസംവരെ ലഫ്ടനൻറ് പിള്ള മനഃപൂർവ്വം ഒഴിഞ്ഞു നില്ക്കുകയായിരുന്നുവെന്നു് എനിക്ക് ബോദ്ധ്യമായി. ഇക്കാര്യം അദ്ദേഹം പിന്നീട് ഒരവസരത്തിൽ തുറന്നു പറയുകയും ചെയ്തു.

മറെറാരു സന്ദേശംകൂടി വന്നതായി വിവരം കിട്ടി. എൻെറ കാതുകളെ എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്നെ നിരുപാധികം വിട്ടയച്ചിരിക്കുന്നു !

എന്നെ തടവിൽനിന്നു് മോചിപ്പിക്കുന്ന കാര്യത്തിൽ ജയിലധികൃതർ വളരെ തിടുക്കം കാട്ടി. എനിക്കു മാത്രമല്ല, മിൻഗ്യാനിലും സമീപസ്ഥലങ്ങളിലുമുള്ള അനേകം ഇന്ത്യക്കാർക്കും അന്നു് ആഹ്ലാദത്തിൻെറ ദിവസമായിരുന്നു. നൂറുകണക്കിന്നു് ഇന്ത്യക്കാർ വന്നു്, ആഹ്ലാദത്തിമർപ്പോടെ എന്നെ കെട്ടിപ്പിടിച്ചു. ഞാനന്നോളം അറിഞ്ഞിട്ടില്ലാത്ത സ്നേഹവായ്പിൻെറ ഊഷ്മളത, ആ ആലിംഗനത്തിൽ അനുഭവപ്പെട്ടു. അവർ എല്ലാവരും ഐ. എൻ. എ. യേയും അതിൻെറ ചരിത്രത്തെയും സ്നേഹിക്കുന്നവരായിരുന്നു.

ഐ. എൻ. എ. ഭടന്മാർ പ്രദർശിപ്പിച്ച ധീരതക്കും അസാധാരണമായ അച്ചടക്കത്തിന്നും അവരനുഷ്ഠിച്ച ത്യാഗങ്ങൾക്കും തുല്യമായി ലോകചരിത്രത്തിൽ അധികം സംഭവങ്ങളുണ്ടോ എന്നെനിക്കറിയില്ല.

ജയിൽമോചിതനായ ഉടനെത്തന്നെ എന്നെ വീണ്ടും അറസ്റ്റ്ചെയ്യേക്കാമെന്നു് കേട്ടിരുന്നുവെങ്കിലും

അത്തരത്തിൽ യാതൊന്നും സംഭവിച്ചില്ല. തടവിലാക്കിയപ്പോൾ എന്നിൽനിന്നു പിടിച്ചെടുത്ത വിലകൂടിയ വാച്ചും വജ്രമോതിരവും തിരിച്ചു തരാൻ ഞാനാവശ്യപ്പെട്ടു. പക്ഷെ, അത്ഭുതമെന്നുപറയട്ടെ അവയെപ്പററി, യാതൊരു രേഖയും അധികൃതർ വെച്ചിരുന്നില്ല. അതുകൊണ്ടു് അവ തിരികെ കിട്ടുന്ന കാര്യത്തിൽ ഒരു നടപടിയും സ്വീകരിക്കാൻ പററിയതുമില്ല. ഏററവും വിലകൂടിയ രത്നത്തെക്കാളും വിലപ്പിടിപ്പുള്ള ജീവിതം വീണ്ടുകിട്ടിയല്ലോ എന്നു ഞാൻ ആശ്വസിച്ചു.

എന്നെ ജയിലിൽനിന്നു വിട്ടു ഉടനെ, ജയിൽ സൂപ്രണ്ടു് ലഫ്ടനൻറ് പിള്ള, എന്നെ അദ്ദേഹത്തിൻെറ വസതിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. വളരെ വഷ്ങ്ങളായി തരപ്പെടാതിരുന്ന ചൂടുവെള്ളത്തിലുള്ള കുളി അദ്ദേഹം എനിക്ക് സൗകര്യപ്പെടുത്തിത്തന്നു. മുഖക്ഷൗരവും കുളിയും കഴിഞ്ഞതിന്നു ശേഷം, മി. പിള്ള നൽകിയ ഉടുപ്പുകൾ ധരിച്ചതോടെ, എനിക്കു് ഏറെ ഉന്മേഷം വീണ്ടുകിട്ടി. എന്നെ സന്തോഷിപ്പിക്കാൻ ആവശ്യമായതെല്ലാം ചെയ്തുതന്ന അദ്ദേഹത്തോടു ഞാൻ ഇന്നും കൃതജ്ഞതയുള്ളവനാണ്. പിന്നീടു് ഇന്ത്യയിൽ വന്നതിന്നു ശേഷം ഞാനദ്ദേഹത്തിന്നു് കത്തയച്ചെങ്കിലും മറുപടി കിട്ടുകയുണ്ടായില്ല. ഒരു പക്ഷെ, എൻെറ എഴുത്ത് അദ്ദേഹത്തിന്നു് കിട്ടിയില്ലായിരിക്കാം. ഖേദകരമായ വസ്തുത, ഞാൻ അദ്ദേഹത്തിൻെറ ഇന്ത്യയിലെ മേൽവിലാസം കൊണ്ടുവന്നില്ലെന്നുള്ളതാണ്.

DISTRIBUTING LIBRARY,
No. ....
KOTTAYAM.

## മാതൃഭൂമിയുടെ മണ്ണിൽ

സ്വാതന്ത്ര്യനായതിന്നുശേഷം എന്റെ എല്ലാ ശ്രമവും ഇന്ത്യയിൽ എത്താനായിരുന്നു. സിവിൽ ഡിപ്പാർട്ടുമെൻറുകളിൽ, ജോലി സ്വീകരിക്കാൻ പല ക്ഷണങ്ങളുമുണ്ടായെങ്കിലും ഞാനവ സ്വീകരിച്ചില്ല. കാരണം, ജന്മഭൂമിയിൽ എത്തിച്ചേരാൻ എന്റെ ആത്മാവ് വെമ്പൽകൊള്ളുകയായിരുന്നു.

നല്ലവരായ ജമേദാർ കരുണാകരനും (ഇപ്പോൾ മാനേജർ, ന്യൂ കേരളാ ബസ്സ് ട്രാൻസ്പോർട്ട്, കണ്ണൂർ) ജമേദാർ രാഘവമേനോനും (ഫറോക്ക്) എനിക്ക് ഇന്ത്യയിലെത്താനുള്ള ചെലവുചെയ്യാൻ കുറച്ചു പണം തന്നു സഹായിച്ചു. തിരിച്ചു വാങ്ങാനാഗ്രഹമില്ലെന്നു് പറഞ്ഞുകൊണ്ടു്, ഒരു സമ്മാനമെന്നനിലയിൽ അതു സ്വീകരിക്കണമെന്നു് അവരാവശ്യപ്പെട്ടു. കഴിവുള്ള കാലത്തു് മടക്കിക്കൊടുക്കുമ്പോൾ അതു വാങ്ങണമെന്നു് ഞാൻ നിർബ്ബന്ധിച്ചു. ഇന്ത്യയിൽ വന്നതിന്നുശേഷം, വൈകിക്കാതെ ഞാനാതുക അവരുടെ കുടുംബാംഗങ്ങളെ ഏല്പിച്ചു. വളരെ വൈമനസ്യത്തോടെയാണു് അവരതു് സ്വീകരിച്ചതു്.

വളരെ വിഷമിച്ചതിന്നുശേഷമാണ് ബ്രിട്ടീഷ് മിലിട്ടറി വിമാനം വഴി ഞങ്ങളെ ഇന്ത്യയിലേക്കു കടത്താൻ സമ്മതം കിട്ടിയതു്. അതിന്നായി മെററീല എന്ന സ്ഥലത്തെത്തി, എൻെറ ഊഴവും കാത്തുനില്പായി. വിമാനസൗകര്യവും പ്രതീക്ഷിച്ച് നില്ക്കുന്ന ബാംഗലൂർകാരായ കുറേ നേഴ്സുമാരും അവിടെ ഉണ്ടായിരുന്നു. ഒന്നോ രണ്ടോ ദിവസത്തിന്നുള്ളിൽ പുറപ്പെടാമെന്ന പ്രതീക്ഷയിൽ, താല്കാലിക ക്യാമ്പിൽ ഞങ്ങറം കഴിച്ചുകൂട്ടി. പക്ഷേ, അന്നൊരു വൈകുന്നേരം കേട്ട വാൎത്ത ഞങ്ങളുടെ പ്രതീക്ഷ തകൎത്തു. ഹിരോഷിമയും നാഗസാക്കിയും ആററം ബോമ്പ് ചെയ്യപ്പെട്ടെന്നും, ജപ്പാൻ കീഴടങ്ങിയിരിക്കുന്നുവെന്നും, കിട്ടാവുന്ന എല്ലാ കപ്പലുകളും വിമാനങ്ങളും പട്ടാളക്കാരേയും വഹിച്ച് ജപ്പാനിലേക്കു പോകാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു എന്നുമായിരുന്നു ആ വാൎത്ത. അങ്ങനെ, ഇന്ത്യയിലേക്കുള്ള ഞങ്ങളുടെ യാത്രാസാദ്ധ്യത തീരെ ചുരുങ്ങി. റങ്കൂണിലെത്താൻ പോലും തീവണ്ടിയോ മറെറന്തെങ്കിലും വാഹനമോ കിട്ടുകയില്ലെന്നും തീൎച്ചപ്പെട്ടു.

ഈ ചുററുപാടിൽ കാൽനടയാത്ര മാത്രമേ മാൎഗ്ഗമുള്ളു. രണ്ടായിരം നാഴിക ദൂരെ ഇന്ത്യനതിൎത്തിയിലേക്ക് കാൽനടയായി സഞ്ചരിക്കാനുള്ള യാത്രാനുവാദം നൽകണമെന്നു് സൈനികാധികാരികളോടു് ഞാൻ ആവശ്യപ്പെട്ടു. ഉദ്യോഗസ്ഥന്മാരുടെ സുദീൎഘമായ ആലോചനകറംക്കു ശേഷം ഒടുവിൽ അനുമതി ലഭിച്ചു. അഭയാൎത്ഥികറംക്കുള്ള ചുരുങ്ങിയ റേഷനും കിട്ടി.

മിഞ്ചാൻ വരെ ഒരു ട്രക്കിൽവന്നു്, അവിടെനിന്നും ജലമാർഗ്ഗമായി ഒരു ചെറിയ ബോട്ടിൽ സഞ്ചരിച്ച് പ്രത്യേക സംഭവങ്ങളൊന്നും കൂടാതെ, നാലാം ദിവസം കലീവ എന്ന സ്ഥലത്തെത്തിച്ചേൎന്നു. അവിടെനിന്നും യാത്രതിരിച്ചതു്, ബൎമ്മയെ ഇന്ത്യയുമായി ബന്ധിപ്പിക്കാൻ പട്ടാളം നിൎമ്മിച്ച ഒരു റോഡിലൂടെ നടന്നായിരുന്നു. ബ്രിട്ടീഷ് സേനയിലെ ലഫ്ടനൻറ് കേണൽ ബാരിങ്ങ്ടണും മററൊരു ലഫ്ററനൻറ് കേണലും (പേരെനിക്കോൎമ്മയില്ല) വളരെ സഹാനുഭാവത്തോടെ എന്നോടു് പെരുമാറിയെന്നു് മാത്രമല്ല, യാത്രാരേഖകൾ കിട്ടാനാവശ്യമായ വിലയേറിയ സഹായം നൽകുകയും ചെയ്തു. യുദ്ധം നടക്കുന്ന അതിൎത്തികളിൽ സ്വരക്ഷക്കുള്ള ഇത്തരം ആയുധങ്ങളില്ലെങ്കിൽ, വെടിവെച്ചു കൊല്ലപ്പെടാൻ സാദ്ധ്യതയുണ്ടു്.

1945 ആഗസ്റ്റ് 25 ശനിയാഴ്ച. അന്നാണു് ഞാൻ ആ ഞെട്ടിപ്പിക്കുന്ന വാൎത്ത വായിച്ചതു്—നേതാജിയുടെ നിര്യാണവാൎത്ത. തെക്കുകിഴക്കൻ ഏഷ്യാ കമാണ്ടു് ബുള്ളററിനിലാണു് ഞാനതു വായിച്ചതു്. യാതൊരു വിശദവിവരവുമില്ലാതെ, വളരെ സംക്ഷിപ്തമായ വാൎത്തയായിരുന്നു അതു്. ആദ്യം എനിക്കതു് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഒരു വിമാനാപകടം നമ്മുടെ പ്രിയപ്പെട്ട നേതാജിയുടെ ജീവൻ അപഹരിച്ചു. വിമാനത്തിലുണ്ടായിരുന്ന മററാൎക്കും ജീവാപായം പററിയിരുന്നില്ല. നേതാജിയുടെ പേഴ്സണൽ സിക്രട്ടറി ഹബീബ്ഉറും റഹിമാൻപോലും ചെറിയ പൊ



*8

ള്ളലോടെ രക്ഷപ്പെട്ടു. അത്രയും നിസ്സാരമായ ഒരു വിമാനാപകടത്തിൽ എങ്ങനെ നേതാജിമാത്രം കൊല്ലപ്പെട്ടുവെന്നു് ഈ ദിവസംവരെ ദുർഗ്രഹമായിത്തന്നെയിരിക്കുന്നു. ആസാദ് ഹിന്ദ് ഗവമ്മേണ്ടിന്റെവക കോടിക്കണക്കിനു് ഉറുപ്പിക വിലപിടിപ്പുള്ള സ്വൎണ്ണാഭരണങ്ങളും രത്നങ്ങളും ഈ വിമാനത്തിൽ ഉണ്ടായിരുന്നു. അവക്കെന്തു സംഭവിച്ചു എന്നതും ആക്കും അറിവില്ല. ഒരു പക്ഷേ, ഇനി നമുക്കു് അതു് ഒരിക്കലും അറിയാൻ കഴിഞ്ഞില്ലെന്നും വരാം. എന്തോ ചതിപ്രയോഗം നടത്തിയിട്ടുണ്ടെന്നു് ഞാൻ സംശയിക്കുന്നു. സത്യം ദൈവത്തിനറിയാം !

കൊഹീമയിലൂടെയും ഇംഫാലിലൂടെയും ഉള്ള രണ്ടുമാസത്തെ യാത്രക്കുശേഷം ഇന്ത്യയിലെ ദീമാപൂർ എന്ന സ്ഥലത്തെത്തിച്ചേരാൻ, എന്റെ ശാരീരിക ശക്തിയേക്കാളേറെ മനോധൈര്യവും നിശ്ചയദാർഢ്യവുമാണു് എന്നെ സഹായിച്ചതു്. ഈ ദീർഘയാത്രമുഴുവൻ ഞാൻ ഏകനായിത്തന്നെ നിൎവ്വഹിച്ചു. പല ദിവസങ്ങളിലും പട്ടിണികിടക്കേണ്ടിവന്നു. ഭാഗ്യത്തിന്നു് ചിലപ്പോഠം പത്തോ പതിനഞ്ചോ നാഴിക മിലിട്ടറി ട്രക്കുകളിൽ സൗജന്യയാത്ര തരപ്പെട്ടു. ഞാൻ യൂണിഫോറം ധരിച്ചിരുന്നതിനാൽ, ദയയുള്ള ചില ട്രക്കു് ഡ്രൈവർമാർ വണ്ടിനിൎത്തി എന്നേയും കയററും. ഞാനൊരു ഐ. എൻ. ഏ. ക്കാരനാണെന്നു് ആരോടും പറഞ്ഞില്ല.

ഈ രണ്ടായിരം നാഴിക യാത്രക്കിടയിൽ ഞാൻ സഹിച്ച ദുരിതവും ക്ലേശവും വിവരണാതീതമാണു്

അതാവിഷ്കരിക്കാനുള്ള ഭാഷ എനിക്ക് വശമില്ല. ഇങ്ങനെ കാൽനടയായൊരു യാത്ര പുറപ്പെട്ടതുതന്നെ തെററിപ്പോയെന്നും ചിലപ്പോൾ തോന്നി. വളരെ നാഴികകളോളം ഒരു മനുഷ്യജീവിയേയും കാണാതെ ഒരാൾ തനിച്ച് യാത്രചെയ്യേണ്ടിവന്നാലുള്ള വിരസത എളുപ്പത്തിൽ ഊഹിക്കാവുന്നതേയുള്ളു. പലപ്പോഴും ആഹാരം ഉണ്ടായിരുന്നില്ല. ചിലപ്പോൾ, വെള്ളംപോലും കിട്ടിയില്ല. നടന്നു് നടന്നു് കാലുകൾ പൊള്ളി വ്രണപ്പെട്ടു എന്നിട്ടും ലക്ഷ്യമില്ലാത്തവിധം നടത്തം തുടൎന്നുകൊണ്ടേയിരുന്നു. ബൎമ്മീസ് ഭാഷയിൽ എനിക്കുണ്ടായിരുന്ന അല്പജ്ഞാനം പലപ്പോഴും സഹായകമായി. കിട്ടാവുന്ന ഇടങ്ങളിൽ നിന്നു് ബൎമ്മക്കാരോട്, ആഹാരം വിലകൊടുത്തു വാങ്ങി. വെളിസ്ഥലങ്ങളിലെ വലിയ മരങ്ങളുടെ ചുവട്ടിലും ചിലപ്പോൾ ബൎമ്മക്കാരുടെ ഒഴിഞ്ഞ കുടിലുകളിലും കിടന്നുറങ്ങി. ധാരാളം കാട്ടുമൃഗങ്ങളുള്ള ഇടങ്ങളിലൂടെ കടന്നുപോന്നെങ്കിലും ഒരിക്കലും അവയിൽനിന്നു് ഉപദ്രവമേല്ക്കേണ്ടിവന്നില്ല. ഞാൻ അവയെ പേടിച്ചതുമില്ല. ഞാൻ സഞ്ചരിച്ച സ്ഥലങ്ങളെല്ലാം മലേറിയാ ബാധിതപ്രദേശങ്ങളായിരുന്നു. ഈയാത്രയിൽ എനിക്കു് മലേറിയ പിടിപെട്ടെങ്കിലും ഭാഗ്യവശാൽ, സ്വദേശത്തെത്തുംവരെ അത് കൊടുംപനിയായി വളൎന്നില്ല.

എൻെറ യാത്രയെപ്പററി കൂടുതൽ വിവരിച്ച് വായനക്കാരെ മുഷിപ്പിക്കാൻ ഞാനുദ്ദേശിക്കുന്നില്ല.

അങ്ങനെ തികച്ചും ക്ഷീണിതനായി, നിറയെ വ്രണപ്പെട്ട കാലടികളുമായി ഒടുവിൽ ഞാൻ ദീമാപൂരിലെത്തി എന്നു പറഞ്ഞാൽ മതിയല്ലൊ.

ദീമാപൂരിൽ, ഇന്ത്യൻ ആർമിയിലെ അംഗങ്ങളിൽനിന്നും എനിക്ക് നല്ല പരിചരണം ലഭിച്ചു. കാലുകൾ സുഖപ്പെടുകയും ആരോഗ്യം വീണ്ടുകിട്ടുകയും ചെയ്യുന്നതുവരെ ഏതാനും നാൾ ഒരു ആർമി ആഫീസറുടെ കൂടെ ഞാൻ താമസിച്ചു. ഞാൻ ഐ. എൻ. എ.ക്കാരനാണെന്നറിഞ്ഞപ്പോൾ, യുദ്ധരംഗത്തല്ലാത്തിടത്തൊക്കെ ഇന്ത്യൻ ആർമിയിലെ ആളുകൾ എന്നോടു് ദയാപൂർണ്ണമായാണ് പെരുമാറിയതു്. അതിന്നു് ഞാനവരോടു് എന്നും കടപ്പെട്ടവനാണ്. കല്ക്കത്തയിൽ കുറച്ചുദിവസം തങ്ങിയതിന്നുശേഷം, സ്വന്തം നാടായ തലശ്ശേരിവരെ ഞാൻ സഞ്ചരിച്ചതു്, ബർമ്മയിൽനിന്നുള്ള അഭയാർത്ഥി എന്ന നിലയിൽ എനിക്ക് നല്ലപ്പെട്ട റെയിൽവെ വാറണ്ടിന്മേലായിരുന്നു.

കല്ക്കത്തയിലെത്തിയപ്പോൾ, ഒരു ദേശീയധീരന്നുള്ള ആവേശകരമായ സ്വീകരണമാണ് എനിക്ക് ലഭിച്ചതു്. ഇവിടെ ഒരു കാര്യം ഉറപ്പിച്ചുപറയാൻ ഞാനാഗ്രഹിക്കുന്നു. അത്യസാധാരണമായ യാതൊന്നും ഞാൻ ചെയ്തില്ല. എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽത്തന്നെ, അതു് അങ്ങനെയൊരവസരത്തിൽ നിങ്ങളിലാരും ചെയ്യുമായിരുന്നതു മാത്രമാണ്. എൻെറ പേരിൽ കുററംചമച്ചുണ്ടാക്കിയ ബ്രിട്ടീഷ്

കാരാണ് എന്നെ ഒരു 'വീര'നാക്കിയതു്. എൻെറ ഓർമ്മ ശരിയാണെങ്കിൽ, ബർമ്മയിൽവെച്ച് വിചാരണ ചെയ്യപ്പെട്ടു് വധശിക്ഷക്കു് വിധിക്കപ്പെട്ട ഒരേയൊരു ഐ. എൻ. എ. ആഫീസർ ഞാനായിരുന്നു. ജനറൽ ഷാനവാസ് ഖാൻ, കേണൽ സൈഗാം, മേജർ ധില്ലൻ എന്നിവർ ഡൽഹിയിൽ ചെങ്കോട്ടയിൽവെച്ച് വിചാരണക്ക് വിധേയരായി. ഇന്ത്യയിലാകെ അലകളുയർത്തിയ സംഭവമായിരുന്നു അതു്. അന്നത്തെ കേസ്സുവിചാരണകളൊക്കെ ഇന്ത്യാചരിത്രത്തിൻെറ ഭാഗമായിക്കഴിഞ്ഞു. ഞാൻ പറയാനുദ്ദേശിക്കുന്നതു് ഇതാണു: ഐ. എൻ. എ.യിലെ അനേകമനേകം ധീരദേശാഭിമാനികാം യുദ്ധരംഗത്തുവെച്ച്, മാതൃഭൂമിയുടെ മോചനത്തിന്നുവേണ്ടി സ്വജീവൻ ബലിയർപ്പിച്ചിട്ടുണ്ടു്. ആ വീരാത്മാക്കാം ഇന്നു് ഓർമ്മിക്കപ്പെടുന്നില്ല. ബാക്കിയുള്ള ഞങ്ങളും താമസിയാതെ വിസ്മൃതിയിൽ മറഞ്ഞേക്കാം. ഐ. എൻ. എ.യെപ്പററിയുള്ള പുസ്തകങ്ങാം മാത്രം അവശേഷിക്കും!

കല്ക്കത്തയിൽ, ഞാൻ നേതാജിയുടെ ഭവനം സന്ദർശിച്ചു. കുറച്ചു ദിവസം, പഴയ സുഹൃത്തുക്കളുടെ കൂടെ താമസിച്ചു. ചെന്നിടത്തൊക്കെ ഹൃദ്യമായ സ്വീകരണം ലഭിച്ചു.

കല്ക്കത്തയിലെ ഹിന്ദുസ്ഥാൻ കോ-ഓപ്പറേററീവ് ലൈഫ് ഇൻഷ്വൂറൻസ് സൊസൈററി ലിമിററ

ഡിൽനിന്നും കുറേ പണം കടമെടുത്തു്, ഞാൻ മല ബാറിലേക്കു് യാത്രതിരിച്ചു.

കോഴിക്കോട്ടു് തീവണ്ടിയാപ്പീസിൽ എത്തിച്ചേർന്ന എന്നെ, ബന്ധുക്കളും കൂട്ടുകാരും ആരാധകരും ചേർന്നു് സ്വീകരിച്ചു. ഞാനെന്റെ ജന്മനഗരത്തിൽ ജീവനോടെ തിരിച്ചെത്തിയതുകൊണ്ടുള്ള ആനന്ദാശ്രുക്കൾ ഞങ്ങളിൽ മിക്കവരുടെയും കവിളിൽ ചാലിട്ടൊഴുകി.

# നേതാജിയെപ്പററി അല്പംകൂടി

നേതാജിയെപ്പററിയും ഐ. എൻ. എ. യെപ്പററിയും ചിന്തിക്കുമ്പോഴൊക്കെ ഇന്നും ഞാൻ എന്നെത്തന്നെ മറന്നുപോവാറുണ്ട്.

ഇന്ന് അധികാരത്തിലിരിക്കുന്ന നമ്മുടെ എത്ര രാഷ്ട്രീയ നേതാക്കൾക്ക് ദീർഘവീക്ഷണമുണ്ട്? നാളെ എന്തുസംഭവിക്കുമെന്ന് കാണാതെ അവർ ഇന്ന് കല്പനകൾ പുറപ്പെടുവിക്കുമ്പോൾ, നാട്ടിലെങ്ങും കുഴപ്പങ്ങളുണ്ടാകുന്നു. ചെറിയൊരുദാഹരണം: ഈ രാജ്യത്ത് ധാരാളം പഞ്ചസാര കിട്ടാനുണ്ടായിരുന്ന കാലം. പെട്ടെന്ന് ഒരുദിവസം വേണ്ടത്ര സ്റ്റോക്ക് നഗരങ്ങളിലെ മാർക്കററിലെത്തിക്കാതെ, വിനിയന്ത്രണമേർപ്പെടുത്തി. ഫലമോ? കരിഞ്ചന്തക്കാർക്ക് മുതൽ വർദ്ധിപ്പിച്ചുകൊടുത്തുകൊണ്ട് വില ഉയർന്നു. സാധാരണക്കാരായ നാം മധുരമുള്ള ഒരു കോപ്പ ചായ കുടിക്കാൻ വിഷമിച്ചു.

താരതമ്യത്തിന്നുവേണ്ടി ഒരുദാഹരണം പറഞ്ഞെന്നുമാത്രം.

ഐ. എൻ. എ. വിജയിക്കുകയാണെങ്കിൽ ഇന്ത്യയിലുപയോഗിക്കാൻ വേണ്ടി, കറൻസിനോട്ടുകളും തപ്പാൽമുദ്രകളും, നേതാജി ജർമ്മനിയിലായിരുന്നപ്പോഴും തന്നെ, അച്ചടിപ്പിച്ച് തയ്യാറാക്കിയിരുന്നു. ഇന്ത്യയുടെ ഭാവിപ്രവർത്തനപരിപാടികൾ, പിന്നീട് ആശയക്കുഴപ്പം ഉണ്ടാവാതിരിക്കാൻവേണ്ടി, എത്രയും സൂക്ഷ്മമായി അസൂത്രണം ചെയ്യുകയുണ്ടായി. കെട്ടുറപ്പുള്ള ഒരിന്ത്യ പടുത്തുയർത്താൻ, നേതാജി ജീവിച്ചിരുന്നെങ്കിൽ, എന്നു് ഞാനെന്തുമാത്രം അഭിലഷിക്കുന്നുവെന്നോ! നേതാജി ഉണ്ടായിരുന്നെങ്കിൽ, പാക്കിസ്ഥാനെപ്പററിയോ ഹിന്ദുസ്ഥാനെപ്പററിയോ തീർച്ചയായും നിങ്ങൾ കേൾക്കേണ്ടിവരില്ലായിരുന്നു. ഹിന്ദുക്കൾക്കും മുസ്ലീംകൾക്കും വേണ്ടി, അവിഭക്തമായ ഒരൊററ ഇന്ത്യയേ ഉണ്ടാകുമായിരുന്നുള്ളു.

അന്ത്യംവരെ പല സ്ഥലങ്ങളിലായി, വിവിധയുദ്ധമുന്നണികളിൽ അദ്ദേഹം ഞങ്ങൾക്കൊപ്പമുണ്ടായിരുന്നെങ്കിലും, ഞാനദ്ദേഹത്തെ അവസാനമായി നേരിൽകണ്ടതു് മേംഗ്ലോഡൻ ക്യാമ്പിൽ വെച്ചായിരുന്നു.

അദ്ദേഹത്തിൻെറ മുഴുവൻ പദ്ധതികളെപ്പററിയും അറിവില്ലാത്തതുകൊണ്ടു്, ഞാനവ വിവരിക്കുന്നില്ല.

ചുരുങ്ങിയ സമയത്തിനുള്ളിൽ, എത്രയും ഭീമമായ തുക പിരിച്ചെടുക്കാൻ, നേതാജിയെപ്പോലെ ലോകത്ത് മറേറതെങ്കിലും നേതാവിന്നു് സാധിക്കുമോ എന്നെനിക്കു് സംശയമുണ്ടു്. അത് എന്തൊ

രത്ഭുതസിദ്ധിയായിരുന്നെന്നോ! രാഷ്ട്രത്തെ സ്വത
ന്ത്രമാക്കാൻ ത്യാഗസന്നദ്ധരാവുക എന്ന ഉദ്ബോധ
നംവഴി, ധനം മാത്രമല്ല ജനങ്ങളുടെ ഹൃദയവും അ
ദ്ദേഹം നേടി. വലിയവരോ, ചെറിയവരോ ആവട്ടെ,
സകലരും തങ്ങളുടെ സകലതും ഐ. എൻ. എ.ക്കും
ആസാദ് ഹിന്ദ് ഗവമ്മെണ്ടിന്നും സമർപ്പിച്ചു.

പൊതുയോഗത്തിൽവെച്ച്, നേതാജി സംഭാവ
നകൾക്ക് ആഹ്വാനം നൽകിയപ്പോൾ, ലക്ഷക്കണ
ക്കിന്നുറുപ്പിക വിലപിടിച്ച രത്നവും, സ്വർണ്ണവും
വെള്ളിയും കറൻസിനോട്ടുകളും ഒഴുകിയെത്തി. അ
ദ്ദേഹം തീർച്ചയായും ഊജ്ജസ്വലനായ ഒരു വ്യക്തി
യായിരുന്നു. അസാധാരണമായ ആകർഷണശക്തി
അദ്ദേഹത്തിൽ ഒളിഞ്ഞുകിടപ്പുണ്ടായിരുന്നു. അതു
വഴി, ശ്രോതാക്കളുടെ കരൾ കവരാൻ അദ്ദേഹത്തി
ന്ന് കഴിഞ്ഞു. അദ്ദേഹത്തിൻെറ പ്രഭാഷണം കേൾ
ക്കുംമുമ്പേ, ആ വശ്യശക്തി അനുഭവിച്ചറിയാൻ
ആക്കുമാവില്ല.

ഈ കോടിക്കണക്കിനുള്ള അത്രയേറെ ധനം
മുഴുവൻ ശേഖരിച്ചതു്, ഇന്ത്യക്കാരിൽനിന്നുമാത്രമാ
യിരുന്നു എന്നോക്കണം. സാധാരണ പൂമാലകൾ
പോലും ആയിരക്കണക്കിന്ന് ഉറുപ്പികക്ക് ലേലം
ചെയ്യപ്പെട്ടു, ധനികനായ ഒരിന്ത്യക്കാരൻ സുഹൃത്ത്
ഒരിക്കൽ, തൻെറ മുഴുവൻ സമ്പാദ്യത്തിൻെറയും പകു
തിഭാഗം ഐ. എൻ. എ.ക്ക് സംഭാവനയായി വാഗ്ദാ
നംചെയ്തു. ഒരു ഐ. എൻ. എ. ഭടനോടു് തൻെറ
പകുതി രക്തം മാത്രം ചിന്താൻ ഒരിക്കലും ആവശ്യ

പ്പെടാനാവില്ലെന്നു് നേതാജി തിരിച്ചടിച്ചു. ധനികനായ ആ സുഹൃത്തു് ഒടുവിൽ, തന്റെ സ്വത്തു് മുഴുവൻ ഐ. എൻ. എ ക്കു് സംഭാവനചെയ്തു. പക്ഷെ വഴിയുടെ പ്രശ്നമേ നേതാജിക്കുണ്ടായിരുന്നില്ല. മറെറാരവസരത്തിൽ അദ്ദേഹം, കോടീശ്വരനായ ഒരു മുസ്ലിംമാന്യനെ സമീപിച്ചു. ''പഞ്ചസാരരാജാവ്'' എന്ന പേരിലാണ് അയാരം ബർമ്മയിൽ അറിയപ്പെട്ടിരുന്നതു്. തനിക്കുള്ളതു മുഴുവൻ ഐ. എൻ. എ.ക്കു് നല്കാൻ നേതാജി ആ മാന്യനോടാവശ്യപ്പെട്ടു. സ്വന്തം സമ്പാദ്യം മാത്രമല്ല, ഭാര്യയുടേയും മകളുടേയും ആഭരണങ്ങരംപോലും അയാരം ഐ. എൻ. എ.ക്കു നൽകി. കൂടാതെ ഐ. എൻ. എ. യിൽ ചേരുകയും ചെയ്തു. ആ ദേശസ്നേഹി, എന്നോടൊപ്പം സമരമുന്നണിയിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

ഇവ ഏതാനും സംഭവങ്ങരം മാത്രം. അങ്ങനെ, ആയിരക്കണക്കിനാളുകരം തങ്ങളുടെ സർവ്വസ്വവും ഐ എൻ. എ.ക്കു് സമർപ്പിച്ചു.

ജീവിതത്തിന്റെ എല്ലാ തുറകളിൽപ്പെട്ടവരുമായ ഇന്ത്യക്കാരിൽനിന്നു് നേതാജി കോടിക്കണക്കിന്നുറുപ്പിക ശേഖരിച്ചു. ഐ. എൻ. എ. യുടെ ആ വിലപിടിച്ച മുതലൊക്കെ, ബർമ്മയിൽ വെച്ചു് തോൽവി സംഭവിച്ചപ്പോരം, വിമാനംവഴി സ്ഥലമാററം ചെയ്യാൻ നേതാജി ഉദ്ദേശിച്ചു. ആ വിമാനമാണ്, ഫോർമോസയിൽ എവിടേയോവെച്ചു് തകർന്നു വീണതായി റിപ്പോർട്ടു് ചെയ്യപ്പെട്ടതു്. സിങ്കപ്പൂരിലെ ആഫീസർ പരിശീലനകേന്ദ്രത്തിൽ, എന്റെ

കമാണ്ടൻറായിരുന്ന ജനറൽ ഹബീബ് ഉം റഹിമാനായിരുന്നു ആ സമയത്തു് നേതാജിയുടെ പേഴ്സണൽ സിക്രട്ടറി. അപകടം പററിയ ആ വിമാനത്തിൽ അദ്ദേഹവും ഉണ്ടായിന്നു. പിന്നീട്ട് ഞാനദ്ദേഹത്തെ കണ്ടുമുട്ടിയപ്പോ൦ അപകടത്തിൽ പൊള്ളലേററ അദ്ദേഹത്തിൻെറ കൈകൾ ഞാൻ കാണുകയുണ്ടായി. വിമാനത്തിൻെറ പൈലററടക്കം മററാരും അപകടത്തിൽ മരിച്ചില്ല. വിമാനത്തിലുണ്ടായിരുന്ന കോടിക്കണക്കിനുറുപ്പിക വില പിടിപ്പുള്ള സ്വത്തുക്കളൊക്കെ എവിടെപ്പോയെന്നു് ഇന്നുവരെ ആക്കും അറിവില്ല. ആ സമ്പത്തിന്നുവേണ്ടി സൃഷ്ടിക്കപ്പെട്ടതായിരുന്നുവോ ആ അപകടമെന്നും നമുക്കറിയില്ല.

എതായാലും നേതാജി ഐ. എൻ. എ.ക്ക് വാഗ്ദാനം ചെയ്തിരുന്നതു്, നിരാഡംബരതയും വിയർപ്പും പട്ടിണിയും പാട്ടം ഒടുവിൽ മരണവുമായിരുന്നല്ലോ. ഇന്ത്യ സ്വതന്ത്രയായാൽ ഇന്ത്യൻ നാഷനൽ ആർമി പിരിച്ചുവിടപ്പെടുമെന്നും, ആർമിയിൽപ്പെട്ടവർ ആരുംതന്നെ സ്വതന്ത്രേന്ത്യയിൽ പ്രത്യേകമായ യാതൊരു പരിഗണനയും പ്രതീക്ഷിക്കരുതെന്നും അദ്ദേഹം ഞങ്ങളെ ബോദ്ധ്യപ്പെടുത്തിയിരുന്നു. പക്ഷേ, ഇന്നു് ഇന്ത്യയുടെ സ്ഥിതി എന്താണെന്നു് വായനക്കാർ ദയചെയ്തു് ചിന്തിക്കുക. നേതാജി രാഷ്ട്രീയരംഗത്ത് ഉണ്ടായിരുന്നെങ്കിൽ, ഇന്ത്യയുടെ നില എന്താകുമായിരുന്നു എന്നും ആലോചിക്കുക. ഇന്ത്യയുടെ ദുർവിധി എന്നല്ലാതെ എന്തുപറയട്ടെ !

ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതിന്നുമുമ്പ്, ജപ്പാനിൽവെച്ചുണ്ടായ ഒരു സംഭവത്തെപ്പററി എടുത്തു പറയേണ്ടതുണ്ട്.

ജപ്പാനീസ് 'ഡയററി'ൻെറ (പാർല്ലിമെൻറിൻെറ) ഒരു സമ്മേളനത്തിൽ, നേതാജി വിശിഷ്ടാതിഥി എന്ന നിലയിൽ പങ്കെടുക്കുകയായിരുന്നു. അന്നത്തെ ജപ്പാൻ പ്രധാനമന്ത്രി, ജനറൽ ടോജോ എഴുന്നേററ്നിന്നു, സുഭാഷ് ചന്ദ്രബോസിനെ, ഇന്ത്യൻ റിപ്പബ്ലിക്കിൻെറ ഭാവിയിലെ പ്രസിഡണ്ടെന്നു് വിശേഷിപ്പിച്ചുകൊണ്ട് പരിചയപ്പെടുത്തി. ഇതു് കേഠംക്കേണ്ട താമസം, നേതാജി സ്വസ്ഥാനത്തുനിന്നും ചാടിയെഴുന്നേററ്, ജനറൽ ടോജോവിനോട് ആ പ്രസ്താവന പിൻവലിക്കാൻ ആവശ്യപ്പെട്ടു. ഭാവിയിലെ ഇന്ത്യൻ പ്രസിഡണ്ട് ആരാവണമെന്നു് അവിടത്തെ ജനതയാണു് തീരുമാനിക്കേണ്ടതെന്നു് നേതാജി പ്രസ്താവിച്ചു. അതിന്നുശേഷം ജനറൽ ടോജോ, തൻെറ പ്രസ്താവന പിൻവലിച്ചു.

## കോൺഗ്രസ്സുമായുള്ള ബന്ധങ്ങൾ

ഐ. എൻ. എ. ഭടന്മാർ ഇന്ത്യയിലെത്തിയപ്പോൾ, ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് അവരെ തങ്ങളുടെ ലക്ഷ്യസാദ്ധ്യത്തിന്നുവേണ്ടി പൂർണ്ണമായും ഉപയോഗിച്ചു. അതിന്നവരെ കുററപ്പെടുത്താൻ ഞാനുദ്ദേശിക്കുന്നില്ല. എന്നാൽ, കോൺഗ്രസ്സ് കക്ഷി ഐ. എൻ. എ. യോടുള്ള സ്വന്തം വാഗ്ദാനം പാലിച്ചുവോ? ഇല്ല എന്നാണുത്തരം. കോൺഗ്രസ്സ് എന്തിന്നു് ഐ. എൻ. എ.യെ വഞ്ചിച്ചു? കോൺഗ്രസ്സ് നേതൃത്വത്തിന്നു മാത്രമേ അതിനുത്തരം നൽകാനാവൂ.

ഒരിക്കൽ, ഐ. എൻ. എ. യുടെ ഒരു കോൺഫ്രൻസ് ഡൽഹിയിൽ ചേന്നപ്പോൾ, കേരളത്തെ പ്രതിനിധീകരിക്കാൻ ഞാൻ പ്രത്യേകം ക്ഷണിക്കപ്പെട്ടിരുന്നു. ഐ. എൻ. എ. ഭടന്മാരെ പുനരധിവസിപ്പിക്കാൻ തന്നാലാവുന്നതെല്ലാം ചെയ്യുമെന്നു്, ആ കോൺഫ്രൻസിൽവെച്ചു് ജവഹർലാൽ നെഹറു ഞങ്ങളോടു് വാഗ്ദാനം ചെയ്തു. സ്വാതന്ത്ര്യം കിട്ടി 21 വർഷങ്ങൾക്കുശേഷവും, ഐ. എൻ. എ. യിൽപ്പെട്ട പാവപ്പെട്ട ആളുകൾക്കു് വേണ്ടി, കോൺഗ്രസ്സ് നേതൃത്വം യാതൊന്നും ചെയ്തില്ലെന്നു് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. ഐ. എൻ. എ. യിലെ ആരും തന്നെ പ്രത്യേക പരിഗണനക്കൊന്നുമല്ല ആവശ്യപ്പെട്ടിരുന്നതുതാനും. ഐ. എൻ. എ.യിൽ ചേരുന്നതിന്നുമുമ്പു്, ഇന്ത്യൻ ആർമിയിൽ ഉണ്ടായിരുന്ന

വകയിൽ കിട്ടേണ്ടിയിരുന്ന ശമ്പളബാക്കിപോലും പലക്കും ഇന്നുവരെ നൽകപ്പെട്ടിട്ടില്ല. സ്വാതന്ത്ര്യ ലബ്ധിക്കുശേഷമുള്ള 21 വർഷത്തെ കോൺഗ്രസ്സ് ഭരണത്തിന്നുശേഷം പലരും ഇന്നും ജോലിയില്ലാതെ ശേഷിക്കുന്നു. പ്രചരണാവശ്യങ്ങൾക്കുവേണ്ടി, ഐ. എൻ. എ.യുടെ പേരു് കോൺഗ്രസ്സ് നിർല്ലോഭം ഉപയോഗിച്ചിട്ടുണ്ടു്. ഒരു ഐ. എൻ. എ. ഓഫീസറെന്ന നിലയിൽ, ഞാൻതന്നെ കോൺഗ്രസ്സ് സംഘടനക്കു് വേണ്ടി പല നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ടു്. 1947-ൽ, ഡൽഹിയിൽ സമ്മേളിച്ച എ. ഐ. സി. സി. യിൽ പങ്കെടുക്കാൻ എന്നെ ക്ഷണിക്കുകയുണ്ടായി.

അല്പമെങ്കിലും ആഗ്രഹമുണ്ടായിരുന്നെങ്കിൽ, ഐ.എൻ.എ.യിൽപ്പെട്ട ആളുകൾക്കുവേണ്ടി കോൺഗ്രസ്സിന്നു് വളരെയധികം നന്മ ചെയ്യാൻ കഴിയുമായിരുന്നു. രാഷ്ട്രത്തിൻെറ അഭിവൃദ്ധിക്കുതകുന്ന പല തൊഴിലുകളിലും ഐ. എൻ. എ. അംഗങ്ങളെ നിയോഗിക്കാമായിരുന്ന ധാരാളം സന്ദർഭങ്ങൾ കോൺഗ്രസ്സ് ഗവമ്മെണ്ടിന്നു് ലഭിച്ചിരുന്നു.

മദിരാശിപോലെ ഏതാനും സംസ്ഥാനങ്ങൾ, ഐ. എൻ. എ.ക്കുവേണ്ടി പല നല്ല പ്രവത്തനങ്ങളും ഏപ്പെടുത്തുകയുണ്ടായെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ആന്ധ്രാകേസരി ടി. പ്രകാശം അന്നത്തെ മദിരാശി മുഖ്യമന്ത്രിയായിരുന്നപ്പോൾ പ്രത്യേകിച്ചും കാര്യമായ പ്രവത്തനങ്ങൾ നടക്കുകയുണ്ടായി. ഐ. എൻ. എ. ക്കാരോടു് സഹാനുഭൂതിയുള്ള വ്യക്തിയായിരുന്നു അദ്ദേഹം. അവരു

ടെ പുനരധിവാസത്തിൽ വളരെയധികം മുൻകൈ യെടുത്തു പ്രവർത്തിച്ച മററൊരു വ്യക്തിയാണ്, ആ കാലത്ത് മദിരാശി സംസ്ഥാനത്തിലായിരുന്ന മി. ആർ. പി. കപൂർ, ഐ. സി. എസ്. ഇവർ ഇരുവരുടേയും സഹായമുണ്ടായിരുന്നില്ലെങ്കിൽ, ഐ. എൻ. എ. യിലെ ഭടന്മാരുടെ സ്ഥിതി വളരെ കഷ്ടതരമായിരുന്നേനെ. ഈ ഉദാരമതികളുടെ സഹായം കൊണ്ടുപോലും എല്ലാ ഐ. എൻ. എ. ക്കാരെയും പുനരധിവസിപ്പിക്കാൻ കഴിഞ്ഞില്ല. എങ്കിലും കുറേപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു.

ഐ. എൻ. എ. ഭടന്മാരുടെ പുനരധിവാസകാര്യത്തിലുള്ള കോൺഗ്രസ്സ് ഗവമ്മേണ്ടിൻെറ നയത്തെപ്പററി, 1948 മാർച്ച് 31–ാം തിയ്യതി ഹിന്ദു ദിനപത്രം എഴുതിയ മുഖപ്രസംഗം ഇവിടെ പ്രസക്തമാമായിരിക്കുമെന്നു തോന്നുന്നതുകൊണ്ട്, ഉദ്ധരിക്കട്ടെ :

''കഴിഞ്ഞ യുദ്ധത്തിൽ, മലയാ ഉപദ്വീപിൽ നിന്നു് ബ്രിട്ടിഷ്കാർ പിന്മാറിയപ്പോഠം, ഇന്ത്യൻ ആർമി വിട്ടു് ഇന്ത്യൻ നാഷനൽ ആർമിയിൽച്ചേർന്ന ആഫീസർമാരേയും മററു സൈനികരെയും എന്തുചെയ്യണമെന്നതീരുമാനം ഒടുവിൽ ഇന്ത്യാഗവമ്മേണ്ട് പ്രഖ്യാപിച്ചിരിക്കുന്നു.

''ആവശ്യമാണെങ്കിൽ, വടക്കു കിഴക്കൻ അതിർത്തിയിലൂടെയുള്ള ഒരാക്രമണത്തിലൂടെയെങ്കിലും ഇന്ത്യയെ വൈദേശികാധിപത്യത്തിൽനിന്നു് വിമോചിപ്പിക്കുക എന്നതായിരുന്നു ഇന്ത്യൻ നാഷനൽ ആർമിയുടെ പ്രഖ്യാപിതലക്ഷ്യം. ഐ. എൻ. എ. ക്ക്

സഖ്യശക്തികളുടെ ശത്രുക്കളുടെ ധാർമ്മികവും ധനപരവുമായ പിന്തുണയുണ്ടായിരുന്നെങ്കിലും, സംഘടനയുടെ ഉദ്ദേശ്യം ഇന്ത്യക്കു് സ്വാതന്ത്ര്യം നേടൽ മാത്രമാണെന്നും ആർമി, ഇന്ത്യയുടെ അതിർത്തിക്കുള്ളിൽ പ്രവേശിച്ചുകഴിഞ്ഞാലുടൻ, ഇന്ത്യയിലെ ദേശീയ ശക്തികൾ തങ്ങളുടെ കൂടെ ചേരുമെന്നു് തങ്ങൾക്കു് വിശ്വാസമുണ്ടെന്നും ഐ എൻ. ഏ. നേതാക്കൾ അവകാശപ്പെട്ടു. ഈ വാദത്തിന്റെ ന്യായീകരണം അസാദ്ധ്യമാക്കിത്തീർത്ത തരത്തിലായിരുന്നു പിന്നീടുള്ള യുദ്ധത്തിന്റെ ഗതി. എങ്കിലും ഐ. എൻ. ഏ. ഭടന്മാരൊക്കെ ഒളിച്ചോട്ടക്കാരോ തോന്നുമ്പോഴൊക്കെ കാലുമാററം നടത്തുന്നവരോ ആയിരുന്നില്ലെന്നു് പ്രത്യേകം ഓർക്കേണ്ടതാണു്. അവരിൽ വളരെയധികം പേർ യുദ്ധത്തടവുകാരായി പിൻതള്ളപ്പെട്ടപ്പോൾ തങ്ങളുടെതന്നെ രാജ്യത്തിന്നുവേണ്ടി ഒരു കൈ നോക്കാമെന്നു് തീരുമാനിച്ചിരിക്കണം. ഈ വസ്തുത, അവരാദ്യം ഉൾപ്പെട്ടിരുന്ന പട്ടാളത്തോടുള്ള കൂറുമായും ബന്ധപ്പെട്ടിരിക്കുന്നു. ബ്രിട്ടീഷ് രാജകീയ സൈന്യത്തിൽ വിദൂരപൂർവ്വദേശത്തു് സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കെ ചില പ്രത്യേക സാഹചര്യങ്ങളിലാണവർ കൂറുമാറിയതെന്നും ആ മാററം താല്ക്കാലികവും സാങ്കേതികവുമായിരുന്നെന്നും വാദിക്കാം. 1947 ആഗസ്റ്റിനുമുമ്പു് ഈ ഐ. എൻ. ഏ. ഭടന്മാരുടെ സ്വഭാവത്തെപ്പററി ഇന്ത്യയിലെ ബ്രിട്ടീഷ് ഗവണ്മെൻറിന്നു് എന്തു വീക്ഷണഗതി ഉണ്ടായിരുന്നാലും ശരി, സ്വതന്ത്രേന്ത്യയിലെ ദേശീയ സൈന്യത്തിൽ സേവനമനുഷ്ഠിക്കാനുള്ള അവരുടെ യോഗ്യത ചോദ്യം

ചെയ്യപ്പെടാവുന്നതല്ല. അവരോടുള്ള ബ്രിട്ടീഷ്ഗവ ണ്മെൻറിൻെറ നിലപാട്ട് ദയാപൂർവ്വമാവാനിടയില്ലെ ന്നു്, ചില ഐ. എൻ. എ. ആഫീസർമാരുടെ വിചാരണയിൽനിന്നും അവക്കെതിരെ ബ്രിട്ടീഷ് സക്കാർ ശുപാശ്ചെയ്ത കടുത്ത നടപടികളിൽനിന്നും വ്യക്തമാണല്ലോ. അവരിൽനിന്നു് യഥാൎത്ഥത്തിൽ അതേ പ്രതീക്ഷിച്ചിട്ടുള്ളതാനും. ഇങ്ങനെ ഒരു വി ഭാഗം ആളുകളോട്ട് പട്ടാള അധികൃതർ അയവ് കാട്ടി യാൽ, അതു് യുദ്ധകാലത്തു് വിഷമഘട്ടങ്ങളിലാ കെ കൂറുനിലനിത്തിയ മററു വിഭാഗക്കാക്ക് അനി ഷ്ടമുണ്ടാക്കുമെന്ന ഒരു കാരണം ഉന്നയിക്കാറുണ്ട്. അതെന്തുമാകട്ടെ, ദേശീയ ഗവമ്മെണ്ടിന്നു് ഈ പ്രശ്നത്തിൽ ബ്രിട്ടീഷ് ഗവമ്മേണ്ടിൻേറതുപോലെ ഒരേ വിധത്തിലുള്ള സമീപനം ഒരിക്കലും സാദ്ധ്യ മല്ല. യൂനിയൻ പാർല്ലിമെൻറിൽ തിങ്കളാഴ്ച പ്രധാ നമന്ത്രി പ്രസ്താവിച്ചതുപോലെ, ഗവർമ്മണ്ട് ഈ പ്രശ്നം മുഴുവൻ പുതിയ ഒരു വീക്ഷണകോണിലൂടെ പരിഗണിക്കേണ്ടിയിരിക്കുന്നു. ഐ. എൻ. എ. ക്കാ രനായിരുന്നു എന്നതു് ഒരു കളങ്കമായി ഈ ഗവ ൎമ്മണ്ട് കരുതില്ല എന്ന പ്രസ്താവനതന്നെ, മുമ്പത്തെ ഗവമ്മണ്ടിൻെറ നിലപാടിൽനിന്നു് വ്യത്യസ്തമായ നയമാററം കുറിക്കുന്നുണ്ട്. ഇനി, അവക്കു നൽക പ്പെട്ട ഡിസ്മിസ്സുചെയ്തുകൊണ്ടുള്ള കല്പനകളെല്ലാം ഡിസ്ചാർജ്ജ് സട്ടിഫിക്കററുകളാക്കി മാററണം. അങ്ങനെ ചെയ്താൽ, ഓരോ ആളുടേയും യോഗ്യതയനു സരിച്ച് അവരെ മിലിട്ടറി സർവ്വീസിലടക്കം സൗക

ര്യമുള്ളേടത്തൊക്കെ നിയമിക്കാൻ കേന്ദ്ര-സംസ്ഥാന ഗവമ്മെണ്ടുകരംക്ക് സാധിക്കുമല്ലോ. പട്ടാളത്തിൽ പണ്ടുണ്ടായിരുന്ന തസ്തികകളിൽത്തന്നെ പുനർനിയമനം ലഭിക്കാത്തതിൽ ഐ. എൻ. ഏ. ഭടന്മാക്ക് തീച്ച്യയായും നിരാശയുണ്ടായിരിക്കും. പക്ഷേ, ഇക്കാര്യത്തിൽ ഗവമ്മെണ്ടിന്നും ചില വിഷമങ്ങളുണ്ടെന്ന് സ്പഷ്ടമാണല്ലൊ. പഴയ സ്ഥാനങ്ങളിൽത്തന്നെ പുനർനിയമനം നടത്തുന്നതിന്നെതിരായ ഈ തീരുമാനം വിശദീകരിക്കുമ്പോരം ജവഹർലാൽ നെഹറു അക്കാര്യം തുറന്നു പറഞ്ഞിട്ടുണ്ട്. സാധാരണഗതിയിൽ ധാരാളം ഐ. എൻ. എ. ഭടന്മാർ, ബ്രിട്ടീഷ് ആർമിയിൽനിന്ന് ഇതിനകം പിരിഞ്ഞു പോയിട്ടുണ്ടാവും. തുടച്ച്യയായ സവ്വീസിന്ന് മുടക്കം വന്നവരുമുണ്ട്. പട്ടാളവുമായി വളരെക്കാലം ബന്ധമററ് നില്ക്കുന്നവരാണവർ. അവരെ വീണ്ടും തിരിച്ചെടുക്കാനുള്ള ഏതു ശ്രമവും പ്രായോഗികവും മനഃശ്ശാസ്ത്രപരവുമായ സങ്കീർണ്ണപ്രശ്നങ്ങരംക്ക് വഴിവെക്കും. ഇന്ത്യാവിഭജനത്തിന്നുശേഷം വളരെ പണിപ്പെട്ടാണ് പട്ടാളത്തിൻെറ പുനഃസംഘടന സാധിച്ചിരിക്കുന്നതു്. അതു വീണ്ടും മാററിപ്പണിയുമ്പോരം, അത്യാവശ്യമായ ഐക്യത്തിന്ന് അപായം നേരിടും. അതുകൊണ്ടു് പഴയ ഐ. എൻ. എ. ആഫീസർമാരെ ഇന്ത്യൻ ആർമിയിൽ പുനർനിയമനം നടത്താതിരിക്കാനുള്ള തീരുമാനത്തിലാണ് ഗവമ്മെണ്ട് എത്തിച്ചേന്നതു്. എന്നാൽ, രണ്ടാം ലോകമഹായുദ്ധത്തിലും മററും പങ്കെടുത്ത പരിശീലനം സിദ്ധിച്ച ആളുകളുടെ സേവനം ഉപയോഗപ്പെടുത്താതിരിക്കുന്നതും ഇന്ത്യൻ ആർമിക്ക്

ഒരു വലിയ നഷ്ടംതന്നെയായിരിക്കും. അത്തരം വ്യക്തികളിൽ ആരെങ്കിലും പട്ടാളത്തിൽ തിരിച്ചു ചെല്ലാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അവരെ കഴിയുന്നതും ഉദാരവും സൗകര്യപ്രദവുമായ വ്യവസ്ഥകളിൽ തിരിയെ സ്വീകരിക്കുമെന്നു് ഞങ്ങൾ പ്രതീക്ഷിക്കട്ടെ.''

പക്ഷേ, ഐ. എൻ. എ. യുടെ കഷ്ടതകൾ ലഘൂകരിക്കാൻ ഗവണ്മെൻറ് യാതൊന്നും ചെയ്തിട്ടില്ല. അവർ വീണ്ടും ജോലിയിൽ നിയമിക്കപ്പെട്ടതുമില്ല. അവരുടെ ദേശസ്നേഹപരമായ പ്രവത്തനങ്ങൾക്ക് ലഭിച്ച കനത്ത ശിക്ഷ ! ഐ. എൻ. എ. അതിൻെറ ത്യാഗത്തിന്നു് യാതൊരു പ്രതിഫലവുമാവശ്യപ്പെട്ടില്ല. പലരും ന്യായമായഹ്ിക്കുന്ന അവകാശങ്ങൾ പോലും ഗവണ്മെൻറ് അനുവദിച്ചില്ല. ബ്രിട്ടീഷ് യജമാനന്മാരുടെ പക്ഷത്തുതന്നെ ഉറച്ചുനിന്ന ആളുകൾക്കു് എല്ലാം ലഭിക്കുകയും ചെയ്തു.

1961-ൽ ഇന്ത്യാഗവണ്മെൻറ് ഐ.എൻ.എ. യെ ദേശീയ പ്രസ്ഥാനമായി അംഗീകരിക്കുകയും അതിൽ പങ്കെടുത്തവരെ മററുള്ള രാഷ്ട്രീയയാതനക്കാരോടൊപ്പം തുല്യനിലയിൽ കരുതുമെന്നു് പ്രഖ്യാപിക്കുകയും ചെയ്തു. എങ്കിലും അതിന്നും ഒരു വിശുദ്ധ പ്രഖ്യാപനം മാത്രമായി അവശേഷിക്കുന്നു. മാത്രവുമല്ല, രാഷ്ട്രീയയാതനക്കാർ അനുഭവിക്കുന്ന അഹ്മായ ആനുകൂല്യങ്ങൾക്കുവേണ്ടി സമീപിച്ച് നിവേദനം നടത്തിയപ്പോൾ ഇന്ത്യാഗവമ്മെണ്ടു് മൗനമവലംബിക്കുകയാണുണ്ടായതു്.

അങ്ങനെ, ഐ. എൻ. എ. ക്കാരോട് അവര ർഹിക്കുംവിധം നമ്മുടെ കേന്ദ്രഗവമ്മേണ്ട് നീതിപാ ലിച്ചില്ലെന്ന് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. സ്ഥിരമായ പുനരധിവാസസൗകര്യം പോയിട്ട് താൽക്കാലികസഹായംപോലും ചെയ്തില്ല. ചെറുകിട വ്യവസായങ്ങളാരംഭിക്കാൻ കടം അനുവദിച്ചില്ല. ഒരു തുണ്ട് ഭൂമിപോലുംനൽകിയില്ല. പ്രാഥമിക മര്യാദയുള്ള ഏതു ഗവമ്മെണ്ടും ഇത്രയുമൊക്കെ ചെയ്യേ ണ്ടതായിരുന്നു.

## കോഴിക്കോട്ട്

1946–ൽ മലബാറിൽ എത്തിയ ഉടനെ ഞാൻ കോഴിക്കോട്ടുള്ള കോൺഗ്രസ്സ് കമ്മററിയുമായി ബന്ധംവെച്ചു. ശ്രീമാന്മാർ കെ. കേളപ്പൻ, കെ. ഏ. ദാമോദര മേനോൻ, കെ. മാധവ മേനോൻ, സി. കെ. ഗോവിന്ദൻ നായർ, സുബ്രഹ്മണ്യം തുടങ്ങിയവർ, കേരളാ ഐ. എൻ. എ. റിലീഫ് കമ്മററിയുടെ പ്രവർത്തനം കോഴിക്കോട്ട് ആരംഭിക്കാൻ, എന്നെ വളരെയധികം സഹായിച്ചു. അതിൻെറ ഓഫീസ്, കെ. പി. സി. സി. ഓഫീസിൽത്തന്നെ ഒരു മുറിയിലായിരുന്നു. ആദ്യത്തെ സിക്രട്ടരി ഞാനായിരുന്നു. മി. സുബ്രഹ്മണ്യം ഖജാൻജിസ്ഥാനം രാജിവെച്ചപ്പോൾ എനിക്ക് പിന്നീട് ആ ചുമതലകൂടി വഹിക്കേണ്ടിവന്നു.

ഈ ഘട്ടത്തിലായിരുന്നു അന്നത്തെ മദിരാശി മുഖ്യമന്ത്രി ആന്ധ്രാ കേസരി ടി. പ്രകാശവുമായി ഞാൻ അടുത്തു് പരിചയപ്പെട്ടതു്. ആ സൗഹൃദബന്ധം അദ്ദേഹത്തിൻെറ അന്ത്യം വരെ നിലനിന്നു.

ധനപരമായതൊഴികെ മറ്റെല്ലാ സഹായവും ആവുംവിധം കെ. പി. സി. സി. ചെയ്തുതന്നു. ധനശേഖരണം ഞങ്ങൾതന്നെ ചെയ്യേണ്ടിയിരുന്നു. അതു വളരെ ഭാരിച്ച ജോലിയായിരുന്നു താനും. ഡൽഹിയിലെ, അഖിലേന്ത്യാ ഐ. എൻ. എ. റിലീഫ് കമ്മററിയെയാണ് പണത്തിന്നുവേണ്ടി ഞങ്ങൾ പ്രധാനമായും ആശ്രയിച്ചതു്. ഓരോ ദിവസം കഴിയുംതോറും കൂടുതൽ കൂടുതൽ പണം ആവശ്യമായിവന്നു.

കാരണം, ദിവസംതോറും കൂടുതൽ കൂടുതൽ ഐ.എൻ.എ.ക്കാർ എത്തിക്കൊണ്ടിരുന്നു. അവർ വെറുംകയ്യോടെയാണ് ഇന്ത്യയിൽ വന്നത്. ഇവിടെ സ്വത്തും കുടുംബവും ഇല്ലാത്തവരും അക്കൂട്ടത്തിലുണ്ടായിരുന്നു. താമസിക്കാനിടവും ജീവിക്കാൻ ജോലിയും ഞങ്ങളവക്ക് നൽകേണ്ടിയിരുന്നു. പലരുടെയും ഉടുപ്പുകൾപോലും കീറിപ്പറിഞ്ഞതായിരുന്നു. രണ്ടു കൂട്ടം ഉടുപ്പെങ്കിലും ഉണ്ടാക്കിക്കൊടുക്കണം. ആഹാരവും കണ്ടെത്തണം. ഇങ്ങനെ എത്തിച്ചേന്ന ഐ. എൻ. ഏ. ക്കാരിൽ പലരും ബമ്മയിലും മലയായിലും ഭേദപ്പെട്ട നിലയിൽ ജീവിച്ചു പോന്നവരായിരുന്നു എന്ന വസ്തുത ഓക്കേണ്ടതുണ്ട്. പണമാണെങ്കിൽ തീരെ ഇല്ലതാനും. കെ. പി. സി. സി. യുടെ പക്കലും ഫണ്ടില്ല.

ഞങ്ങൾ സംഭാവനക്കിറങ്ങി. കിട്ടിയതു്, വളരെ തുച്ഛമായ തുകയായിരുന്നു. ഒടുവിൽ, ഝാൻസി റാണി റജിമൻറിലെ പ്രശസ്തയായ കേണൽ ലക്ഷ്മിയോടു് ഞങ്ങളെ വന്നു സഹായിക്കാൻ ആവശ്യപ്പെട്ടു. ഊർജ്ജിതമായ ഒരു ധനശേഖരണശ്രമം നടത്തി. അതുവഴി 35,000 ഉറുപ്പികയോളം പിരിഞ്ഞുകിട്ടി. കേരളത്തിലെയും മംഗലാപുരത്തെയും ആളുകൾ ഉദാരമായി സംഭാവനചെയ്തു. ബമ്മയിലെയും മലയയിലേയും ഇന്ത്യൻ വനിതകൾ തങ്ങളുടെ സവ്വസ്വവും ഐ. എൻ. എ.ക്ക് സമപ്പിച്ച കാര്യത്തെപ്പററി ഞാൻ പ്രസംഗത്തിൽ പരാമശിച്ചപ്പോൾ, ചില കോളേജ് കുമാരികൾ സ്റ്റേജിലേക്ക്‌വന്ന് തങ്ങളുടെ ആഭരണങ്ങൾ, ഐ. എൻ. എ. റിലീഫ് ഫണ്ടിലേക്ക് സംഭാവന നൽകിയ ത്യാഗമനോഭാവം

വികാരഭരിതനാവാതെ ഇന്നും എനിക്കോർക്കാൻ കഴിയുന്നില്ല. ഞങ്ങൾക്ക് പിരിഞ്ഞുകിട്ടിയ പണത്തിൻെറ ഭൂരിഭാഗവും മംഗലാപുരത്തുനിന്നാണ് സംഭാവനയായി വന്നതെന്നു് പറയാൻ എനിക്ക് സന്തോഷമുണ്ടു്. അവരുടെ ഔദാര്യത്തിൽ ഐ.എൻ.എ. ക്ക് കൃതജ്ഞതയുണ്ടു്.

ധനശേഖരണശ്രമത്തിന്നിടയിൽ ഉണ്ടായ ഒരു സംഭവം: ഒരു ചെറിയ കർണ്ണാടക ബാലൻ, സ്വന്തം മാറിൽ, ബ്ലേഡുകൊണ്ടു് ഒരു മുറിവുണ്ടാക്കി, മരണം വരെ ഐ. എൻ. എ.യെ സേവിക്കുമെന്നു്, നെഞ്ചിൽനിന്നൊഴുകിയ രക്തത്തിൽ എഴുതി പ്രതിജ്ഞ എടുക്കുകയുണ്ടായി.

ഡൽഹിയിലെ ഐ. എൻ. എ. റിലീഫ് കമ്മററിയിൽനിന്നു് കുറേക്കൂടി പണം വന്നു. വർദ്ധിച്ചുവന്ന ഏതാണ്ട് ആവശ്യങ്ങളൊക്കെ അതുകൊണ്ടു് നിവർത്തിക്കാൻ കഴിഞ്ഞു. പുനരധിവാസപ്രവർത്തനങ്ങളും ഈ അവസരത്തിൽ ആരംഭിച്ചു. വളരെ വിഷമം പിടിച്ച ജോലിയായിരുന്നു അതു്.

ഈ ഘട്ടത്തിലാണു് ശ്രീ. ആർ. പി. കപൂർ ഐ. സി. എസ്സിൻെറ (ഇപ്പോൾ റിട്ടയർ ചെയ്തിരിക്കുന്നു) മേൽനോട്ടത്തിൽ മദിരാശി ഗവൺമെൻറ്, സംസ്ഥാനത്തെങ്ങും സഹകരണസംഘങ്ങൾ സ്ഥാപിച്ചുതുടങ്ങിയതു്. ഈ പരിപാടിയുടെ വിജയകരമായ നിർവ്വഹണത്തിന്നുവേണ്ടി, രാവും പകലും വിശ്രമമില്ലാതെ ചൊറുചൊറുക്കോടെ ആ ഉദ്യോഗസ്ഥൻ ജോലിചെയ്തു. പിൽക്കാലത്ത് എൻെറ ഗുണകാംക്ഷിയും ഏററവും വലിയ സുഹൃത്തുമായിത്തീർന്ന

ശ്രീ. കപൂറിനെ ഞാൻ പരിചയപ്പെട്ടുതുടങ്ങിയതു് ഈ സന്ദർഭത്തിലായിരുന്നു. ഉന്നതനായ ഒരു ദേശീയവാദിയും സുഭാസ് ചന്ദ്രബോസിൻെറ ആരാധകനുമാണു് അദ്ദേഹമെന്നു് പിന്നീടെനിക്കു മനസ്സിലായി. പുനരധിവാസപ്രവർത്തനങ്ങളിൽ അദ്ദേഹം പ്രകടിപ്പിച്ച അത്ഭുതകരമായ പ്രസരിപ്പ്, അദ്ദേഹത്തെ കേരളത്തിലെ ഐ. എൻ. എ.ക്കാർക്ക് ആരാധ്യനാക്കിത്തീർത്തു.

മററ് ഐ. എൻ. എ. സൈനികരെ പുനരധിവസിപ്പിച്ചാൽ മാത്രം പോരായിരുന്നു. എനിക്ക് എൻെറ പുനരധിവാസപ്രശ്നവുമുണ്ടായിരുന്നു. ചെറിയ പോക്കററ് അലവൻസിൽക്കവിഞ്ഞ് യാതൊരു പ്രതിഫലവും കൂടാതെ ഒന്നരവർഷക്കാലം ഞാൻ റിലീഫ് കമ്മററിക്കുവേണ്ടി അദ്ധ്വാനിച്ചു.

ഭാഗ്യവശാൽ ശ്രീ. ആർ. പി. കപൂർ എനിക്ക് ഒരു ജോലി ഏർപ്പെടുത്തി; എനിക്കു വേണ്ടി ഒരു ജോലി സൃഷ്ടിച്ചു എന്നു പറയുന്നതാവും ശരി. കാക്കിനാഡയിലെ സാംസ്കാരിക—സഹകരണ കോളേജിൻെറ (College of Culture and Co-operation) പ്രിൻസിപ്പലായി ജോലി സ്വീകരിക്കാൻ എനിക്ക് അദ്ദേഹം കമ്പിയടിച്ചു. ഡൽഹിയിലെ ഐ. എൻ. എ. റിലീഫ് കമ്മിററിയിൽ നിന്നും അനുവാദം വാങ്ങി, ലഫ്ററനൻറ് എ. അച്ച്യുതൻ നായർക്ക് കേരളാറിലീഫ് കമ്മററിയുടെ ചുമതല ഏല്പിച്ചു കൊടുത്തശേഷം പുതിയ ഉദ്യോഗം സ്വീകരിക്കാൻ ഞാൻ യാത്രയായി.



ഗ്രന്ഥകർത്താവ് പത്നി കൃഷ്ണയോടൊപ്പം (1947)

## സാംസ്ക്കാരിക-സഹകരണ കോളേജും മററു കാര്യങ്ങളും

പുതിയ ഉദ്യോഗം വളരെ രസകരമായിരുന്നു. കോളേജിൻെറ ഭരണപരമായ ചുമതലയാണ് എനിക്ക് പ്രധാനമായും നിർവ്വഹിക്കേണ്ടിയിരുന്നത്. അച്ചടക്കം, കായികപരിശീലനം എന്നിവയുടെ ഉത്തരവാദിത്വവും ഞാൻ ഏറെറടുത്തു. പ്രിൻസിപ്പാൾ എന്ന നിലയിൽ, കോളേജിൻെറ മുഴവൻ ചുമതലയും എനിക്കായിരുന്നെങ്കിലും അദ്ധ്യാപനവിഭാഗം, കൂടുതൽ യോഗ്യതയുള്ള മററാളുകളെ ഏല്പിച്ചു. അതതു വിഷയങ്ങളിൽ എം. ഏ. ബിരുദമുള്ളവരായിരുന്നു മിക്കഅദ്ധ്യാപകരും.

സാംസ്കാരിക-സഹകരണ കോളേജിൻെറ പ്രിൻസിപ്പലായിരുന്നപ്പോഴാണ് ഞാനും കൃഷ്ണയും തമ്മിലുള്ള വിവാഹം നടന്നത്.

ബോംബെയിൽ പ്രസിദ്ധീകരിക്കുന്ന 'ഫോറം' വാരികയിൽ, ഞങ്ങളുടെ വിവാഹം സംബന്ധിച്ച് വന്ന ഒരു ലേഖനം ചുവടെ ചേക്കുന്നു :

''കക്കനൊാഡ സാംസ്കാരിക-സഹകരണ കോളേജ് പ്രിൻസിപ്പാളും അടുത്ത കാലംവരെ മലബാർ ഐ. എൻ. എ. റിലീഫ് കമ്മററിയുടെ ആഫീസ് സിക്രട്ടറിയും ഖജാൻജിയുമായിരുന്ന ലഫ്ടനൻറ് നെല്ലിക്ക അച്ചുതനും മലബാറു കാരിയായ ശ്രീമതി കൃഷ്ണാബായിയും തമ്മിൽ വിവാഹിതരായി.

ഐ. എൻ. എ. യുടെ, ബർമ്മയിലെ പരാജയത്തിന്നുശേഷം, രണ്ടു് ബ്രിട്ടീഷ് ആഫീസർമാരെ

വധിച്ചുവെന്ന കുററം കെട്ടിച്ചമച്ച് ഒരു ബ്രിട്ടീഷ് ട്രൈബ്യൂണൽ വധശിക്ഷക്ക വിധിച്ച ആളാണ് ലഫ്ററനൻറ് അ ച്യു ത ൻ എന്നത് സ്മരണീയമാണ്. പട്ടാള അധികൃതർ ഇദ്ദേഹത്തെ നഗ്നനാക്കി ദിവസങ്ങളോളം ഒരു ചെറിയ മുറിയിൽ ചങ്ങലക്കിട്ടിരുന്നു. പരിഹാസ്യമായ ഒരു വിചാരണക്കുശേഷം വെടിവെച്ച കൊല്ലാനാണ് വിധിയുണ്ടായതു്. ഒടുവിൽ, മേൽക്കോടതിയിൽ അദ്ദേഹം സമപ്പിച്ച അപ്പീലിൽ മാപ്പുനൽകപ്പെട്ടു. അതിന്നുശേഷം രണ്ടായിരം നാഴിക താണ്ടി ബമ്മയിൽനിന്നും ഇന്ത്യയുടെ അതിത്തിയിലെത്തി. തിരിച്ചുവരുന്ന ഐ. എൻ. എ. ക്കാരുടെ പുനരധിവാസത്തിന്നായി അദ്ദേഹം താല്പര്യപൂവ്വം പ്രവത്തിച്ചു. ഐ. എൻ. എ. റിലീഫ് കമ്മററിയുടെ സംഘാടകനെന്ന നിലയിലും സാരമായ പ്രവത്തനങ്ങാം നിവ്വഹിച്ചു. മദിരാശിയിലെ സിവിൽ സപ്ലൈസ് ഡിപ്യൂട്ടി കമ്മീഷണർ ആർ. പി. കപൂർ, ഐ. സി. എസ്, ഈ. ഐ. എൻ. എ. ഭടൻെറ സംഘടനാപ്രവത്തന ശേഷിയാൽ ആകൃഷ്ടനായി. അങ്ങനെ കഴിഞ്ഞവഷം സാംസ്കാരിക—സഹകരണ കോളേജ് ആരംഭിച്ചപ്പോാം, അച്യുതൻ അതിൻെറ പ്രിൻസിപ്പളായി നിയമിക്കപ്പെട്ടു. അച്യുതനും കൃഷ്ണാബായിക്കും ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നും ആശംസാസന്ദേശങ്ങാം ലഭിച്ചിട്ടുണ്ടു്. അവക്ക് ഞങ്ങളും സൗഭാഗ്യമാശംസിക്കുന്നു.''



ഗ്രന്ഥകർത്താവ് നേതാജിയുടെ പുത്രി
അനിതാബോസ്സിനോടൊപ്പം

## അനിതാ ബോസ്സിൻെറ കൂടെ

ഒരു കാലത്ത് സ്വന്തം സിക്രട്ടരിയായിരുന്ന ഒരു ജമ്മൻകാരിയുമായി നേതാജി വിവാഹിതനായ കാര്യം ഐ. എൻ. എ.യിൽ ഞങ്ങളിൽ പലക്കും അറിഞ്ഞുകൂടായിരുന്നു. ആ മഹതിക്ക് ഇംഗ്ലീഷും ജമ്മൻ ഭാഷയും ഒരേപോലെ നന്നായറിയാമായിരുന്നു. അവക്കു് ഒരു പെൺകുഞ്ഞ് പിറന്നുവെങ്കിലും കുഞ്ഞിനു് തൻെറ മഹാനായ അച്ഛനെ കണ്ടതിനെപ്പററി വ്യക്തമായ ഓമ്മപോലുമില്ല.

പ്രധാനമന്ത്രി നെഹറു വിയന്ന സന്ദർശിച്ചപ്പോഠം മിസ്സിസ് ബോസിനേയും പുത്രിയേയും പോയി കാണുകയും ഇന്ത്യ സന്ദശിക്കാൻ അവരെ ക്ഷണിക്കുകയും ചെയ്തു. ബോസ്സിൻെറ പത്നിക്ക് വരാൻ കഴിഞ്ഞില്ലെങ്കിലും പുത്രി അനിതാബോസ്സ്, 1961 ജനവരിയിൽ നെഹറുവിൻെറ അതിഥിയായി ഡൽഹിയിൽ എത്തിച്ചേന്നു. 28–1–'61നു് തിരുവനന്തപുരം വിമാനത്താവളത്തിൽവെച്ച് അവരെ സ്വീകരിക്കാൻ എന്നോടാവശ്യപ്പെട്ടു. ഒരു ദിവസം മുമ്പെ ഞാനവിടെയെത്തി, അന്നത്തെ കേരളാഗവണ്ണർ വി. വി. ഗിരിയുടെ (ഇപ്പോഠം ഇന്ത്യൻ യൂനിയൻ വൈസ് പ്രസിഡണ്ട്) അതിഥിയായി ഗവമ്മേണ്ട് ഹൗസ്സിൽ താമസിച്ചു.

അനിത എത്തിയപ്പോൾ, വമ്പിച്ച സ്വീകരണം നൽകപ്പെട്ടു. അവർ തിരുവനന്തപുരത്ത്, ഗവർണ്ണറുടെ പ്രധാനാതിഥിയായിരുന്നു. അവിടെ ഒന്നു രണ്ടു ദിവസത്തെ താമസത്തിന്നുശേഷം 'മലയാള മനോരമ'യുടെ കോട്ടയം ആഫീസിൽ അവൾക്കു വേണ്ടി ഏർപ്പെടുത്തിയ ഒരു ചടങ്ങിൽ പങ്കെടുക്കേണ്ടതിന്നു് ഞങ്ങൾ കൊച്ചിൻവഴി കോട്ടയത്തേക്ക് യാത്രതിരിച്ചു. ഒരു ദിവസം കോട്ടയവും സന്ദർശിച്ചതിന്നു ശേഷം, ബാങ്കലൂരിലേക്ക് പോയി. അവിടെ ഞങ്ങൾ മൈസൂർ ഗവണ്മേണ്ടിന്റെ അതിഥികളായിരുന്നു. മൈസൂർ മഹാരാജാവുമായുള്ള കൂടിക്കാഴ്ചയടക്കം ധാരാളം പരിപാടികൾ മൈസൂരിലും ബാങ്കലൂരിലും ഉണ്ടായിരുന്നു.

എന്റെ നാടായ കൂത്തുപറമ്പിലും കോഴിക്കോട്ടും വരണമെന്നു് അനിത ആഗ്രഹിച്ചിരുന്നെങ്കിലും അവസാനനിമിഷത്തിൽ സമയക്കുറവ് കാരണം ആ പരിപാടി ഉപേക്ഷിക്കുകയാണുണ്ടായത്.

അന്നു് അനിതക്ക് പതിനേഴുവയസ്സിൽ കുറവേ പ്രായമുണ്ടായിരുന്നുള്ളു. എങ്കിലും അവർ നല്ലൊരു പ്രാസംഗികയായിരുന്നു. അച്ഛന്റെ പല നല്ല ഗുണങ്ങളും അവരിൽ തെളിഞ്ഞുകണ്ടു. അന്നവർ ഒരു നിയമ വിദ്യാർത്ഥിനിയായിരുന്നു. ഇപ്പോഴവർ ഒരമേരിക്കക്കാരനെ വിവാഹം കഴിച്ചിരിക്കുകയാണു്.

വീണ്ടും ഇന്ത്യ സന്ദർശിക്കാമെന്ന വാഗ്ദാനവുമായാണു് അനിത അന്നു പോയതു്. അത് നിറവേററപ്പെടുമോ എന്നു് എനിക്ക് പറയാനാവില്ല.

## മി. യെല്ലപ്പ

മി. യെല്ലപ്പ ഞങ്ങളുടെകൂടെ ഐ. എൻ. എ. യിൽച്ചേൎന്ന ഒരു ബാരിസ്റ്ററായിരുന്നു. ബൎമ്മയിൽ യുദ്ധരംഗത്ത് വെച്ച് അദ്ദേഹം കൊല്ലപ്പെട്ടു. യെല്ല പ്പയുടെ മംഗലാപുരത്തുള്ള ചെറുപ്പക്കാരിയായ ഭാൎയ്യ യേയും വൃദ്ധമാതാവിനേയും സന്ദർശിക്കേണ്ടതു് എന്റെ കർത്തവ്യമായിത്തീൎന്നു. എന്റെ ഓൎമ്മ ശരി യാണെങ്കിൽ ഐ. എൻ. എ. റിലീഫ് ഫണ്ടിൽ നിന്നോ സ്വന്തം കൈയ്യിൽനിന്നോ കേണൽ സൈ ഗാം അയച്ചുതന്ന ആയിരം ഉറുപ്പിക ഞാനാ കുടുംബ ത്തിന്നു നൽകി. മാത്രവുമല്ല, അതിന്നുശേഷം 1967-ൽ ആ വൃദ്ധമാതാവ് മരിക്കുന്നതുവരെ ഞാൻ സ്വന്തമായി കുറേശ്ശ പണം അയച്ചുകൊടുക്കാറുണ്ടാ യിരുന്നു. യെല്ലപ്പയുടെ ചരമവാൎത്ത ആ അമ്മയോടു പറഞ്ഞിരുന്നെങ്കിലും, ഭാൎയ്യയെ അറിയിച്ചിരുന്നില്ല. പക്ഷേ, ബന്ധുക്കളിൽനിന്നോ മറേറാ എങ്ങനെയോ അതറിഞ്ഞപ്പോൾ, സുന്ദരിയും യുവതിയുമായ ആ സ്ത്രീ സ്വന്തം വീട്ടിലുള്ള കിണററിൽച്ചാടി ആത്മഹത്യ ചെയ്തു. ഒരു പക്ഷേ, സ്വൎഗ്ഗത്തിൽവെച്ചു ഭൎത്താവിനെ കാണുമെന്നു് ആശിച്ചുകാണും. ഭർത്തൃസ്നേഹമുള്ള ആ ധീരയുവതിക്കു് എന്റെ ആദരാഞ്ജലികൾ!

## ജപ്പാൻകാരും അവരുടെ ചില പ്രത്യേകതകളും

അറുത്തെടുക്കപ്പെട്ട മനുഷ്യശിരസ്സുകൾ പ്രദർശിപ്പിക്കുന്നതു് ജപ്പാൻപട്ടാളത്തെപ്പോലുള്ള പരിഷ്കൃത സേനക്ക് നിരക്കുന്നതാണോയെന്നു് ഞാനൊരിക്കൽ ഒരുയർന്ന ജപ്പാനീസ് ഉദ്യോഗസ്ഥനോട് ചോദിച്ചു. ചൈനീസ് കമ്മ്യൂണിസ്റ്റുകാരിൽനിന്നും പകർത്തിയതാണത് എന്നായിരുന്നു, അദ്ദേഹത്തിന്റെ ഉത്തരം.

അന്യരുടെ കോപ്പയിലെ പാനീയം രുചിച്ചു നോക്കുന്നതാണു്, കമ്മ്യൂണിസ്റ്റുകാരിൽനിന്നു് അനുകരിക്കപ്പെട്ട മറെറാരു രസകരമായ കാര്യം. ഒരു സുഹൃത്ത് ഒരു കോപ്പ ചായ സല്ക്കരിക്കുകയാണെന്നിരിക്കട്ടെ. ജപ്പാൻ പട്ടാളക്കാരൻ അതു സ്വീകരിക്കണമെങ്കിൽ, ആതിഥേയൻതന്നെ ആദ്യമത് അല്പം മോന്തണം. പിന്നീട് മാത്രമേ അതിഥി അത് കഴിക്കുകയുള്ളു. അതുപോലെ അതിഥി, ആതിഥേയന്റേതും അല്പം കുടിക്കും. ആതിഥേയൻ അല്പമെങ്കിലും മടികാണിക്കുകയാണെങ്കിൽ, എല്ലാ പട്ടാളക്കാരും കൂടെ കൊണ്ടുനടക്കാറുള്ള മൂർച്ചയേറിയ വാൾകൊണ്ടു് അയാളുടെ തല അരിഞ്ഞുകളയും. വിഷമേല്ക്കുന്നതിൽ നിന്നും രക്ഷപ്പെടാനാണു് ഈ ഏർപ്പാടുകൾ.

## 'സുഖസുന്ദരികൾ' (Comfort girls)

'സുഖസുന്ദരിമാർ' എന്നറിയപ്പെടുന്ന പെൺകുട്ടികൾ ജപ്പാനീസ് പട്ടാളത്തിലുണ്ടെന്ന് ആദ്യം ഞങ്ങളറിഞ്ഞിരുന്നില്ല. ഇവരെപ്പററി അറിയുന്നത് രസകരമായിരിക്കും. ഈ 'സുഖസുന്ദരിമാർ' എന്തിനാണെന്ന് ഞങ്ങൾ പലപ്പൊഴും അത്ഭുതപ്പെടാറുണ്ടായിരുന്നു.

പതിനാലിന്നും ഇരുപത്തഞ്ചിന്നും ഇടക്കുള്ള പ്രായപരിധിയിൽപ്പെട്ട ആരോഗ്യവതികളായ സുന്ദരികളാണിവർ. യുദ്ധമുന്നണിയിൽ മുൻനിരയുടെ അല്പം പിന്നിൽ, ജപ്പാനീസ് പട്ടാളഅധികൃതർ അവരെ എത്തിക്കും. അവിടെ, വെടിപ്പും ചിട്ടയുമുള്ള പാർപ്പിടങ്ങളിൽ പോഷകാഹാരവും വീഞ്ഞുമൊക്കെ നല്കി താമസിപ്പിക്കും. ആഫീസർമാൎക്കും മററു പട്ടാളക്കാൎക്കും ഒഴിവുസമയങ്ങളിൽ ഈ പെൺകുട്ടികളുടെ അടുക്കൽപോയി നിശ്ചിതനിരക്കിൽ പണം നല്കി അവരോടൊപ്പം ആഹ്ലാദിച്ച് രതിവികാരദാഹം കെടുത്താവുന്നതാണ്. ആഫീസർമാൎക്കും മററ് സാധാരണ സൈനികൎക്കും പ്രത്യേകം പ്രത്യേകം ബാലികമാരുണ്ട്. അവരുടെ നിരക്കും വ്യത്യസ്തമാണ്. ഗുഹ്യരോഗബാധയുണ്ടോ എന്നറിയാൻ ഇവരെ ഇടക്കിടെ വിദഗ്ദ്ധരായ ഡോക്ടർമാർ പരിശോധിക്കും.

ഒരുയൎന്ന ജപ്പാനീസ് പട്ടാള ഉദ്യോഗസ്ഥനുമായി ഈ ഏൎപ്പാടുകളെപ്പററി ഒരിക്കൽ ഞാൻ ദീർഘമായി സംസാരിക്കുകയുണ്ടായി. അതിലൊന്നും ഒരു

തെററുമില്ലെന്നു മാത്രമല്ല തങ്ങളുടെ സൈന്യത്തെ സം ബന്ധിച്ചിടത്തോളം അതൊക്കെ ഒരാവശ്യമാണെന്നു കൂടി അദ്ദേഹം അഭിപ്രായപ്പെട്ടു. യുദ്ധമുന്നണിയിൽ പട്ടാളക്കാർക്ക് അല്പം 'വിനോദ' മൊക്കെ വേണ്ടേ എന്നും ആ ഉദ്യോഗസ്ഥൻ ചൂണ്ടിക്കാട്ടി. പൊരിഞ്ഞ യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോഴും നെപ്പോളിയൻപോലും പെൺകുട്ടികളെ തന്റെ കൂടാരത്തിൽ വരുത്തിക്കുക പതിവുണ്ടായിരുന്നുവത്രെ. എന്തോ ഇതെത്രത്തോളം വിശ്വസനീയമാണെന്നു് എനിക്കറിയില്ല. എങ്കിലും ആ ജപ്പാനുദ്യോഗസ്ഥൻ പറഞ്ഞത് അതും വാസ്തവമാണെന്നായിരുന്നു. എങ്കിലും ഇന്ത്യക്കാരായ ഞങ്ങൾക്ക് ഇതു വളരെ വിചിത്രമായിത്തോന്നി.

## ജപ്പാൻകാരും അവരുടെ ദേശസ്നേഹവും

ജപ്പാൻകാർ ഞങ്ങളുടെ സഹായികളായിരുന്നതു കൊണ്ട് പല മണ്ഡലങ്ങളിലുമായി ഞങ്ങൾക്കവരുമായി സ്വാതന്ത്ര്യമായിടപെടേണ്ടിവന്നിരുന്നു. വളരെ അച്ചടക്കം പാലിക്കുന്ന ഒരു ജനതയാണവർ. നമുക്ക് ഉൾക്കൊള്ളാൻ പററിയ പല നല്ല ഗുണങ്ങളും അവരിലുണ്ട്.

വായനക്കാർക്കു സഹായകമെന്നു് കരുതുന്ന ഒന്നു രണ്ടു് സംഭവങ്ങൾ പറയാം.

സമാധാനകാലത്തു് ഞാൻ സിങ്കപ്പൂർ പോലീസിൽ ആയിരുന്നപ്പോൾ, സങ്കീർണ്ണയന്ത്രസജ്ജീകരണമുള്ള ക്യാമറകൾ കൈവശം വെച്ചതിന്നു് ചില ജപ്പാൻ മീൻപിടുത്തക്കാരെ സംശയിച്ചറസ്റ്റ്ചെയ്തതായി ഞങ്ങൾക്ക് വിവരം കിട്ടി. പോലീസ് അവരെ കൊണ്ടുവന്നു് ചോദ്യം ചെയ്തു. തങ്ങൾ നിർദ്ദോഷികളാണെന്നു് അവർ ബോധിപ്പിച്ചു. പിന്നീടു് അവരുടെ പാസ്പോർട്ടു് ഹാജരാക്കാമെന്നു് ജപ്പാനീസ് അമ്പാസിഡർ ഉറപ്പുനൽകിയതനുസരിച്ചു്, എല്ലാവരും വിട്ടയക്കപ്പെട്ടു. ക്യാമറകൾ കൂടാതെ ആ മീൻപിടുത്തക്കാർ ബോട്ടിൽ തിരിച്ചുപോവുകയും ചെയ്തു.

അടുത്തദിവസം അമ്പാസിഡർക്ക് ഇതു സംബന്ധമായി പോലീസ് ഇൻസ്പെക്ടർ ജനറാളുടെ മുമ്പാ

കെ കൂടിക്കാഴ്ചക്ക് വരേണ്ടിയിരുന്നു. പക്ഷേ, മീൻ പിടുത്തക്കാരുടെ നിരപരാധിത്വം തെളിയിക്കാൻ അമ്പാസിഡറുടെ പക്കൽ യാതൊരു രേഖയും ഉണ്ടായിരുന്നില്ല. നാടിനോടു് സത്യം പാലിക്കാനും സ്വന്തം അന്തസ്സ് നിലനിർത്താനുമായി, അദ്ദേഹം വലിയ മാത്ര വിഷം കഴിച്ചാണ് പോലിസ് ഐ. ജി.യുടെ മുമ്പാകെ വന്നതു്. ഏറെത്താമസിയാതെ അദ്ദേഹം നിലതെററിവീണു് മരിക്കുകയും ചെയ്തു. പ്രമുഖരായ ബ്രിട്ടീഷ് ജപ്പാനീസ് ഡോക്ടർമാർക്ക് അദ്ദേഹത്തിൻെറ ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. ആ മീൻപിടുത്തക്കാർ ജപ്പാനീസ് നാവികസേനയിലെ ഉയന്ന ഉദ്യോഗസ്ഥന്മാരായിരുന്നുവെന്നു് പിന്നീട് വെളിവായി.

ജപ്പാൻ, സിങ്കപ്പൂരും മലയായും അധീനപ്പെടുത്തിയപ്പോഴുണ്ടായ മറെറാരുസംഭവമാണ് ഇനി എനിക്കു പറയാനുള്ളതു്. ശ്രീ. എൻ. രാഘവനും (ഐ. എൻ. എ. പിന്നീട് ചൈനയിലെ ഇന്ത്യൻ അമ്പാസിഡർ) മററു ചിലരും ചേർന്നു്, ഏതാനും ജപ്പാനീസ് പട്ടാളഉദ്യോഗസ്ഥന്മാർ തങ്ങളുടെ കാർ പിടിച്ചെടുത്തിരിക്കുകയാണെന്നു് ക്വാലാലമ്പൂരിലെ (ഇപ്പോഴം മലയേഷ്യാതലസ്ഥാനം) ജപ്പാൻ പട്ടാളകമാണ്ടരോട് പരാതിപ്പെട്ടു. പിടിക്കപ്പെട്ട വസ്തു ഉടനെത്തന്നെ തിരിച്ചുകൊടുക്കാൻ ഉത്തരവായി. എന്നിട്ടും ഫലമൊന്നും കാണാത്തതുകൊണ്ട് രാഘവനും സംഘവും വീണ്ടും കമാണ്ടിങ്ങ് ഓഫീസറെ സമീപിച്ചു. ഓഫീസർ തൻെറ രണ്ട് കീഴുദ്യോഗസ്ഥന്മാരെ വി

ളിച്ച്, സ്വന്തം കല്പന നടപ്പിലാക്കാഞ്ഞതിന്നു് സമാധാനമാവശ്യപ്പെട്ടു. തൻെറ പട്ടാളത്തിൽ തുടരാൻ അവർ അഹ്ഹരല്ലെന്നും അദ്ദേഹം പറഞ്ഞു. അടുത്ത നിമിഷത്തിൽ ശ്രീ. രാഘവൻ കണ്ടതെന്താണു്? തങ്ങറം വന്ന കാറിലിരുന്നുകൊണ്ടു് അവർ ഇരുവരും ഹരക്കീരി (കുടൽ കുത്തിപ്പിളൎന്നുകൊണ്ടുള്ള ആത്മഹത്യ) ചെയ്തു. അപമാനഭീതിയിൽ നിന്നൊഴിയാനാണു് അവർ ആത്മഹത്യ ചെയ്തതു്. മറേറതു പട്ടാളക്കാർ ഇതുപോലെ ചെയ്യുമെന്നു് ഞാൻ ചോദിക്കുന്നു. ജപ്പാൻകാർ മാത്രം എന്നാണു് എൻെറ ഉത്തരം.

# വിധിവൈപരീത്യങ്ങൾ

വിധി എന്നൊന്നിൽ നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ, അതെങ്ങനെയൊക്കെ പ്രവർത്തിക്കുന്നുവെന്നു ചൂണ്ടിക്കാട്ടാൻ ഞാനിവിടെ എൻെറ ചില അനുഭവങ്ങൾ പറയാം. ഒരു വ്യക്തി തൻെറ ഭാവിയെ സ്വയം രൂപപ്പെടുത്തുന്നു എന്നു് ഞാൻ വിശ്വസിക്കുന്നെങ്കിലും, വിധിക്കും അതിൽ ഒരു കൈ ഉണ്ടെന്നു നിഷേധിക്കുക വയ്യ.

ബർമ്മയിൽ, മിൻഗ്യാൻ എന്ന സ്ഥലത്തായിരുന്നപ്പോൾ, മിക്കവാറും എല്ലാ ദിവസവും കനത്ത ബോമ്പിങ്ങ് ഉണ്ടായിരുന്നു. ഞങ്ങൾ ആറു പേർ എല്ലായ്പ്പോഴും ഒരേ രക്ഷാസങ്കേതത്തിലാണ് അഭയം തേടാറുണ്ടായിരുന്നതു്. ആ സങ്കേതം അതേ ആവശ്യത്തിന്നു വേണ്ടി ഞാൻ തന്നെ വളരെ ഉറപ്പോടെ നിർമ്മിച്ചതായിരുന്നു. മററനവധി രക്ഷാകേന്ദ്രങ്ങളും ഉണ്ടായിരുന്നെങ്കിലും, ഇപ്പറഞ്ഞതു് എൻെറ ആപ്പീസിന്നു് ഏററവും അടുത്തായതിനാൽ അവിടെയാണ് ഞങ്ങൾ പതിവായി അഭയം തേടിയിരുന്നതു്.

ഒരു ദിവസം പൊട്ടാത്ത ചില ബോമ്പുകഠം തകക്കാൻ പോയി, ഞാനെൻെറ ആപ്പീസിലേക്ക് തിരിച്ച വരികയായിരുന്നു. പെട്ടെന്നു് വിമാനാക്രമണമുന്നറിയിപ്പ് മുഴങ്ങി. അലകളായി വരുന്ന വിമാനങ്ങളെയാണ് തുടൻ ഞാൻ തലക്കുമുകളിൽ കണ്ടതു്. പതിവുസങ്കേതത്തിൽ എത്തിച്ചേരാൻ സമയമില്ലെന്നു് പേടിച്ചു് ഞാൻ, അടുത്തു കണ്ട രക്ഷ കുറഞ്ഞ സാധാരണമായ ഒരു തുറന്ന കുഴിയിലേക്ക് ചാടിയിറങ്ങി. കാതടപ്പിക്കുന്ന അലച്ചയോടെ, ചുററുപാടും ധാരാളം ബോമ്പുകഠം വീണുപൊട്ടി. എൻെറ പക്കൽ 'ഇയർ പ്ലഗ്ഗ്'കഠം (Ear plug) ഇല്ലായിരുന്നു. സ്ഫോടനത്തിൻെറ ഭയങ്കര ശബ്ദത്തിൽ ചെവി തല്ക്കാലത്തേക്കു കേഠക്കാതായതല്ലാതെ വേറെ പരുക്കുകളൊന്നും എനിക്കു പററിയില്ല. ആക്രമണം അവസാനിച്ചതായറിയിക്കുന്ന സൈറൺ മുഴങ്ങിയപ്പോഠം കിടങ്ങിൽനിന്നും എഴുന്നേററു് ഞാൻ ആപ്പീസിലേക്കു പോയി. കഷ്ടം ! ഞാനെന്താണ് വഴിക്ക് കണ്ടതു്. ഞങ്ങഠം സാധാരണ രക്ഷതേടാറുണ്ടായിരുന്ന സങ്കേതത്തിന്നു തൊട്ടുമുകളിൽ ബോമ്പുവീണ അതു് അപ്പാടെ തകൻുപോയിരിക്കുന്നു. അതിന്നുള്ളിലുണ്ടായിരുന്നവർ ജീവനോടെ കുഴിച്ചു മൂടപ്പെട്ടു.

മറെറാരവസരത്തിൽ, ആകാശത്തിൽ ബോമ്പർ വിമാനങ്ങഠം പ്രത്യക്ഷപ്പെട്ടതുകണ്ടു് ഞങ്ങഠം പത്തുപേർ മറെറാരു രക്ഷാകേന്ദ്രത്തിൽ ചെന്നു. ആകാശാക്രമണത്തെപ്പററിയുള്ള അപായസൂചന നല്കുന്ന സൈറൺ മുഴങ്ങിക്കൊണ്ടിരുന്നു. പതിവുപോലെ ധാരാളം

ബോമ്പുസ്സോടനങ്ങൾ ഉണ്ടായി. എല്ലാം ശാന്തമായെന്നറിയിക്കുന്ന സൈറൺ കേട്ടപ്പോൾ ഞങ്ങൾ പുറത്തുവന്നു. നോക്കുമ്പോൾ തൊട്ടടുത്തുണ്ടായിരുന്ന ഷെൽട്ടർ, ബോമ്പേറിൽ പൂർണ്ണമായും തകർന്നതാണു് കണ്ടതു്. അതിലുണ്ടായിരുന്നവർ ആരും ജീവനോടെ ബാക്കിയുണ്ടായിരുന്നില്ല. മാത്രമല്ല, ഞങ്ങളുടെ ഷെൽട്ടറിന്നു് വളരെ അരികിലായി ഒരു അര ടൺ ബോമ്പ് വീണിരുന്നു. ഭാഗ്യമെന്നു പറയട്ടെ, അതു മാത്രം പൊട്ടിയില്ല. ഫ്യൂസ് നീക്കിയശേഷം, പിന്നീട് ഞാൻ അതിനെ അകലെവെച്ച് നശിപ്പിച്ചു.

എൻെറ യൂനിററിലുണ്ടായിരുന്ന ചെറുപ്പക്കാരനായ ഒരാഫീസർ ഒരു ദിവസം രാവിലെ എന്തോ കാര്യത്തിനായി ക്യാമ്പ്‌വിട്ടു പുറത്തുപോയി. തിരിച്ചുവരുമ്പോൾ, റോഡരികിൽ മനോഹരമായ ഒരു പട്ടുതുണിപ്പൊതി കണ്ടു. ആരുടെയെങ്കിലും കൈയിൽനിന്നു് വീണതാവാമെന്നു കരുതി, അതിന്നുപിന്നിൽ മരണം പതിയിരിക്കുന്നതു് മനസ്സിലാക്കാതെ അതെടുക്കാൻ തുനിഞ്ഞു. പൊതി തൊടേണ്ട താമസം, അതിൽ ഒളിച്ചുവെക്കപ്പെട്ടിരുന്ന ബോമ്പു പൊട്ടി. പൊട്ടിത്തെറിയിൽ പരുക്കുപററി ക്യാമ്പിലേക്ക് കൊണ്ടുവരപ്പെട്ട അദ്ദേഹം വളരെത്താമസിയാതെ മരണമടഞ്ഞു. തലേദിവസത്തെ ബോമ്പേറിന്നിടയിൽ പാരച്യൂട്ടുവഴി അത്തരം മനോഹരമായ ധാരാളം പൊട്ടിത്തെറിവസ്തുക്കൾ ഇറക്കപ്പെട്ടിട്ടുണ്ടെന്നു് പിന്നീടാണു് മനസ്സിലായതു്. ഉടനെത്തന്നെ അത്തരം വസ്തുക്കളെപ്പററി താക്കീതുകൊടുത്തു.

അതിന്നുശേഷം ആ വിധം ജീവൻ നഷ്ടപ്പെട്ട സംഭവം ഉണ്ടായില്ലെന്നാണറിവ്.

മററൊരു ഘട്ടത്തിൽ മൗണ്ട്പൊപ്പയിൽ ഉണ്ടായിരുന്നപ്പോൾ, നാലുപാടും യുദ്ധം നടന്നുകൊണ്ടിരുന്ന അവസരത്തിൽ ഒരു രാത്രി എൻെറ തൊട്ടു മുമ്പിൽ ഒരു ഷെല്ല് വന്നുവീണു് പൊട്ടിത്തെറിച്ചു. എനിക്കപകടമൊന്നും പിണഞ്ഞില്ലെങ്കിലും അല്പം കൂടി ദൂരെയുണ്ടായിരുന്ന രണ്ടുപേക്ക് ചീളുകൾ തട്ടി പരുക്കേററു. അവരിൽ ഒരാൾ തൽക്ഷണം മരിച്ചു. മററെയാൾ ആസ്പത്രിയിലുമായി.

ഒരു ദിവസം യുദ്ധത്തിന്നു് അല്പം ശാന്തതയുണ്ടായപ്പോൾ, അല്പം ഉറങ്ങാനായി ഞാൻ ട്രഞ്ചിൽ വന്നു കിടന്നു. തലേന്നു രാത്രി ഉറങ്ങിയിരുന്നില്ല. കൊതുകുശല്ല്യം ഏൽക്കാതിരിക്കാൻ കൊതുകുവല വലിച്ചു താഴ്ത്തി അതിന്നുള്ളിലാണ് കിടന്നതു്. നന്നായി ഉറങ്ങിക്കൊണ്ടിരിക്കവെ, യന്ത്രത്തോക്കിൻെറ വെടിയൊച്ചകേട്ട് ഞെട്ടിയുണന്നു. ഉണന്ന ഉടനെ എഴുന്നേററില്ല. കുററിയിൽ കെട്ടിനിർത്തിയിരുന്ന കൊതുകുവല വെടിയേററ് പൊട്ടി താഴെ എൻെറ മുഖത്തു വീണു. അല്പം കഴിഞ്ഞപ്പോൾ ഞാനെഴുന്നേററു. എനിക്ക് ഒന്നും പററിയില്ല. ട്രെഞ്ചിൽ അതേപോലെ കിടന്നുറങ്ങിയിരുന്ന മററു രണ്ടുപേർ കൊല്ലപ്പെട്ടു. വെടിയൊച്ച കേട്ട് പെട്ടെന്നു് ആയുധമെടുക്കാൻ എഴുന്നേററപ്പോഴാണവക്ക് അപായം സംഭവിച്ചതു്.

ഈ കഥകളൊക്കെ കാണിക്കുന്നതു്, വ്യക്തി മുൻകൈയെടുത്താൽ പോരാ, വിധിക്കും അതിൻെറ

ഗതി പാലിക്കാനുണ്ട് എന്നാണ്. എന്നെപ്പററി പറയുകയാണെങ്കിൽ, പലപ്പൊഴും നിയതി സ്വന്തം വിധി കല്പിച്ചിട്ടുണ്ട്.

ഐ. എൻ. എ. സംഭവങ്ങളൊക്കെ കഴിഞ്ഞ് ഇപ്പോഠം ഇരുപത്തിമൂന്നു വഷങ്ങളായി. യുവാവായിരിക്കുമ്പോഴാണ് ഞാൻ ഐ. എൻ. എ. യിൽ ചേന്നതു്. ഇന്നെനിക്ക് 55 വയസ്സുണ്ട്. ഐ. എൻ. എ. യുടേയും എൻെറയും ഈ കഥ ഇന്നത്തെയോ ഭാവിയിലേയോ തലമുറക്ക് ഏതെങ്കിലും തരത്തിൽ സഹായകമാവുമെങ്കിൽ ഞാൻ കൃതാത്ഥനായി.

# അനുബന്ധം

---

## 1

(നേതാജിയുടെ ജന്മദിനത്തോടനുബന്ധിച്ച്, 1968 ജനവരിയിലെ ''മിറർ'' (The Mirror) മാസികയിൽ പ്രസിദ്ധീകൃതമായ ലേഖനം:

ലേഖകൻ : ശ്രീ. എൻ. എം. ഖിൽനാനി)

**സുഭാസ് ചന്ദ്ര ബോസ്—സമരോൽസുകമായ ദേശീയമനോഭാവത്തിന്റെ പിതാവ്.**

ജനവരി 23-ാം തിയ്യതി ഇന്ത്യ, സുഭാഷ് ചന്ദ്ര ബോസിന്റെ ജന്മദിനം ആഘോഷിക്കുകയാണ്. അദ്ദേഹത്തിന്റെ സംഘടനാസംവിധാനപ്രതിഭകൊണ്ടുമാത്രം അദ്ദേഹം ഭാവിതലമുറയുടെ ആദരം അർഹിക്കുന്നുണ്ട്.

എതാണ്ട് മുപ്പതുകൊല്ലം മുമ്പ്, അന്നദ്ദേഹം ആസന്നമെന്നു് കണക്കാക്കിയ സ്വാതന്ത്ര്യസമരത്തിൽ

പൊരുതാനുള്ള ആയുധം അതിശ്രദ്ധാപൂർവ്വം, ഉപയോഗയോഗ്യമാക്കി വരികയായിരുന്നു.

രാഷ്ട്രീയമായ അടിമത്തത്തിൽ കഴിയുന്ന കാലത്ത് ദേശാഭിമാനികളുടേയും രാഷ്ട്രീയ നേതാക്കളുടേയും സമുജ്ജ്വലസഞ്ചയത്തിനു് ഇന്ത്യ ജന്മം നൽകുകയുണ്ടായി. ലോകത്തിലെ ചുരുക്കം രാജ്യങ്ങൾക്കേ ഇതു സാധിച്ചിട്ടുള്ളു. ഗാന്ധിജി, പണ്ഡിററ്നെഹറു, പട്ടേൽ സഹോദരന്മാർ, ദേശബന്ധു ചിത്തരഞ്ജൻ ദാസ്, ഭഗത് സിംഗ്, ജയപ്രകാശ്, മൗലാനാ ആസാദ്, ശരത്ബോസ് — അവരുടെ പേരുകളുടെ പട്ടിക അങ്ങനെ അവസാനമില്ലാതെ അകന്നു നീങ്ങുന്നു.

എന്നാൽ, സ്വാതന്ത്ര്യസമരഘട്ടം വിശദമായി വീക്ഷിക്കുമ്പൊഴാവട്ടെ, മററൊരു രൂപം ചക്രവാളത്തിൽ അഭിമാനപൂർവ്വം തെളിഞ്ഞുയൻവരുന്നു. ഉന്നതനും ദയാമയനുമായ അദ്ദേഹം ലജ്ജയോ ഭീതിയോ ഇല്ലാതെ, ഊർജ്ജസ്വലതയോടും പുരുഷത്വത്തോടും കൂടി, അന്നത്തെ അസ്വസ്ഥമായ അന്തരീക്ഷത്തിലൂടെ സഞ്ചരിച്ചു. യുവാക്കൾക്ക് സുഭാഷ്ചന്ദ്രബോസിൻെറ പേര്, മനസ്സിന്നു് മത്തുപിടിപ്പിക്കുന്ന ഒരുതരം മാനസീകമായ ജീവനൗഷധമായിരുന്നു. ഗാന്ധിജിയുടെ ശമനൗഷധത്തിൽനിന്നു് അതു വളരെ വ്യത്യസ്തമായിരുന്നു താനും.

ബാലനായിരിക്കുമ്പോൾ, സുഭാഷിനെ പരിചയമുള്ളവർ അസ്വസ്ഥമായ ആവേശവും തീക്ഷ്ണ

മായ മനസ്സും അദ്ദേഹത്തിൽ കണ്ടെത്തി. വികാര നിർഭരമായ ആ ഹൃദയത്തിൽ, ധാർമ്മികവിചാരത്തിൻെറ വർണ്ണഭംഗിയും വിപ്ലവത്തിൻെറ ആശയങ്ങളും ഉറങ്ങിക്കൊണ്ടിരുന്നു. ഏകാകിയും സംശയശീലനും എന്തും ചോദ്യം ചെയ്യുന്നവനും സമരമനോഭാവക്കാരനും ഭാവിയെച്ചൊല്ലി ദയാപൂർവ്വം വിചാരം കൊള്ളുന്നവനുമായ ഒരു ബാലൻ, മുതിർന്നാൽ ആരായിത്തീരും? ഈ ചോദ്യങ്ങളുടേയും ചോദ്യം, സുഭാഷിൻെറ പിതാവായ ജാനകിനാഥബോസിനെ വ്യാകുലചിത്തനാക്കി. ഭൂമിയിലെ അന്ധകാരമകററാൻ പ്രകാശിക്കുകയും സ്വയം എരിഞ്ഞടങ്ങുകയും ചെയ്യുന്ന കൊള്ളിമീനുകറപോലെയാണ് യഥാർത്ഥ മഹാപുരുഷന്മാരെല്ലാം എന്ന ആശയം ശൈശവം മുതല്ക്കേ സുഭാഷിൻെറ ഇളം മനസ്സ് നുകർന്നുപോന്നു. ഹിമഗിരിയുടെ വിളി ബാല്യത്തിൽത്തന്നെ അപ്രതിഹതമായി അനുഭവപ്പെട്ടു. ജീവിതമെന്ന പെരുംകടംകഥയുടെ കുരുക്കഴിക്കാൻ ആ മനോഹരമായ മാമലയുടെ മടിയിൽ അദ്ദേഹം അഭയം തേടി.

മാതൃഭാരതത്തിലെ മലമുകളിലും താഴ്‌വാരകളിലും അലസസഞ്ചാരം ചെയ്യവെ അദ്ദേഹത്തിൻെറ മനസ്സിൽ ഒരു സ്വതന്ത്രരാജ്യത്തിൻെറ ദർശനം പതുക്കെയെങ്കിലും സുവ്യക്തമാംവിധം ഉയർന്നുവന്നു. വിമുക്തഭാരതത്തിൻെറ ആ ചിത്രം കണ്ടെത്തിയതോടെ അതുവരെ ഉറങ്ങിക്കിടന്ന ആവേശവും ചൈതന്യവും ഉണർന്നു. അദ്ദേഹത്തിൻെറ ഹൃദയശില പ്രകമ്പനം കൊണ്ടു തുടങ്ങി.

സുഭാഷ് ഒരു പുതിയ മൻഷ്യനായി മാറി. അവ്യക്തവും അയഥാർത്ഥവുമായ അലംഭാവത്തിൽ നിന്നും അദ്ദേഹം വിമുക്തനായി. സ്വാതന്ത്ര്യക്ഷേത്രത്തിലെ യഥാർത്ഥ കമ്മയോഗിയാവാൻ അദ്ദേഹം ദൃഢനിശ്ചയം ചെയ്തു. സുഭാഷ് വീട്ടിലേക്കു മടങ്ങി. സുഭാഷിനെ കാണാതെ ആശങ്കാകുലരായിക്കഴിയുന്ന അച്ഛനും സുഹൃത്തുക്കളും അത്യധികം ആശ്വസിച്ചു. ബോസ് ജീവിതം പുനരാരംഭിച്ചു. വ്യത്യസ്തമായ ജീവിതവീക്ഷണവിധം അദ്ദേഹം സ്വീകരിച്ചു കഴിഞ്ഞിരുന്നു.

വിദ്യാഭ്യാസ ജീവിതത്തിൽ, സുഭാഷ് അത്യസാധാരണവും അത്യുജ്ജ്വലവുമായ കഴിവുകൾ പ്രദർശിപ്പിച്ചു. അവിടെയും അദ്ദേഹത്തിൻെറ സ്വഭാവത്തിൻെറ യഥാർത്ഥ ഘടകങ്ങളായ ഉൽക്കടമായ സ്വരാജ്യസ്നേഹവും തീവ്രമായ ദേശാഭിമാനവും വിസ്ഫോടകമായ കമ്മരൂപത്തിൽ പ്രകടമായി കാണാമായിരുന്നു. ഒരവസരത്തിൽ, ഇന്ത്യയെപ്പററി അനുചിതമായ അഭിപ്രായപ്രകടനം നടത്തിയ തൻെറ യൂറോപ്യൻ പ്രൊഫസറെ സുഭാഷ് ചെകിടത്തടിക്കുകയുണ്ടായി. സമരമനസ്ഥിതിക്കാരനായ ആ വിദ്യാത്ഥിയെ കോളേജിൽ തിരിച്ചെടുക്കാൻ യൂനിവേർസിററി വൈസ് ചാൻസലർ സർ അശുതോഷ് മുഖജ്ജിതന്നെ ഇടപെട്ട് കാര്യമായശ്രമം നടത്തേണ്ടിവന്നു.

ഇതേ തരത്തിലുള്ള സ്വരാജ്യസ്നേഹ പ്രചോദിതമായ ആത്മാഭിമാനമാണ്, ഇന്ത്യൻ സിവിൽ സവ്വീ

സിൽനിന്നു് രാജിവെക്കാനും സുഭാഷിനെ പ്രേരിപ്പിച്ചതു്. 'ദിവ്യമായതിൽ വെച്ച് ദിവ്യ' മെന്നും 'സ്വർഗ്ഗത്തിൽ പിറന്ന' തെന്നും വിശേഷിക്കപ്പെട്ടിരുന്ന ഐ. സി. എസ്സിൽനിന്നുള്ള രാജി സുഭാഷിൻെറ ജീവിതത്തിലെ ആദ്യത്തെ അദ്ധ്യായത്തിൻെറ അന്ത്യം കുറിച്ചു. മഹാനായ ആ ദേശപ്രേമി. സ്വന്തം വിധി നേരിടാൻ മുന്നോട്ടുപോയി.

സഹനശീലനായ സ്വാതന്ത്ര്യസമരസേനാനിയാവാനല്ല സുഭാഷ് ഉദ്ദേശിച്ചതു്. പ്രായം ഏറും തോറും മിക്കവരും തീവ്രവാദത്തിൽനിന്നു് മിതവാദത്തിലേക്കു് വഴുതിമാറാറുണ്ടു്. നേതാജിയുടെ കാര്യത്തിൽ മറിച്ചാണു് സംഭവിച്ചതു്. സി. ആർ. ദാസ്സിൻെറ ഭരണഘടനാനുസാരിയായ രാഷ്ട്രീയം നേതാജിക്കു് യോജിച്ചതായിരുന്നില്ല. എങ്കിലും അദ്ദേഹം സ്വരാജ് പാർട്ടിക്കുവേണ്ടി പ്രവത്തിച്ച ചുരുങ്ങിയ കാലയളവിൽ, ശ്രദ്ധേയമായ സംഘടനാസാമത്ഥ്യവും നേതൃത്വശക്തിയും പ്രദർശിപ്പിക്കുകയുണ്ടായി.

സുഭാഷിൻെറ സംഘടനാസംവിധാനപ്രതിഭ ഒന്നുമാത്രംകൊണ്ടു് അദ്ദേഹം ഭാവിതലമുറയുടെ ആദരം അഹിക്കുന്നുണ്ടു്. 1938ൽ കോൺഗ്രസ്സ് സംഘടനയെ അദ്ദേഹം എത്ര സമത്ഥമായാണു് നയിച്ചിരുന്നതു് എന്നതിനെപ്പററിയുള്ള വിശദവിവരങ്ങൾ വളരെ കുറച്ചുപേക്കേ അറിവുള്ളൂ. ആസന്നമെന്നു് അദ്ദേഹം കണക്കാക്കിയ സ്വാതന്ത്ര്യസമരത്തിൽ പൊരുതാനുള്ള ആയുധം അതിശ്രദ്ധയോടെ പ്രയോഗയോഗ്യ

മാക്കാൻ അദ്ദേഹം മനസ്സിരുത്തി. അപ്പോഴൊക്കെ അദ്ദേഹത്തിൻെറ സഹപ്രവത്തകന്മാരാകട്ടെ, ആശയപരമായ പ്രശ്നങ്ങളുടെയും വരട്ടുതത്ത്വവാദങ്ങളുടേയും കട്ടകുകീറിക്കണ്ടെത്തീക്കാനുള്ള വിലയില്ലാത്ത വിവാദത്തിൽ ഏപ്പെട്ടുകയായിരുന്നു.

സുഭാഷ്, പ്രസിഡണ്ടായിരുന്നപ്പോരം, ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്നു് ഏററവും ഉയന്ന നിലയിലുള്ള അച്ചടക്കവും കെട്ടുറപ്പും യോജിപ്പും കൈവന്നു. സ്വാതന്ത്ര്യലബ്ധിക്കു് മുമ്പുള്ള കാലഘട്ടത്തിൽ, ശ്രീ നെഹറുവിൻെറ മാഗ്ഗനിദ്ദേശമനുസരിച്ചു് ഗണ്യമായ പ്രവത്തനങ്ങരം പൂത്തീകരിച്ച ദേശീയാസൂത്രണസമിതി രൂപീകരിക്കാൻ സുഭാഷാണു് മുൻകൈയെടുത്തതു്.

പ്രയോഗികരാഷ്ട്രീയത്തിൻെറ തീവ്രപ്രവക്താവായിരുന്നു സുഭാഷ് ബോസ്. അദ്ദേഹം ഗാന്ധിജിയുടെ നേതൃത്വവുമായി ഇടഞ്ഞു. എങ്കിലും ആ എതിപ്പിൽ ഉരംപ്പക തീരേ ഉണ്ടായിരുന്നില്ല. ബോസിൻെറ രാഷ്ട്രീയജീവിതം അതിൻെറ ഉച്ചകോടിയിലെത്തിയതിനു് സാക്ഷിനിന്ന വഷമായിരുന്നു 1939. അദ്ദേഹം ഭാരതീയ യുവജനതയുടെ കണ്ണിലുണ്ണിയും രാജ്യത്തു് അലയടിച്ചുയന്ന ആവേശശക്തികളുടെ പ്രതീകവുമായിത്തീന്നു. കോൺഗ്രസ്സ് പ്രസിഡണ്ടായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടതോടെ 'വൈററ് ഹാളി'ലെ സുൽത്താന്മാർ അസ്വസ്ഥരായി. 'ഇന്ത്യ വിട്ടുപോവുക' (ക്വിററിന്ത്യ!) എന്ന അന്ത്യശാസനം ബ്രിട്ടീ

ഷ് ഗവമ്മണ്ടിന്നു് നൽകാനുള്ള ബോസിൻെറ പദ്ധതിയെ മററു് കോൺഗ്രസ്സു് നേതാക്കന്മാർ അനുകൂലിച്ചില്ല.

ബോസ്സിൻെറ കാഴ്ചപ്പാടു് എത്ര ശരിയായിരുന്നു എന്നു് 1942–ലെ സംഭവഗതി ഒരളവുവരെ തെളിയിച്ചു. ആ വർഷത്തിൽ ഗാന്ധിജി 'ക്വിററിന്ത്യാ' പ്രസ്ഥാനം ആരംഭിച്ചപ്പോഠം, ബോസിൻെറ ദൂരദർശിത്വം സാധൂകരിക്കപ്പെട്ടു. സുഭാഷ് ബോസ് അചഞ്ചലനും നിർഭയനുമായിത്തന്നെ നിലകൊണ്ടു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൻെറ ആ വീരനേതാവ്, പതറാത്ത വീക്ഷണത്തോടെയും ഉരുക്കുപോലുള്ള ദൃഢനിശ്ചയത്തോടെയും മുമ്പോട്ടുപോയി. മററു വിപ്ലവകാരികളിൽ നിന്നു് വ്യത്യസ്തനായി, പരാജയത്തിൻെറ മുഹൂർത്തത്തിൽ അദ്ദേഹം അത്യധികം അപായകാരിയായിത്തന്നെ നിലകൊണ്ടു. സംഭവബഹുലമായ മൂന്നുവഷം കടന്നു പോയി.

മററു് അടിമത്തരാജ്യങ്ങളിലെ അനേകം നേതാക്കന്മാർ വരച്ച മാതൃകകളനുസരിച്ചാണു് സുഭാഷിൻെറ ജീവിതത്തിൻെറ അവസാനഘട്ടത്തിലെ ധീരസാഹസികമായ ജീവിതം നീങ്ങിയതു്. ഇന്ത്യവിടാനും, സ്വരാജ്യമോചനത്തിന്നായി ദേശീയസേന സംഘടിപ്പിക്കാനും, അദ്ദേഹത്തിൻെറ ശക്തമായ യാഥാർത്ഥ്യബോധം അദ്ദേഹത്തെ പ്രേരിപ്പിച്ചു. അന്തർദ്ദേശീയമായ അന്തരീക്ഷത്തിൽ അക്കാലത്തുണ്ടായ പരിവത്തനം അദ്ദേഹത്തിന്നു് അത്യധികം

ആത്മവിശ്വാസം നൽകി. അഗാധമായ ഉൽക്കണ്ഠയോടും അലതല്ലുന്ന ആവേശത്തോടും കൂടി അദ്ദേഹം പിറന്ന മണ്ണിനോട് വിടവാങ്ങി. ഒരു ശക്തിക്കും അനുനയിപ്പിക്കാനോ പിന്തിരിപ്പിക്കാനോ ആവാത്തവിധം അദ്ദേഹത്തിൻെറ സ്വഭാവവിശേഷങ്ങളുടെ അലകളിൽ അദ്ദേഹം മുന്നോട്ടുപോയി.

സാഹസികമായ നിരവധി സംഭവഗതിവിഗതികളിലൂടെ, അവസാനം നേതാജി പ്രധാന കർമ്മകേന്ദ്രത്തിൽ എത്തിച്ചേർന്നു. 1943 ജൂലായിൽ തെക്കുകിഴക്കെ ഏഷ്യയിൽ മുഴുവൻ സുഭാഷിൻെറ നാമധേയം മാറെറാലിക്കൊണ്ടു. അവിടെയുള്ള ഇന്ത്യക്കാരെ മുഴുവൻ സംഘടനാപാടവംകൊണ്ടും അക്ഷീണപ്രയത്നശീലംകൊണ്ടും സംയോജിപ്പിച്ചു നിർത്താൻ നേതാജിക്കു് കഴിഞ്ഞു.

നരിയുടെ ക്രൂരതയോടും നായാട്ടുനായുടെ പിന്തിരിയാത്ത പരാക്രമത്തോടുംകൂടി, ഇന്ത്യൻ ദേശീയസേനയിലെ പടയാളികൾ പോരാടി. ബോസിൻെറ ധീരപ്രവൃത്തികളാൽ ഉണർത്തപ്പെട്ട ദേശാഭിമാനവികാരത്തോടെ, ഇന്ത്യൻ ദേശീയ സേനാനികൾ അദ്ദേഹത്തോട് പ്രദർശിപ്പിച്ച ആവേശവും ആത്മാർപ്പണബുദ്ധിയും ഫ്രഞ്ചുവിപ്ലവപ്പോരാളികൾ നെപ്പോളിയനോടു് കാട്ടിയ ഉജ്ജ്വലവും ഊഷ്മളവുമായ സ്നേഹഭാവത്തെ അനുസ്മരിപ്പിക്കുന്നതായിരുന്നു.

സ്വരാജ്യമോചനത്തിന്നായി അടിവെച്ചു മുന്നോട്ടുനീങ്ങിയ ഗാരിബാൾഡിയുടെ ചെങ്കുപ്പായ സേനയെയല്ലേ, ബോസിൻെറ ഐ. എൻ. എ-യിൽ താൻ

കാണുന്നതെന്ന് ചരിത്രവിദ്യാർത്ഥി അത്ഭുതംകൊണ്ടു. അശോകമേത്തയുടെ വാക്കുകളിൽ പറഞ്ഞാൽ, സുഭാഷ് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അന്ത്യകാലത്ത്, ''ഉഗ്രമായ ഉൾക്ഷോഭം പൂണ്ടുകൊണ്ട് സൈനികസമരോത്സുകവും ഉന്മത്തവുമായ ദേശീയതയുടെ സർവ്വഗുണസമ്പൂർണ്ണമായ ചിത്രമായിത്തീർന്നു".

അതേ അളവിൽ അദ്ദേഹം, സ്വന്തം അനുയായികളുടെ ഹൃദയത്തിൽ, മുമ്പും പിമ്പും നോക്കാത്ത സാഹസകൃത്യത്തിന്നു് പ്രേരിപ്പിക്കുന്ന ദേശസ്നേഹവികാരം വളർത്തി. നേതാജിയുടെ നാമം ഉരുവിട്ടുകൊണ്ടു്, അദ്ദേഹത്തോടുള്ള സ്നേഹവായ്പിൽ സ്പന്ദിതമായ സംതൃപ്തിയോടെയാണു് ഐ. എൻ. എ. ഭടന്മാർ മരണം വരിച്ചതു്.

മാതൃഭൂമിയുടെ മോചനത്തിന്നായി ഇന്ത്യക്കാർ സ്വന്തം രക്തം കൊണ്ടു് മണ്ണിൽ ചെഞ്ചായം ചാർത്തി. മൗൾമീനിന്നു്സമീപം വെച്ചുണ്ടായ യുദ്ധത്തിൽ, ഝാൻസി റാണി റജിമെൻറ് റൈഫിൾ മാത്രം ഉപയോഗിച്ച് പതിനാറ് മണിക്കൂർ പൊരുതി സഖ്യശക്തികളുടെ മുന്നേററം തടഞ്ഞതായി ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടു്. ആത്മഹത്യാസ്ക്വാഡിൽ ചേരാൻ, നിഷ്കളങ്കരായ കുട്ടികൾ സന്തോഷപൂർവ്വം സ്വയം മനസ്സാലെ സന്നദ്ധരായി.

മറാത്തോൺ, തർമൊപ്പ്ലെ, സലാമിസ് എന്നിവിടങ്ങളിലെ പൌരാണികപോർമുറകൾപോലെ, എത്ര വലിയ എതിർശക്തിയോടും പോരടിക്കാനുള്ള

ആളുകളുടെ ആവേശം എക്കാലവും ആളിക്കത്തുമെന്നും അതു തല്ലിക്കെടുത്താനാവില്ല എന്നുമല്ലെ, ഐ. എൻ. എ. അനുസ്മരിപ്പിക്കുന്നതു് ?

സ്വന്തം സൈന്യത്തെ അഭിസംബോധനചെയ്തു കൊണ്ടു് 1945 ജനവരിയിൽ നേതാജി സുഭാഷ് ചന്ദ്ര ബോസ് പ്രഖ്യാപിച്ചു: ''ചലോ ദില്ലി'' എന്ന ഐ. എൻ. എ. യുടെ ഇപ്പോഴത്തെ മുദ്രാവാക്യത്തിന്നു പുറമേ ഇന്നു മുതൽ മറെറാരു മുദ്രാവാക്യം കൂടി നാം മുഴക്കേണ്ടതുണ്ടു്: 'രക്തം, രക്തം, കൂടുതൽ രക്തം' ഇന്ത്യയിലെ നാല്പതു കോടി ജനതയുടെ സ്വാതന്ത്ര്യത്തിന്നുവേണ്ടി നാം നിശ്ചയമായും രക്തം ചിന്തുമെന്നാണു് ഇതിന്നർത്ഥം''. റൂബിക്കോൺ നദി* കടക്കും മുമ്പെ ജൂലിയസ് സീസറുടെയോ ആൽപസ് പർവ്വതം കടക്കാൻ സ്വന്തം സൈന്യത്തിന്നു് വീര്യം പകർന്നു കൊടുത്ത നെപ്പോളിയൻെറയോ സ്വരമല്ലേ, നാമന്നു് നേതാജിയിലൂടെ ശ്രവിച്ചതു് ?

അനന്തരതലമുറക്കായി നേതാജി സമർപ്പിച്ച പൈതൃകം രാഷ്ട്രത്തിലെ മുഴവൻ ആളുകളുടേയും ഭാവനയെ ഉദ്ദീപിപ്പിച്ചു. ഇന്ത്യൻ ദേശീയ സേനയിലെ അംഗങ്ങൾ ദേശീയ വികാരത്തിൻെറ തീനാളങ്ങൾ

---

* സീസറുടെ പ്രവിശ്യയായ ഗൗളിനെ ഇററലിയിൽനിന്നു് വേർപെടുത്തിയിരുന്ന നദിയാണു് റൂബിക്കോൺ. പ്രസ്തുത നദി കടന്നതിൻെറ ഫലമായി സീസർ അന്നത്തെ റോമൻ ഗവൺമെൻറുമായി യുദ്ധത്തിലേർപ്പെടാൻ നിർബന്ധിതനായി. 'റൂബിക്കോൺ കടക്കുക' എന്നതിന്നു് നിർണ്ണായകവും പിന്തിരിയാൻ നിവൃത്തിയില്ലാത്തതുമായ തീരുമാനമെടുക്കുക എന്നർത്ഥം.

(വിവ.)

അത്യുജ്ജ്വലമാംവിധം ആളിക്കത്തിച്ചു. സൈനിക സന്നദ്ധമായ ഈ പുതിയ തരത്തിലുള്ള ദേശീയ ബോധം യുദ്ധാനന്തരകാലഘട്ടത്തിന്റെ ചരിത്രത്തിൽ അതിവിദൂരഫലങ്ങൾ ഉളവാക്കി.

ദേശീയ പ്രസ്ഥാനത്തിന്റെ അന്തിമഘട്ടത്തിൽ, 'ദില്ലീ ചലോ' 'ജയ്ഹിന്ദ്' എന്നിവ പുതിയ കാലത്തിന്റെ മുദ്രാവാക്യങ്ങളായിത്തീൎന്നു. സ്വാതന്ത്ര്യസമരത്തിന്റെ ശുഭകരമായ ഫലപ്രാപ്തിയെപ്പററി 1945നുശേഷം വളരെ കുറച്ചു പേൎക്കേ സംശയമുണ്ടായിരുന്നുള്ളു. അന്ന് ഏഷ്യയിലെങ്ങും ആഞ്ഞുവീശിയിരുന്ന പരിവൎത്തനത്തിന്റെ കാററ്, ഇന്ത്യയുടെ അടിമത്വത്തിന്റെ അറുതി അനിവാര്യവും സ്വാഭാവികവുമാക്കിത്തീൎത്തു.

ഇന്ത്യക്ക് തീൎച്ചയായും സ്വാതന്ത്ര്യം കിട്ടുമെന്ന ശുഭപ്രാപ്തിവിചാരം ശക്തിപ്പെടുന്ന ഒരു ഘട്ടംവരെ നമ്മുടെ സ്വാതന്ത്ര്യസംഗരത്തിന്റെ പിരിമുറുക്കം ത്വരിതപ്പെടുത്തുന്നതിൽ സുഭാഷ് ബോസ് അതിപ്രധാനമായ പങ്കുവഹിച്ചിട്ടുണ്ട്.

ഇനി പിറക്കാനിരിക്കുന്ന തലമുറപോലും ഈ മഹാനായ ദേശാഭിമാനിയുടെ സ്മരണയെ, അഗാധമായ കൃതജ്ഞതയോടെയും സ്നേഹവാത്സല്യത്തോടെയും ലാളിച്ചുവളൎത്തും. വരാനിരിക്കുന്ന വൎഷങ്ങളിൽ സ്വന്തം മാതൃഭൂമിയെ സേവിക്കാനുള്ള പ്രചോദനം ഭാരതീയ യുവജനതക്ക് സുഭാഷിന്റെ സ്മരണ നൽകിപ്പോരും. യാതന നിറഞ്ഞ പരീക്ഷണഘട്ടങ്ങളിൽ, സുഭാഷിന്റെ ഭടന്മാർകാട്ടിയ ധീരപരാക്രമങ്ങളെപ്പററിയു

ള്ള ആവേശദായകമായ ചരിതങ്ങരം മുത്തശ്ശിമാർ, അ ടുപ്പിന്നരുകിലിരുന്നു് ഉരുവിടും. തങ്ങളുടെ പിതാമ ഹന്മാരുടെ അതിസാഹസികമായ വിക്രമകഥകരം വായിക്കുമ്പോരം, ഇന്ത്യയിലെ കുട്ടികളുടെ മനസ്സിൽ അഭിമാനവും ആവേശവും അലയടിച്ചുയരും.

അന്തരീക്ഷം, വിസ്ഫോടകമായിരുന്ന സന്ദർ ത്തിൽ, തങ്ങളുടെ ധീരസ്വാഭവത്തിനും ഇന്ത്യയുടെ വീരപാരമ്പര്യത്തിനും ഒത്ത വിധം, സുഭാഷും അദ്ദേ ഹത്തിൻെറ പക്വതയും അനുഭവസമ്പന്നതയും തികഞ്ഞ സേനാനികളും ചരിത്രപ്രധാനമായ ഭാഗം അഭി നയിച്ചു എന്നു് ഇന്ത്യയുടെ ഭാവിചരിത്രകാരന്മാർ സം തൃപ്തിയോടെ രേഖപ്പെടുത്തും. അനശ്വരമായ ഒരു ലക്ഷ്യസാദ്ധ്യത്തിന്നു് ആത്മാപ്പ്ണം അനുഷ്ഠിച്ച രക്ത സാക്ഷികളായ നേതാജിയുടെയും അദ്ദേഹത്തിൻെറ ഭടന്മാരുടേയും പ്രതിരൂപങ്ങളിൽ, ഇന്ത്യയിലെ ജനത എന്നും ഉററുനോക്കും.

പ്രശസ്തിയുടെ മന്ദിരത്തിൽ, ഈ ധീരദേശാഭിമാ നിയുടെ നാമം, എക്കാലവും പ്രമുഖസ്ഥാനം അലങ്ക രിക്കും. മഹാത്മാഗാന്ധി, ഇന്ത്യൻ സ്വാതന്ത്ര്യസമര ത്തിൻെറ ആത്മാവായിരുന്നെങ്കിൽ, ജവഹർലാൽനെ ഹറു അതിൻെറ പ്രകാശമാനമായ ആദശ്ത്തിൻെറ യും അന്തസ്സിൻെറയും ആത്മാത്ഥമായ ലക്ഷ്യത്തിൻെറ യും പ്രതീകമായിരുന്നെങ്കിൽ, സുഭാഷ് ബോസ് അ തിൻെറ ധീരതയാന്ന പോർച്ചട്ടയായിരുന്നു.

# 2

## (നേതാജിക്ക് അഭിവാദ്യം അർപ്പിച്ചു കൊണ്ട് ''സൺഡെ സ്റ്റാൻേറഡ്' എഴുതിയ മുഖപ്രസംഗം)

ദില്ലിയിൽ ചെങ്കോട്ടയിൽ പ്രദശിപ്പിക്കപ്പെട്ട നേതാജിയുടെ വിശുദ്ധാവശിഷ്ടങ്ങരം—ഒരു വാരം, ഒരു തൊപ്പി, ഒരു ജോടി പാദരക്ഷ എന്നിവ—ആ ധീര ദേശസ്നേഹിക്ക് ദേശീയ സ്വാതന്ത്ര്യസമരത്തിൽ എന്തുമാത്രം പ്രാമുഖ്യമുണ്ടെന്ന വസ്തുത തലസ്ഥാനനഗരിയിലെ ആയിരക്കണക്കിനു് പൗരന്മാരെ ശക്തിയായി അനുസ്മരിപ്പിക്കുന്നു.

1921-ൽ നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചതോടെ, ഇന്ത്യയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഗാന്ധിയൻ കാലഘട്ടത്തിൽ, ഈ രാജ്യത്തിലെ ഓരോ ദേശപ്രേമിയും ഗാന്ധിജിയുടെ മാന്ത്രികമായ ആജ്ഞാശക്തിക്കടിപ്പെട്ടു. അക്കൂട്ടത്തിൽപ്പെടാതിരുന്ന അപൂവ്വം ചിലരിൽ ഒരാളാണു് സുഭാഷ് ചന്ദ്രബോസ്. അദ്ദേഹം ഗാന്ധിജിയുടെ അക്രമരാഹിത്യസിദ്ധാന്തം അംഗീകരിച്ചില്ല. ഏതു മാഗ്ഗത്തിലൂടേയും ഏററവും കുറഞ്ഞ സമയത്തിന്നുള്ളിൽ സ്വാതന്ത്ര്യം നേടുകയാണു്, അടിമത്തമനുഭവിക്കുന്ന ജനവിഭാഗത്തിൻെറ കത്തവ്യമെന്നു് അദ്ദേഹം ഉറച്ചു വിശ്വസിച്ചു.

രണ്ടാം ലോകമഹായുദ്ധകാലത്ത്, അച്ചുതണ്ടു ശക്തികളോടുള്ള അനുഭാവംകൊണ്ടല്ലെങ്കിലും, ബ്രിട്ടനുമായി സഹകരിക്കാൻ കോൺഗ്രസ്സ് കൂട്ടാക്കാതിരുന്ന സമയത്ത്, സുഭാഷ് ഇന്ത്യയിൽനിന്നു് നാടകീയമായി രക്ഷപ്പെട്ട കഥ ബറോണസ്സ് ഒറസി (Baroness Orezy) എഴുതിയ ഒരു വീരസാഹസികകഥപോലെ അത്ഭുതജനകമായിരുന്നു. നേതാജി അങ്ങനെ അഫ്ഗാനിസ്ഥാനിലൂടെ ബർലിനിലെത്തി. അവിടെവെച്ച് ഹിററ്ലറുമായി കൂടിക്കാഴ്ച നടത്തിയതിന്നുശേഷം ഇന്ത്യൻ നാഷനൽ ആർമി രൂപീകരിക്കാൻ ജപ്പാനിലേക്കു പോയി.

ഐ. എൻ. എ. യുടെ നേട്ടങ്ങൾ നമ്മുടെ ചരിത്രത്തിൻെറ ഭാഗമായിത്തീർന്നിരിക്കുന്നു. അത്യത്ഭുതകരമായ സൈനികവിജയങ്ങളൊന്നും നേടിയില്ലെങ്കിലും, അതു് മലയയിലേയും സിങ്കപ്പൂരിലേയും ഇന്ത്യക്കാർക്കു് ധൈര്യം പകൎന്നുകൊടുത്തു. ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൻെറ നാളുകളെണ്ണപ്പെട്ടു കഴിഞ്ഞെന്നു് അതു് ബ്രിട്ടനു് മുന്നറിയിപ്പു നല്കി. ജപ്പാൻകാർക്കൊപ്പം തലയുയർത്തിനിന്നുകൊണ്ടാണു്, അധൃഷ്യനായ സുഭാഷ് അവരിൽനിന്നു് ആയുധസഹായം സ്വീകരിച്ചതും. ഇന്ത്യ സ്വതന്ത്രയാകുന്നതിന്നു് രണ്ടുവർഷംമുമ്പ് ഫോർമോസയിലെ വിമാനാപകടത്തിൽപ്പെട്ട് അദ്ദേഹം കൊല്ലപ്പെട്ടതു് തീർച്ചയായും വലിയൊരു ദുരന്തസംഭവമാണു്. യുദ്ധത്തിൻെറ അവസാനഘട്ടംവരെ ജീവിക്കാനും, സ്വതന്ത്ര ഇന്ത്യയിലേക്ക് തിരിച്ചുവരാനും, സുഭാ

ഷിന്നു് സാധിച്ചിരുന്നെങ്കിൽ, അദ്ദേഹം നമ്മുടെ കാലഘട്ടത്തിൽ എന്തു പങ്കുവഹിക്കുമായിരുന്നു എന്നതു് ചരിത്രത്തിലെ അഭ്യൂഹമായി അവശേഷിക്കുന്നു.

ശക്തവും ഏകീകൃതവുമായ ഒരേയൊരിന്ത്യ എന്ന ആശയത്തിൽ അദ്ദേഹം വിശ്വസിച്ചു. രാജ്യത്തിന്റെ നാനാഭാഗത്തുമുള്ള ജനങ്ങളെ അദ്ദേഹം സംയോജിപ്പിച്ചുനിർത്തിയ പ്രവർത്തനരീതിയും, അവരിൽ മാതൃഭൂമിയെ സ്വതന്ത്രയാക്കാനുള്ള തീവ്രാഭിലാഷം പകർന്നു കൊടുത്ത വിധവുമാണു്, ഐ. എൻ. എ. യുടെ അല്പകാലത്തെ നിലനില്പിന്നിടയിൽ സുഭാഷ് സാധിച്ച ഏററവും വലിയ നേട്ടം. ഭാഷയുടെയും മതത്തിന്റെയും അതിർവരമ്പുകൾ തട്ടിമാററുന്ന അഗാധമായ ദേശാഭിമാനവും ഐക്യബോധവും വീണ്ടെടുക്കലാണു് ഇന്നു് നമുക്ക് ഏററവും ആവശ്യം. അന്ന് ഏററവും വിഷമകരമായ പരീക്ഷണഘട്ടങ്ങളിൽ, ഇന്ത്യൻ ജനതയുടെ അന്തസ്സും അഭിമാനവും ഉയർത്തിപ്പിടിക്കാനും മാതൃരാഷ്ട്രത്തെ സ്വതന്ത്രയാക്കാനും നേതാജി എന്തൊക്കെ ചെയ്തു എന്നു് നാം ഓർക്കേണ്ടിയിരിക്കുന്നു. ആ ഓർമ്മയെ പരിപോഷിപ്പിക്കേണ്ടിയുമിരിക്കുന്നു.

# 3

**(ഗ്രന്ഥകാരൻ തയ്യാറാക്കിയതും, ആകാശ വാണി കോഴിക്കോട് നിലയം 1968 ജനവരി 24-ാംനു- പ്രക്ഷേപണംചെയ്തതുമായ റേഡി യോ പ്രഭാഷണം)**

സ്മൃതിപഥം

**ജയ് ഹിന്ദ് !**

ഐ. എൻ. എ.യുടെ ചരിത്രം വെറും അഞ്ചുമി നുട്ടിനുള്ളിൽ എന്റെ ശ്രോതാക്കളെ ധരിപ്പിക്കാൻ സാദ്ധ്യമല്ല. 22 വഷങ്ങൾക്കുമുമ്പ് നടന്ന ആ മഹാ സംഭവങ്ങളുടെ പൂൎണ്ണമായ ചരിത്രം നമ്മുടെ യുവതല മുറക്ക് വല്ല പുസ്തകങ്ങളിൽക്കൂടെയോ മറേറാ അ ല്ലാതെ ഗ്രഹിക്കാൻ യാതൊരു നിവൃത്തിയുമില്ല.

നേതാജി സുഭാഷ് ചന്ദ്രബോസ്സ് ബ്രിട്ടീഷ് രഹസ്യവകുപ്പിനെ അതിശയകരമായ നിലയിൽ കബളിപ്പിച്ച്, കല്ക്കത്തയിൽനിന്നു് ഒരു കാബൂ ക്കാരന്റെ വേഷംധരിച്ച് അപ്രത്യക്ഷനായി. നേ താജി അഫ്ഘാനിസ്ഥാനിൽക്കൂടെ റഷ്യയിലും അവിടെനിന്നു് ജൎമ്മനിയിലും എത്തി. ഇത് ഒരു വിനോദയാത്രയായിരുന്നില്ല; കഷ്ടപ്പാടുകൾ നിറ

ഞ്ഞതായിരുന്നു. ബ്രിട്ടന്റെ സർവ്വവ്യാപകമായ രഹസ്യപ്പോലീസ്ശൃംഖലയെ പല സ്ഥലത്തുവെച്ചും അദ്ദേഹത്തിന്നു് നേരിടേണ്ടിവന്നിട്ടുമുണ്ടു്. ഈ ദുരന്തങ്ങൾ മുഴവൻ അദ്ദേഹം അനുഭവിച്ചതു് ഒരേയൊരു ഉദ്ദേശ്യത്തെ മുൻനിർത്തിയായിരുന്നു. അതെ, ഇന്ത്യയുടെ സ്വാതന്ത്ര്യം.

ജർമ്മനിയിൽവെച്ച് ജർമ്മൻജനതയുടെ അനുഭാവത്തോടും അവിടെയുണ്ടായിരുന്ന ഇന്ത്യൻ പൌരന്മാരുടെ സഹായസഹകരണങ്ങളോടും കൂടി ഐ എൻ. എ. (ഇന്ത്യൻ നാഷനൽ ആർമി)യുടെ തറക്കല്ലിട്ടു. പക്ഷേ, അങ്ങു് ദൂരെ ജർമ്മനിയിൽ ഇരുന്നുകൊണ്ടു് നേതാജിക്കു് ഇന്ത്യയുടെ സ്വാതന്ത്ര്യസമരം നടത്തുവാൻ സാധിക്കുമായിരുന്നില്ല. രണ്ടാംലോകമഹായുദ്ധത്തിന്റെ നടുവിൽ വിദൂരപൗരസ്ത്യദേശങ്ങളിലേക്കു് വരുവാനും നിവൃത്തിയുണ്ടായിരുന്നില്ല. തന്റെ ജീവിതകാലത്തിന്റെ ഭൂരിഭാഗവും ജയിലിൽ കിടന്ന ആ വീരയോദ്ധാവു് വിദൂരപൗരസ്ത്യരാജ്യങ്ങളിലേക്കു് വരാനായി അത്യന്തം ആപൽക്കരമായ ഒരു സാഹസികയാത്ര ഏറ്റെടുത്തു. അതെ, രണ്ടു മാസക്കാലത്തോളം നീണ്ടുനിന്ന ഒരു സബ്മറൈൻ യാത്ര. ഈ യാത്രയുടെ പര്യവസാനം സിങ്കപ്പൂരായിരുന്നു. നേതാജി സിങ്കപ്പൂരിൽ എത്തിയതു് ആ കാലത്തെ ഒരു മഹാസംഭവമായിരുന്നു. അന്നു സിങ്കപ്പൂർ ജപ്പാൻകാരുടെ കൈയിൽ അകപ്പെട്ടുകഴിഞ്ഞിരുന്നു. സിങ്കപ്പൂരിലേയും മററു് ഏഷ്യൻ രാജ്യങ്ങളിലേയും ഇന്ത്യക്കാർ അവരുടെ സർവ്വസ്വവും സ്വാതന്ത്ര്യത്തിന്റെ

ബലിവേദിയിൽ അപ്പിക്കുന്നതിന്നായി നേതാജിക്ക് സമപ്പിച്ചു. ഹിന്ദു എന്നോ മുസ്ലീം എന്നോ ക്രിസ്ത്യൻ എന്നോ സിക്കെന്നോ വ്യത്യാസമില്ലാതെ എങ്ങും ആവേശം അലയടിച്ചുയരുകയായിരുന്നു.

നേതാജി സിങ്കപ്പൂരിൽനിന്നു് വിമാനമാഗ്ഗം ജപ്പാനിലേക്ക് പോയി, അവിടത്തെ ഗവമ്മെണ്ടിൽനിന്നു് സവ്വസഹായവാഗ്ദാനവും ലഭിച്ചശേഷം സിങ്കപ്പൂരിലേക്കുതന്നെ മടങ്ങി. അതിനുശേഷം ഐ. എൻ. എ. യുടെ പ്രവത്തനം വിപുലീകരിച്ചു. അതോടൊന്നിച്ചുതന്നെ ആസാദ് ഹിന്ദ് ഗവമ്മേണ്ടും രൂപീകരിക്കപ്പെട്ടു.

ഐ. എൻ. എ. യിൽ ഇന്ത്യക്കാരായ എല്ലാമതക്കാരും ഉണ്ടായിരുന്നു. തെക്കെന്നോ വടക്കെന്നോ ഹിന്ദുവെന്നോ മുസ്ലീമെന്നോ മദ്രാസിയെന്നോ പഞ്ചാബിയെന്നോ യാതൊരു വ്യത്യാസവുമുണ്ടായിരുന്നില്ല. ഒരൊററ കുടുംബത്തിലെ അംഗങ്ങളെപ്പോലെ പെരുമാറി. ഐ. എൻ. എ.യിൽ ഝാൻസി റാണി റജിമെൻറും പട്ടാളക്കാരും സിവിലിയന്മാരും അടക്കം ഞങ്ങൾ ഒരു ലക്ഷത്തിൽപരം ആളുകളുണ്ടായിരുന്നു. മിക്കപേരും യുദ്ധമുറകൾ ശരിയാംവണ്ണം അഭ്യസിച്ചവരുമായിരുന്നു. ഓഫീസർമാക്ക് മികച്ച രീതിയിൽ യുദ്ധപരിശീലനം നല്കുന്നതിന്നു് സിങ്കപ്പൂരിൽ ത്തന്നെ ഒരു ഓഫീസേർസ് ട്രെയ്നിങ്ങ്സ്കൂൾ സ്ഥാപിച്ചിരുന്നു. എല്ലാവക്കും ഒരൊററ മെസ്സ് (ഭോജനശാല) മാത്രമേ ഉണ്ടായിരുന്നുള്ളു. ഹിന്ദുവിന്നു് വേറെയും മുസ്ലീമിന്നു് വേറെയും ഉണ്ടായിരുന്നില്ല.

പന്നിയിറച്ചിയും ഗോമാംസവും മാത്രം മതവികാരങ്ങളെ മാനിച്ച് മെസ്സിൽ വിളമ്പിയിരുന്നില്ല. പ്രാത്ഥനക്ക് ആഴ്ചയിലെ പ്രത്യേക ദിവസങ്ങളും ഉണ്ടായിരുന്നില്ല. ഇതിൻെറയെല്ലാം അത്ഥം ഇന്ത്യ ഒന്നാണെന്നും ഇന്ത്യക്കാരെല്ലാം ഒരേ ഒരു കാര്യത്തിന്നു് നിലകൊള്ളുന്നുവെന്നും ആയിരുന്നു. അതായത് ഇന്ത്യയുടെ സ്വാതന്ത്ര്യം.

ഐ. എൻ. എ. എല്ലാ തലങ്ങളിലും വളരെ ശ്രദ്ധമായിരുന്നു. നിസ്വാത്ഥത അതിൻെറ വിശ്വാസപ്രമാണവുമായിരുന്നു. ഐ.എൻ.എ.ക്കാക്ക് ശമ്പളം നല്കപ്പെട്ടിരുന്നില്ല. ഒരു പോക്കററ് അലവൻസ് മാത്രമെ അവക്ക് കൊടുത്തിരുന്നുള്ളു. ഓഫീസർമാരും ജവാന്മാരും വളരെ അടുത്ത ബന്ധം പുലത്തിയിരുന്നു. പക്ഷേ ഡിസിപ്ലിൻ വളരെ കണിശമായി നിഷ്കഷിക്കപ്പെട്ടിരുന്നു. ഐ. എൻ. എ.ക്ക് വേണ്ട പണം മുഴുവനും ദൂരപൌരസ്ത്യദേശങ്ങളിൽ താമസക്കാരായ ഇന്ത്യക്കാരിൽനിന്നു് സ്വമനസ്സാലെ കിട്ടി. അധികം പേരും അവരുടെ സവ്വസ്വവും, ലക്ഷക്കണക്കിലുള്ളതു്, ഐ.എൻ.എ.ക്കു് സംഭാവനചെയ്തു. അതിൽത്തന്നെ സേവനമനുഷ്ഠിച്ചവന്നു. അക്കാലത്ത് റങ്കൂണിൽ ഷുഗർ കിങ്ങ് എന്ന പേരിൽ പ്രസിദ്ധനായ ഒരു മുസ്ലിംകോടീശ്വരനുണ്ടായിരുന്നു. അദ്ദേഹം സവ്വസ്വവും തൻെറ സഹധമ്മിണിയുടെയും മകളുടെയും സ്വണ്ണാഭരണങ്ങളടക്കം നേതാജിക്ക് സംഭാവനചെയ്ത ആ രംഗം സ്മരിക്കുമ്പോാം, ഞാൻ ഇന്നും രോമാഞ്ചം കൊള്ളാറുണ്ട്. നേതാജി, ഇങ്ങനെയുള്ളവക്കു് വാഗ്ദാ

നംചെയ്യതോ പട്ടിണിയും ബുദ്ധിമുട്ടും ചോരയും അവസാനമായി മരണവുമായിരുന്നു. അതെല്ലാം അവർ സസന്തോഷം സ്വീകരിക്കുകയും ചെയ്തു.

യുദ്ധമുറകൾ ശരിയാംവണ്ണം ശീലിച്ചവരെ യുദ്ധമുന്നണിയിൽ അയച്ചിരുന്നു. ഇതിൽ അധികപേരും ദിവസേന 20 മുതൽ 30 വരെ നാഴിക നടന്നാണ് യുദ്ധം ചെയ്തിരുന്നത്. യുദ്ധത്തിൽ അവർ അസാമാന്യധൈര്യം കാണിക്കുകയും ചെയ്തിട്ടുണ്ട്. ഐ. എൻ. എ.യുടെ ചരിത്രത്തിൽ, സൈനികർ ഒഴിഞ്ഞ വയറോടുകൂടി പടപൊരുതിയ നിരവധി സന്ദർഭങ്ങൾ ഞാൻ ഇന്നും രോമാഞ്ചത്തോടുകൂടി ഓർക്കുന്നു. ഒട്ടേറെ പേർ പോർക്കളത്തിൽതന്നെ വീരമൃത്യു വരിച്ചതും ഞാൻ അനുസ്മരിക്കുന്നു. പിന്നോക്കംവെക്കാൻ അവർ ഇഷ്ടപ്പെട്ടിരുന്നില്ല, അസ്വാതന്ത്ര്യത്തെക്കാൾ മരണം അവർക്കഭികാമ്യമായിരുന്നു. ബർമ്മയിൽ ആദ്യകാലങ്ങളിൽ നടന്ന അതിഭയങ്കരമായ യുദ്ധത്തിൽ ഐ. എൻ. എ., ബ്രിട്ടീഷ് സൈന്യത്തെ പാടെ പരാജയപ്പെടുത്തി, കൊഹിമ മുതലായ ഇന്ത്യൻ പ്രദേശങ്ങളിൽ ത്രിവർണ്ണപതാക നാട്ടുകയുണ്ടായി. മറെറാരു യുദ്ധരംഗമായ അന്തമാൻ ദ്വീപിലും നമ്മുടെ ത്രിവർണ്ണപതാക പാറിക്കളിച്ചു.

ഐ. എൻ. എ.യുടെ തീരുമാനങ്ങളിൽ പ്രധാനമായ ഒന്ന് ഇന്ത്യ സ്വാതന്ത്ര്യംനേടിയാൽ ഉടൻതന്നെ ഐ. എൻ. എ പിരിച്ചുവിടുമെന്നും യാതൊരു ഭടനും പ്രത്യേക യുദ്ധാനന്തരപരിഗണന ലഭിക്കയില്ലെന്നും ഉള്ളതായിരുന്നു. ഒരനുഭവം ഇവിടെ അനുസ്മ

SF.P 738

# CERTIFICATE in respect of :— (22)

Sri N Achuthan,

Malabar I N A Relief Committee

Calicut Malabar

1. Name of Candidate N Achuthan
2. Rank held Lieutenant
3. Date of enrolment in the Army, Navy or Air Force
4. Date of Discharge form I. A.
5. Date of enrolment in the I N. A. 1st July 1943
6. Date of ~~Discharge~~ release from I N. A. 16th July 1945
7. Character Exemplary

[signature]

Major.

Secretary I. N. A. Relief Committee.

MADRAS.

ഐ. എൻ. എ. സർട്ടിഫിക്കററ്

രിക്കട്ടെ. നേതാജി ജപ്പാൻ ഡയററിൽ (പാർലിമെററിൽ) ഇരിക്കവെ അന്നത്തെ ജപ്പാൻ പ്രധാനമന്ത്രി ജനറൽ ടോജോ നേതാജിയെ ഭാവിയിലെ ഇന്ത്യൻ പ്രസിഡണ്ട് എന്ന് സംബോധന ചെയ്യുകയുണ്ടായി. നേതാജി ചാടിയെഴുന്നേററ് ആ പ്രസ്താവന പിൻവലിക്കാൻ ആവശ്യപ്പെടുകയും ജനറൽ ടോജോവിന്നു് അതു പിൻവലിക്കേണ്ടിവരികയും ചെയ്തു. ആരാണു് ഇന്ത്യയുടെ ഭാവിപ്രസിഡണ്ടാവുക എന്നു് തീർച്ചപ്പെടുത്തേണ്ടതു് ജനറൽ ടോജോ അല്ലെന്നും പ്രത്യുത ഇന്ത്യൻ ജനതയാണെന്നും നേതാജി പ്രഖ്യാപിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ ത്യാഗത്തിൻേറയും യാതനയുടേയും ധീരതയുടേയും ഒരദ്ധ്യായം ഐ. എൻ. എ, മായാത്ത തങ്കലിപികളിൽ എഴുതിച്ചേർത്തിട്ടുണ്ടെന്നാണു് എൻെറ വിനീതമായ അഭിപ്രായം.

ജയ് ഹിന്ദ് !

# 4

## നേതാജി മ്യൂസിയം

1961-ൽ കല്ക്കത്തയിൽ നേതാജി മ്യൂസിയം സ്ഥാപിതമായി. ബോസ് കുടുംബത്തിന്റെ പുരാതന ഗൃഹത്തിലാണത് സ്ഥിതിചെയ്യുന്നതു്. 'നേതാജി ഭവൻ'എന്നാണു് ഇപ്പോഴതിന്റെ പേര്. ആ സ്ഥാപനം രാഷ്ട്രത്തിന്നായി സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ഒരു സ്വാതന്ത്ര്യസമരഭടനെന്ന നിലയിലുള്ള നേതാജിയുടെ ജീവിതത്തെയും പ്രവർത്തനങ്ങളെയും ചിത്രീകരിക്കുന്ന ധാരാളം രേഖകൾ, ചിത്രങ്ങൾ, മററ് വിശുദ്ധാവശിഷ്ടങ്ങൾ എന്നിവയുടെ ഒരമൂല്യ ശേഖരം അവിടെയുണ്ടു്. ചെങ്കോട്ടയിൽ പ്രദർശിപ്പിച്ചെന്നു നേരത്തെ പറഞ്ഞ മൂന്നു് അന്ത്യാവശിഷ്ടങ്ങൾ ഇപ്പോൾ ഇവിടെ സൂക്ഷിച്ചിരിക്കുകയാണു്. (ഒന്നു്) 1943-ൽ ജപ്പാൻ ഗവർമ്മെണ്ടു നേതാജിക്ക് സമ്മാനിച്ചതും അദ്ദേഹം ഉപയോഗിച്ചിരുന്നതുമായ വാൾ. (രണ്ടു്) ഐ. എൻ. എ, യിലായിരുന്നപ്പോൾ അദ്ദേഹം ഉപയോഗിച്ച തൊപ്പി, (മൂന്നു്) ഐ. എൻ. എ. യിലായിരുന്നപ്പോൾ അദ്ദേഹം ഉപയോഗിച്ചുവന്ന ഒരു ജോടി പാദരക്ഷ.

# 5

## (ഇന്ത്യ സ്വാതന്ത്ര്യയാകുന്നതിന്നു് അൽപം മുമ്പ് ജനറൽ ഷാനവാസ് ഖാൻ ചെയ്ത പ്രസംഗം)

മുമ്പത്തെ ബ്രിട്ടീഷിന്ത്യൻ സൈനികക്ക് നേതാജിയുടെ ഉത്തേജകമായ നേതൃത്വം ലഭിച്ചതോടെ, സൈനികവൃത്തി വെറുമൊരു തൊഴിൽ അല്ലാതായി ; മറിച്ച് അതൊരു പരിപാവനമായ ദൗത്യമായി മാറി.

ഇന്ത്യയിലെ രാഷ്ട്രീയസ്ഥിതിഗതി, ഐ.എൻ. എ. ഉപദേശകസമിതി വളരെ ശ്രദ്ധാപൂർവ്വം വീക്ഷിച്ചുകൊണ്ടിരിക്കുകയാണു്. ഇന്നു് രാജ്യത്തിൻെറ നാനാഭാഗത്തും ഇന്ത്യക്കാരുടെ ഇടയിൽ അനൈക്യത്തിൻെറ പ്രവണതകൾ വളൎന്നുവരുന്നുണ്ടെന്നും, അത്ര പൂർണ്ണസ്വാതന്ത്ര്യമെന്ന നമ്മുടെ ആവശ്യം നീട്ടിക്കൊണ്ടുപോവാൻ വൈദേശികശക്തികൾ അടവുകൾ സ്വീകരിക്കുന്നതിലേ അതു കലാശിക്കുകയുള്ളുവെന്നും സമിതി മനസ്സിലാക്കുന്നു: നമ്മുടെ നാട്ടിൻെറ ചരിത്രപരമായ അന്തസ്സും നമ്മുടെ സംഘടനയുടെ അടിസ്ഥാനപരമായ സിദ്ധാന്തങ്ങളും പരിപാലിച്ചുകൊണ്ടു്, ശരിയായ നേതൃത്വം ആവശ്യ

മുള്ള തക്കസമയത്ത് അതു നൽകാൻ ഐ. എൻ. എ. തയ്യാറാണ്. ഈ നാട്ടിലെ നാല്പതുകോടി ജനങ്ങളെ സേവിക്കാൻവേണ്ടി, വിദേശികളിൽനിന്നും അവരുടെ സ്വാതന്ത്ര്യം നേടിയെടുക്കാൻവേണ്ടി മുമ്പെന്നത്തെയുംപോലെ ഇന്നും ഐ. എൻ. എ. പ്രതിജ്ഞാബദ്ധമായിതന്നെ നിലകൊള്ളുന്നു. പക്ഷേ, ധൃതി പിടിച്ച, സുചിന്തിതമല്ലാത്ത ഏതുതരം പ്രവർത്തനങ്ങളും വിനാശകരമേ ആയിരിക്കുകയുള്ളൂ. അതുകൊണ്ട് ഈ നാട്ടിലെ യുവതലമുറയോട് അവരുടെ വിപ്ലവജ്വാല പൊലിഞ്ഞുപോകാതെ ഹൃദയത്തിൽ സൂക്ഷിക്കാനും, സംഘടിതശ്രമങ്ങളിലൂടെ അതു വളർത്തിയെടുക്കാനും ഞാനഭ്യർത്ഥിക്കുന്നു.

# 6

## ("ലഫ്ടനൻറ് നെല്ലിക്ക അച്യുതൻ— നരകഗർത്തത്തിൽനിന്നുള്ള തിരിച്ചുവരവ്" എന്ന തലക്കെട്ടിൽ ഗ്രന്ഥകാരൻെറ പടത്തോടൊപ്പം 'ഫോറം' വാരിക (14-7-46) പ്രസിദ്ധീകരിച്ച ലേഖനം)

ഐ. എൻ. എ. ക്കാരനും കേരള, ഐ. എൻ. എ. റിലീഫ് കമ്മററിയുടെ സിക്രട്ടരിയുമായ ലഫ്ററനൻറ് നെല്ലിക്ക അച്യുതനു് രസകരവും വീരോചിതവുമായ ധാരാളം അനുഭവകഥകൾ പറയാനുണ്ടു്.

1945 ഏപ്രിൽ 19ന്നു് മാഗൈ്വയിൽ ഐരാവതീ നദിയുടെ കരകളിൽവെച്ച്, അദ്ദേഹം തൻെറ ആൾക്കാരോടൊപ്പം ഒരു ടാങ്കുവിഭാഗത്തിനാൽ ആക്രമിക്കപ്പെട്ടു. പ്രതിരോധസന്നാഹങ്ങൾ പരിമിതമായതുകാരണം പിൻവാങ്ങാൻ തീരുമാനിച്ചു. പിന്മാററം നടന്നുകൊണ്ടിരിക്കെ, ലഫ്. അച്യുതനെ ഒരു ബ്രിട്ടീഷ് പട്ടാളക്കാരൻ ആക്രമിച്ച് വെടിവെച്ചു. പക്ഷേ അദ്ദേഹം നിസ്സാരമായ പരുക്കുകളോടെ സമർത്ഥമായി രക്ഷപ്പെട്ടു. ഒരാഴ്ചക്കുശേഷം, വീണ്ടും ഒരു ഗൂർഖയിൽനിന്നും വഴുതിമാറി. അങ്ങനെ ഒരിക്കൽക്കൂടി മരണത്തിൻെറ കടിവായിൽനിന്നു് രക്ഷപ്പെട്ടു. പക്ഷേ, ചില ഐ. എൻ. എ.ക്കാർതന്നെ യൂദാസിനെപ്പോലെ അദ്ദേഹത്തെ ഒററിക്കൊടുക്കുകയും

അദ്ദേഹം തടവുകാരനാക്കപ്പെടുകയും ചെയ്തു. (ലജ്ജ യോടും കുററബോധത്തോടും കൂടിയാണ് അദ്ദേഹം അവരെപ്പററി പറയുന്നതു്.) ഒരു സാധാരണ യുദ്ധ ത്തടവുകാരനോടുള്ള പെരുമാററം അദ്ദേഹത്തിന്നു് ഒരി ക്കലും ലഭിച്ചില്ല. ഒരു ബ്രിട്ടീഷ് മേജർ അദ്ദേഹ ത്തിൻെറ ഒരു സ്വർണ്ണമോതിരമടക്കം എല്ലാം സ്വന്ത മാക്കി; യാതൊരു വസ്ത്രവുമില്ലാതെ രാവുപകൽ വെറും സിമൻറു തറയിൽ ചങ്ങലക്കിട്ടു പൂട്ടി. അതിന്നു ശേഷം, മിൻഗ്യാൻ ലോക്കപ്പിൽ ബമ്മക്കാരായ ക്രിമിനൽ പുള്ളികളുടെകൂടെ ഒരുചെറിയ ഇരുട്ടറയിൽ പാർപ്പിച്ചു. കേസ്സ് വാദിക്കാനുള്ള സൗകര്യം അനു വദിക്കാൻ കൂട്ടാക്കാത്ത ഒരു സിവിൽ ജഡ്ജിയുടെ മുമ്പാകെ, മൂന്നു ദിവസങ്ങൾക്കു ശേഷം ഹാജരാക്ക പ്പെട്ടു. സിവിൽനിയമം ലംഘിക്കാത്ത ഒരു പട്ടാള ക്കാരനെ സിവിൽ കോടതിയിൽ വിചാരണ ചെയ്യു ന്നത് അന്താരാഷ്ട്രീയനിയമങ്ങൾക്ക് നിരക്കുന്നത ല്ലെന്നു് അച്യുതൻ വാദിച്ചെങ്കിലും അധികൃതർ അ തൊന്നും ചെവിക്കൊണ്ടില്ല. ഒടുവിൽ, ജഡ്ജി (ഒരു ബമ്മക്കാരിയെ വിവാഹം കഴിച്ച ഇന്ത്യക്കാരനായ കെ. സി. സിംഗ്) അദ്ദേഹത്തെ കൊലപാതകത്തി നും കൊലക്ക് പ്രേരണ നൽകിയതിന്നും എന്നുവേണ്ട സൂര്യന്നു ചുവട്ടിലുള്ള എല്ലാ കുററങ്ങൾക്കുമായി വധ ശിക്ഷക്കു വിധിച്ചു. പക്ഷേ, അന്നത്തെ ചീഫ് സിവിൽ അഫ്‌യേഴ്‌സ് ആഫീസർ മേജർ ജനറൽ പിയേഴ്‌സ് അപ്പീൽ അനുവദിക്കുകയും വധശിക്ഷ നിത്തലാക്കാൻ കമ്പിവഴി നിർദ്ദേശം നൽകുകയും

ചെയ്തു. അപ്പീലിലും കുററമെല്ലാം സ്ഥിരീകരിക്കപ്പെട്ടെങ്കിലും ഒടുവിൽ ദയാധികാരം ഉപയോഗിച്ച് വിട്ടയക്കുകയുമാണുണ്ടായതു്. അങ്ങനെ മരണത്തിൻെറ വായിൽനിന്നും രക്ഷപ്പെട്ട ഈ ഐ. എൻ. എ. വീരൻ, ഇംഫാലിലേയും കൊഹീമയിലേയും വനാന്തരങ്ങളിലൂടെ കാൽനടയായി സ്വരാജ്യത്തേക്കു് — ഇന്ത്യയിലേക്കു് — വന്നു.

[ മററു് ഇംഗ്ലീഷ് പത്രങ്ങളും വിവിധ പ്രാദേശികപത്രങ്ങളും ഗ്രന്ഥകാരനെപ്പററി ധാരാളം ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ചില സിംഗപ്പൂർ പത്രങ്ങളിലും അത്തരം ലേഖനങ്ങൾ പ്രത്യക്ഷപ്പെടുകയുണ്ടായി. അവയെല്ലാം, ആശയപരമായി മുകളിൽച്ചേർത്ത ലേഖനത്തിൻെറ ആവർത്തനമായതുകൊണ്ടു് ഉദ്ധരിക്കാതെ വിടുന്നു. ]

ജയ് ഹിന്ദ്

മേസ്റ്റോട്ട് പ്രസ്സ്, കോഴിക്കോട്.

**KOTTAYAM PUBLIC LIBRARY**

KOTTAYAM

Cl. No. M07 Acc. No. 52574

This book should be returned on or before the date last stamped below.

16 MAR 1985
8 AUG 1989
19 AUG 1989
6 OCT 1989
24 AUG 1990

If the book is not returned on due date a fine of 5 Ps. (Five, per day will be charged.

M07 52574

അച്യുതൻ നെല്ലിക്ക (പ്രഷ്ണന്റ്)
ഐ. എൽ. എ. യും ഞാനും